*(ഫിഷറീസ്–സാംസ്കാരിക മന്ത്രി, കേരള സർക്കാർ)*

പ്രിയ പിതാവിന്റെ വേർപാടിലുള്ള അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.



**കെ.എൻ.ബാലഗോപാൽ**

*(ധനകാര്യവകുപ്പ് മന്ത്രി, കേരള സർക്കാർ)*

ബഹുമാന്യനും ആദരണീയനുമായ പവ്വത്തിൽ പിതാവിന്റെ മഹനീയ ജീവിതം കേരളത്തിനു മാതൃകയായിരുന്നു. അദ്ദേഹവുമായുള്ള ബന്ധവും പരിചയവും അദ്ദേഹത്തിന്റെ സ്നേഹവും വളരെ ഹൃദയപൂർവം സ്മരിക്കുന്നു. നാടിന്റെ ദുഃഖത്തിൽ പങ്കുചേരുന്നു.



**DR. SHASHI THAROOR MP**

*(CONSTITUENCY OF TRIVANDRUM)*

My profound condolences in the passing of His Grace Mar Joseph Powathil, a gaint of the Church, the Crown of the Church, who did so much to revive its ancient traditions and left a profound impact in his 92 years. May his soul rest in peace



**കൊടികുന്നേൽ സുരേഷ് MP**

*(മാവേലിക്കര നിയോജകമണ്ഡലം)*

കാലം ചെയ്ത അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ സ്മരണയ്ക്കു മുന്നിൽ ബാഷ്പാഞ്ജലികൾ അർപ്പിക്കുന്നു.



**JOSE K. MANI MP**

(CHAIRMAN, KERALA CONGRESS M )

The demise of His Excellency Archbishop Powathil is a loss to our society and Kerala as whole. My heartfelt condolences. May God bless his soul.



**തോമസ് ചാഴികാടൻ MP**

*(കോട്ടയം നിയോജകമണ്ഡലം)*

കേരള കത്തോലിക്കാസഭയ്ക്കും കേരളസമൂഹത്തിനാകെയും ധീരമായ നേതൃത്വം നൽകിയ അഭിവന്ദ്യ ജോസഫ് പവ്വത്തിൽ പിതാവിനു പ്രണാമം.



### കെ.സി. വേണുഗോപാൽ MP

*(എഐസിസി ജനറൽ സെക്രട്ടറി)*

പവ്വത്തിൽ തിരുമേനിയുടെ വിയോഗം കേരളത്തിന്റെ ആദ്ധ്യാത്മിക സാമൂഹ്യജീവിതത്തിൽ ഏറ്റവും വലിയ വിടവാണ് ഉണ്ടാക്കിയിരിക്കുന്നത്. അദ്ദേഹത്തിന് എന്റെ ആദരാഞ്ജലികൾ നേരുന്നു.



### ആന്റോ ആന്റണി MP

*(പത്തനംതിട്ട നിയോജകമണ്ഡലം)*

വിശ്വാസതീക്ഷ്ണതയിൽ ജ്വലിച്ചുനിന്ന സമൂഹത്തിനു നേതൃത്വം നൽകിയ യുഗപുരുഷനായിരുന്നു അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ്. നിലപാടുകളുടെ ചക്രവർത്തിയായിരുന്നു പിതാവ്. വിദ്യാഭ്യാസ അവകാശങ്ങളുടെ മുന്നണി പോരാളിയും എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ നായകനുമായിരുന്നു പിതാവ്. ഇന്റർ ചർച്ച് കൗൺസിലിന്റെ പ്രസിഡന്റ് എന്നനിലയിൽ ക്രൈസ്തവസമൂഹത്തിനു നൽകിയ നേതൃത്വം എത്രയോ മഹത്തരമായിരുന്നു. ഒട്ടേറെ മാതൃകകൾ നമുക്കു നൽകി വിടവാങ്ങുന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന് ആദരാഞ്ജലികൾ.



### A. N. SHAMSEER

*(SPEAKER, KERALA LEGISLATIVE ASSEMBLY)*

I express my deep condolence to Archbishop Joseph Powathil on behalf of Kerala Legislative Assembly.



### ചിറ്റയം ഗോപകുമാർ

*(ഡെപ്യൂട്ടി സ്പീക്കർ, കേരള നിയമസഭ)*

അഭിവന്ദ്യ തിരുമേനി സഭയുടെ ആത്മീയ ചൈതന്യമായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ നിരവധി സംഭാവനകൾ നൽകിയ വ്യക്തിയായിരുന്നു അദ്ദേഹം. സമൂഹത്തിന്റെയാകെ നന്മയ്ക്കായി പ്രവർത്തിച്ച മഹാത്മാവിനു നിത്യശാന്തി നേരുന്നു.



### എൻ. ജയരാജ്

*(ചീഫ് വിപ്പ്, കേരള സർക്കാർ)*

ധന്യവും സഫലവുമായ ജീവിതംകൊണ്ട് സഭയെയും സമൂഹത്തെയും നയിച്ച അഭിവന്ദ്യ പിതാവിനു പ്രണാമം. പുത്രനിർവിശേഷമായ സ്നേഹം എനിക്കെന്നും നൽകിയിട്ടുള്ള ധന്യാത്മാവേ അങ്ങേയ്ക്ക് എന്റെ ഹൃദയത്തിന്റെ പ്രണാമം.



### വി.ഡി. സതീശൻ

*(പ്രതിപക്ഷനേതാവ്, കേരള നിയമസഭ)*

അചഞ്ചലമായ ദൈവവിശ്വാസത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് ആത്മീയമായ ശക്തി കൈവരിച്ച് ഭൗതികകാര്യങ്ങളിൽ വിസ്മയം കാട്ടിയ അഭിവന്ദ്യ തിരുമേനിക്ക് എല്ലാ ആദരവുകളും അർപ്പിക്കുന്നു.





**പി.കെ. കുഞ്ഞാലിക്കുട്ടി MLA**

*(ഉപപ്രതിപക്ഷ നേതാവ്, കേരള നിയമസഭ)*

പിതാവിന്റെ വേർപാട് ഉണ്ടാക്കിയിരിക്കുന്നത് നികത്താനാവാത്ത നഷ്ടമാണ്. ഞാൻ പണ്ട് പിതാവിനെ കാണാൻ കൂടെക്കൂടെ വരാറുണ്ടായിരുന്നു. അപ്പോഴൊക്കെ യുള്ള സംഭാഷണങ്ങളെല്ലാം സൗഹൃദപരമായിരുന്നു. അവയിലെ വിഷയങ്ങളെല്ലാം നാടിനും പാവപ്പെട്ടവർക്കും വേണ്ടിയുള്ളതായിരുന്നു.



**അഡ്വ. ജോബ് മൈക്കിൾ MLA**

*(ചങ്ങനാശേരി നിയോജകമണ്ഡലം)*

അഭിവന്ദ്യനായ മാർ ജോസഫ് പവ്വത്തിൽ പിതാവ് എനിക്ക് എന്നും അനുഗ്രഹം ചൊരിയുന്ന എന്റെ ഗുരുനാഥനായിരുന്നു. എന്നെ കൈപിടിച്ചു നടത്തുവാൻ എന്നെ നേർവഴിക്കു നയിക്കുവാൻ പിതാവിന്റെ വാക്കുകളും പ്രവർത്തികളും എനിക്ക് അനുഗ്രഹമായി.



**രമേശ് ചെന്നിത്തല MLA**

*(ഹരിപ്പാട് നിയോജകമണ്ഡലം)*

എന്നും എനിക്ക് സ്നേഹവാത്സല്യങ്ങൾ നൽകി അനുഗ്രഹിച്ച പവ്വത്തിൽ പിതാവ് ഓർമയായി. കാലം ചെയ്ത പിതാവ് ജനാധിപത്യ മതേതരവിശ്വാസികൾക്കു കരു ത്തായിരുന്നു. എനിക്ക് എന്നും മാർഗദർശനം നൽകിയിരുന്നു. പിതാവിന്റെ വേർപാട് വ്യക്തി പരമായി ഒരു നഷ്ടംകൂടിയാണ്. ആഗോളസഭയുടെ കരുത്തായിരുന്ന പവ്വത്തിൽ പിതാവിന്റെ ഓർമകൾക്കു മുമ്പിൽ ആദരാഞ്ജലികൾ.



**പി.ജെ. ജോസഫ് MLA**

*(തൊടുപുഴ നിയോജകമണ്ഡലം)*

ഏവർക്കും പ്രചോദനം നൽകിയ പിതാവ് വിരമിച്ചതിനു ശേഷവും എല്ലാ കാര്യ ങ്ങളിലും സജീവമായി ഇടപെട്ടത് നന്ദിയോടെ ഓർക്കുന്നു.



**മാത്യു ടി. തോമസ് MLA**

*(തിരുവല്ല നിയോജകമണ്ഡലം)*

അഭിവന്ദ്യ പിതാവിന്റെ വേർപാടിൽ എന്റെയും ഞാൻ പ്രതിനിധാനം ചെയ്യുന്ന തിരുവല്ലയുടെയും എന്റെ രാഷ്ട്രീയപ്രസ്ഥാനമായ ജനതാദൾ (എസ്സ്) സംസ്ഥാന കമ്മിറ്റിയുടെയും അനുശോചനം അറിയിക്കുന്നു. ഈ ധന്യജീവിതം എന്നും നമുക്കു മാർഗ ദീപമാകട്ടെയെന്നു പ്രാർത്ഥിക്കുന്നു.



**കടന്നപ്പള്ളി രാമചന്ദ്രൻ MLA**

*(കണ്ണൂർ നിയോജകമണ്ഡലം)*

അഭിവന്ദ്യനായ പിതാവിന്റെ ദേഹവിയോഗം സമൂഹത്തിനാകമാനം തീരാനഷ്ട മാണ്. പൗരോഹിത്യജീവിതത്തിനൊപ്പം ഉത്കൃഷ്ടമായ ആത്മീയഗുണങ്ങളിലൂടെ സമർപ്പിതജീവിതം, കാരുണ്യപ്രവർത്തനങ്ങൾ, സർവമതസാഹോദര്യം എന്നിവയെല്ലാം സമന്വ യിപ്പിച്ച ഈ മഹിതവ്യക്തിത്വത്തിന്റെ നഷ്ടം വിവരിക്കാനാവാത്തതാണ്. കർത്താവിന്റെ വിളി കേട്ടു സന്നിധിയിലേയ്ക്കു യാത്രപോയ പിതാവിന്റെ പ്രോജ്വലമായ ചുവടടികളിൽ ആദര വർപ്പിക്കുന്നു.



**തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA**

*(കോട്ടയം നിയോജകമണ്ഡലം)*

അഭിവന്ദ്യ പിതാവിനെ അതിദീർഘകാലമായി വ്യക്തിപരമായ ബന്ധമുണ്ട്. ശക്തമായ കാഴ്ചപ്പാടും നിലപാടും ജനാധിപത്യകേരളം മറക്കില്ല. പിതാവ് എനിക്കു ഗുരുവും വഴികാട്ടിയുമായിരുന്നു. എന്റെ പ്രാർത്ഥനകൾ നേരുന്നു.



**പി.കെ. ജയശ്രീ IAS**

*(കളക്ടർ, കോട്ടയം ജില്ല)*

സമുദായസൗഹാർദത്തിനു മുൻഗണന നൽകി തന്റെ ആത്മീയചിന്തകളെ സമൂഹക്ഷേമത്തിനായി വിനിയോഗിച്ച മഹദ് വ്യക്തിത്വം. ആർച്ചുബിഷപ് മാർ പവ്വത്തിൽ പിതാവിന്റെ ഓർമയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



**ജസ്റ്റിസ് സിറിയക് ജോസഫ്**

*(ലോക് ആയുക്ത, കേരള)*

എന്റെ അഭിവന്ദ്യ ഗുരുനാഥനും വാർഡനും ആത്മീയഗുരുവുമായിരുന്ന പവ്വത്തിൽ പിതാവിനു സ്നേഹാർദ്രമായ അന്ത്യോപചാരം അർപ്പിക്കുന്നു.



**PROF. DR. SABU THOMAS**

*(VICE CHANCELLOR, MG UNIVERSITY, KOTTAYAM)*

Both Malayalam University and Mahatma Gandhi University offer heartfelt condolences. I have a long interaction with Mar Powathil. I am deeply touched by his scholastic thinking, critical thinking and initiatives. We all offer our heartfelt condolences.



**ടോമിൻ ജെ. തച്ചങ്കരി IPS**

*(സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ മേധാവി, കേരളം)*

എന്റെ ഏറ്റവും പ്രിയപ്പെട്ട പവ്വത്തിൽ പിതാവ്, എന്റെ ജീവിതത്തിൽ ഏറ്റവും സ്വാധീനിച്ചിട്ടുള്ള വൈദികശ്രേഷ്ഠൻ, ഈ വിയോഗം എന്നെ അനന്തമായി വേദനിപ്പിക്കുന്നു. എന്റെ പിതാവിന് ആദരാഞ്ജലികൾ.



**JUSTICE J.B. KOSHY**

*(CHAIRMAN, CHRISTIAN MINORITY COMMISSION)*

A great loss to Christians as a whole. He still pray in heaven for Church and all Christians.

**കെ. സുരേന്ദ്രൻ**

*(സംസ്ഥാന പ്രസിഡന്റ്, ബിജെപി)*



അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ ജീവിതം വരുംതലമുറയ്ക്കു മുഴുവൻ പ്രേരണദായകമാണ്. വിശ്വാസിസമൂഹത്തിനു തീരാനഷ്ടമാണ് ഈ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. കേരളം എന്നും അദ്ദേഹത്തോടു കടപ്പെട്ടിരിക്കും.





**കുമ്മനം രാജശേഖരൻ**

*(മുൻ ഗവർണർ, മിസോറാം)*

ജനങ്ങളെ സ്വന്തമെന്നു കരുതി ഒട്ടേറെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുക വഴി ഏവരുടെയും ഹൃദയത്തിൽ സ്ഥാനം ലഭിച്ച അഭിവന്ദ്യ പിതാവിനു സ്നേഹം നിറഞ്ഞ ആദരാഞ്ജലികൾ.



**വി.എം. സുധീരൻ**

*(മുൻമന്ത്രി, കേരള സർക്കാർ)*

ക്രൈസ്തവദർശനങ്ങളിൽ അഗാധമായ പാണ്ഡിത്യമുള്ള അഭിവന്ദ്യ പവ്വത്തിൽ പിതാവ് സഭാശുശ്രൂഷയോടൊപ്പം സമൂഹനന്മയ്ക്കുവേണ്ടി അതീവജാഗ്രതയോടെ നിലകൊണ്ടു. ധാർമികതയുടെ പ്രതീകമായിരുന്നു അഭിവന്ദ്യ പിതാവ്. അദ്ദേഹത്തെ പലപ്പോഴും കാണാനും സംസാരിക്കാനും അവസരമുണ്ടായത് തികഞ്ഞ കടപ്പാടോടെ ഓർക്കുന്നു. പ്രിയപ്പെട്ട പവ്വത്തിൽ പിതാവിന് എന്റെ സ്നേഹാദരവുകൾ അർപ്പിക്കുന്നു.



**റ്റി.എം. തോമസ് ഐസക്**

*(മുൻ ധനകാര്യ വകുപ്പ് മന്ത്രി, കേരള സർക്കാർ)*

എന്റെ സഹപ്രവർത്തനായ ഡോ.എ.വി. ജോസിന്റെ അധ്യാപകനും സുഹൃത്തും എന്നനിലയിലാണ് പവ്വത്തിൽ പിതാവുമായി അടുത്തിടപെടാൻ കഴിഞ്ഞത്. ഒട്ടേറെ ധന്യമായ ഓർമകൾ ആ ബന്ധത്തെക്കുറിച്ചും പിന്നീടുള്ള ഔദ്യോഗിക സന്ദർഭങ്ങളെക്കുറിച്ചും എന്നുമുണ്ടാകും. എന്റെ ആദരാഞ്ജലികൾ.



**M.A. BABY**

*(FORMER EDUCATION MINISTER, KERALA)*

The sad demise of former Archbishop Mar Joseph Powathil Thirumeni is a great loss for not only the Catholic Community, but for the whole Kerala Society. Notwithstanding certain ideological differences, I had a very warm personal relationship with this profound spiritual leader, my heartful tributes.



**P.C. THOMAS**

*(FORMER UNION MINISTER )*

Mar Powathil is a great legend. I had connection with him. He was my warden in St. Joseph's Hostel, SB College where I studied my BSc. My first speech in Loksabha I started with a quotation of Mar Powathil.



**അഡ്വ. ജോണി നെല്ലൂർ**

*(മുൻ എംഎൽഎ)*

ക്രൈസ്തവർക്കും കൃഷിക്കാർക്കും വലിയ ആശ്രയമായിരുന്ന പിതാവ് പാവപ്പെട്ടവരുടെ നാവായിരുന്നു. ന്യൂനപക്ഷ താത്പര്യങ്ങൾ സംരക്ഷിക്കാൻ പിതാവ് സ്വീകരിച്ച ഉറച്ചനിലപാടുകൾ എല്ലാവർക്കും മാതൃകയാക്കാവുന്നതാണ്. അനുശോചനവും പ്രണാമവും അർപ്പിക്കുന്നു.



**പി.സി. ജോർജ്**

*(മുൻ എംഎൽഎ)*

പിതാവിന്റെ ദേഹവിയോഗത്തിൽ അഗാധമായദുഃഖം രേഖപ്പെടുത്തുന്നു. ഭാരത കത്തോലിക്കാ സഭയ്ക്കു നേരായ മാർഗം കാണിച്ചുകൊടുത്ത പിതാവിന്റെ ദേഹ വിയോഗം വലിയ ഒരു വിടവാണ് സഭയ്ക്കു ഉണ്ടാക്കിയിരിക്കുന്നത്.



**ടി.കെ. ജോസ് IAS**

*(മുൻ അഡീഷണൽ ചീഫ് സെക്രട്ടറി)*

അഭിവന്ദ്യ പവ്വത്തിൽ പിതാവിന്റെ വിയോഗം കേരള കത്തോലിക്കാ സഭയ്ക്ക് ഏറ്റവും വലിയ നഷ്ടവും ദുഃഖകരവുമാണ്. അത്യുന്നതൻ ഈ പരിശുദ്ധ ആത്മാവിനെ തന്റെയൊപ്പം സ്വർഗത്തിലേയ്ക്ക് ആനയിക്കട്ടെ.



**പി.സി. സിറിയക് IAS**

*(മുൻ ചീഫ് സെക്രട്ടറി, തമിഴ്നാട്)*

അപാരമായ പാണ്ഡിത്യം, ആഴമായ ഭക്തി, ഏറ്റവും വലിയ എളിമ, ഇതിന്റെയെല്ലാം കേദാരമായിരുന്നു പവ്വത്തിൽ പിതാവ്. എന്നോട് കാണിച്ച പ്രത്യേക സ്നേഹവും പ്രോത്സാഹനവും നന്ദിപൂർവം ഓർമിക്കുന്നു. പുണ്യശ്ലോകനായ പിതാവിന് നിത്യ വിശ്രമം നേരുന്നു.



**ഡോ. സിറിയക് തോമസ്**

*(മുൻ വൈസ് ചാൻസിലർ, എംജി യൂണിവേഴ്സിറ്റി)*

അഭിവന്ദ്യ പവ്വത്തിൽ പിതാവ് കേരളസഭയിലും കേരളസമൂഹത്തിലും ചരിത്രം തിരുത്തുകയും ചരിത്രം സൃഷ്ടിക്കുകയും ചെയ്ത ആത്മീയ മഹാചാര്യനാണ്. പാണ്ഡിത്യംകൊണ്ടും യുക്തികൊണ്ടും ഭക്തികൊണ്ടും ഉറച്ചനിലപാടുകൾകൊണ്ടും പിതാവ് ഒപ്പം നിന്നവരുടെയും എതിർഭാഗത്തുനിന്നവരുടെയും ആദരവും വിശ്വാസവും ആർജിച്ചു വെന്നതാണ് പവ്വത്തിൽ പിതാവിനെ വ്യത്യസ്തനാക്കുന്നത്. സ്നേഹപ്രണാമം.



**ഡോ. ജാൻസി ജയിംസ്**

*(മുൻ വൈസ് ചാൻസിലർ, എംജി യൂണിവേഴ്സിറ്റി)*

പാണ്ഡിത്യവും ആത്മീയതയും ഹൃദയരക്തമായി ജീവിതാവസാനംവരെ വഹിച്ച ആ ദിവ്യാത്മാവ് എനിക്കെന്നും ഗുരുവും പ്രചോദനവും അനുഗ്രഹവുമായിരുന്നു. എല്ലാ പ്രാർത്ഥനകളും. ആത്മാവിനാദരാഞ്ജലികൾ.



**ഡോ. കെ.എസ്. രാധാകൃഷ്ണൻ**

*(മുൻ വൈസ് ചാൻസിലർ, സംസ്കൃത സർവകലാശാല കാലടി)*

പറഞ്ഞ വാക്കുകൾക്കു കാരിരുമ്പിന്റെ കരുത്ത്. ബോധ്യമുള്ള കാര്യങ്ങൾ പറയു കയും പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നിൽക്കുകയും ചെയ്ത മനീഷി, അനുഗ്രഹം വർഷിച്ച ആ ജീവിതം എന്നും നമ്മോടൊപ്പമുണ്ടാകും.





**ഫാ. സേവ്യർ കൂടപ്പുഴ**
*(ഫൗണ്ടർ സുപ്പീരിയർ, മാർത്തോമാ ശ്ലീഹാ ദയറാ നല്ലതണ്ണി)*

മാതൃസഭയുടെ ശ്ലൈഹികപൈതൃകം സംരക്ഷിക്കുന്നതിനും ആശ്രമജീവിതം വളർത്തിയെടുക്കുന്നതിനും സഹപ്രവർത്തകർ - ഒരുമിച്ച് സഹിച്ച് വിജയം കണ്ടെത്തിയവർ!



**ഡോ. സിബി മാത്യൂസ് IPS**
*(റിട്ട. ഡിജിപി)*

അഭിവന്ദ്യ പവ്വത്തിൽ പിതാവ് വലിയ ഇടയൻ, സീറോമലബാർ സമുദായത്തിന്റെ സമുന്നതനായ നേതാവ്, ധിഷണാശാലിയായ ഇടയൻ, അദ്ദേഹത്തിന്റെ ദീപ്ത സ്മരണകൾക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



**കെ.ജെ. തോമസ്**
*(ജനറൽ മാനേജർ, ദേശാഭിമാനി)*

പവ്വത്തിൽ പിതാവിന്റെ വേർപാടിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ആദർശശുദ്ധിയുടെ ആൾരൂപമായിരുന്നു പിതാവ്.



**FR. CHARLES PYNGOTT CMI**
*(HISTORIAN)*

May the Lord grant rest to the soul of beloved pithav.



**അഡ്വ. ബി. രാധാകൃഷ്ണ മേനോൻ**
*(ഡയറക്ടർ ബോർഡ് അംഗം, കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ്)*

മലയാളനാടിന്റെ ഐക്യത്തിനും സമൂഹത്തിന്റെ നന്മയ്ക്കുമായി പരിശ്രമിച്ച പിതാവിന് ആദരാഞ്ജലികൾ.



**ഗിരീഷ് കോനാട്ട്**
*(പ്രസിഡന്റ്, എസ്എൻഡിപി ചങ്ങനാശേരി താലൂക്ക്)*

കേരളത്തിന്റെ സാമൂഹിക - സാംസ്കാരിക - വിദ്യാഭ്യാസമണ്ഡലങ്ങളിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചുകൊണ്ട് ചങ്ങനാശേരിയുടെ മതസൗഹാർദം കാത്തുസൂക്ഷിക്കുന്നതിനു നേതൃത്വം വഹിച്ച മാർ ജോസഫ് പവ്വത്തിൽ പിതാവിന് ആദരാഞ്ജലികൾ നേർന്നുകൊള്ളുന്നു.

പിതാവിന്റെ വേർപാട് നമ്മുടെ നാടിന് ഒരു തീരാനഷ്ടം തന്നെയാണ്.

**എസ്. മുഹമ്മദ് ഫൗദ്** *(പ്രസിഡന്റ്, മുസ്ലിം ജമാഅത്ത്, ചങ്ങനാശേരി)*

ഒരു ജീവിതകാലം മുഴുവൻ മനുഷ്യന്റെ നന്മയ്ക്കുവേണ്ടി മാത്രം ജീവിച്ച ധന്യാത്മാവേ അങ്ങേക്കു പ്രണാമം. ആത്മാവിന്റെ നിത്യതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**സ്വാമി ഗീതാനന്ദ** *(ശുഭാനന്ദാശ്രമം, ചെറുകോൽ, മാവേലിക്കര)*

സർക്കുലർ

23 Ch. 284-365

# ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെയും ദൈവദാസി ഷന്താളമ്മയുടെയും ചരമവാർഷികദിനാചരണങ്ങൾ

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷാചരണ പരിസമാപ്തിയിലൂടെ നീങ്ങുന്ന ഈ അവസരത്തിൽ 'അവനോടൊപ്പം നമുക്കും പോകാം' *(യോഹ 11/16)* എന്നു പറഞ്ഞ ധീരനായ തോമസ് അപ്പസ്തോലൻ തന്നോടൊപ്പം സത്യത്തിന്റെയും ജീവന്റെയും വഴി തിരഞ്ഞെടുക്കാൻ ഏവരെയും പ്രേരിപ്പിക്കുന്ന ഈശോയുടെ വിശ്വസ്ത ശിഷ്യനാണ്.

മിശിഹായുടെ ഊർജസ്വലനായ ശിഷ്യന്റെ ജീവിതവഴികളെ സ്വന്തമാക്കി ജനലക്ഷങ്ങളുടെ ഹൃദയത്തിൽ ദിവ്യകാരുണ്യ ഭക്തി ആളിക്കത്തിച്ച വിശുദ്ധ കുർബാനയുടെ ഭക്തനും പ്രേഷിതനുമായിരുന്നു ചങ്ങനാശേരി രൂപതയുടെ പ്രഥമ മെത്രാനും ആരാധനാ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ കുര്യാളശ്ശേരി പിതാവ്.

രണ്ടുവർഷത്തെ കൊവിഡ് മഹാമാരിക്കു ശേഷമുള്ള അതിജീവനത്തിന്റെ പാതയിലാണ് ഇന്ന് ലോകജനത. വ്യക്തികളും കുടുംബങ്ങളും പലതരം പ്രതിസന്ധികളിൽ കൂടിയാണ് കടന്നുപോകുന്നത്.

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം കൂദാശകളിൽനിന്നും ദൈവാലയത്തിൽനിന്നും തിരുക്കർമങ്ങളിൽനിന്നുമൊക്കെ ഇന്നുവരെ കേട്ടിട്ടില്ലാത്തവിധം അകന്നുകഴിഞ്ഞിരുന്ന ഒരു കാലത്തിനുശേഷം വീണ്ടും കൂദാശകളോടും അൾത്താരയോടും അടുത്തുവരാനുള്ള ഒരു പരിശ്രമകാലം. 'ഒരുവന്റെയോ, ഒരു കുടുംബത്തിന്റെയോ, ഒരു സമുദായത്തിന്റെയോ, ഉയർച്ചയും അഭിവൃദ്ധിയും ദൈവികമായവയെ എത്രത്തോളം സ്തുത്യമായും കൃത്യമായും അന്വേഷിക്കുമോ അതിനനുസരണമായി മാത്രമേ ഉണ്ടാവുകയുള്ളൂവെന്നത് അവിതർക്കിതമത്രെ' (ഇടയലേഖനം നമ്പർ-1).

നവമാധ്യമങ്ങളുടെ സാന്നിധ്യം നമ്മുടെ യുവതലമുറയെയും കുട്ടിക ളെയും ആഴത്തിൽ സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ മാതാപിതാ ക്കൾ ഏറെ ജാഗ്രത പുലർത്തേണ്ടതുണ്ട്. മാധ്യമവഴികളിൽ മറഞ്ഞി രിക്കുന്ന തെറ്റുംശരിയും കെണികളും തിരിച്ചറിയാൻ, വിവേകപൂർവം അവ കൈകാര്യം ചെയ്യാൻ, മുതിർന്നവർ പ്രബോധനവും മാതൃകയും നൽകേണ്ടതുണ്ട്.

'കുടുംബങ്ങളുടെ മാത്രമല്ല, സമുദായത്തിന്റെയും സഭയുടെയും നിത്യഭാഗ്യാഭാഗ്യങ്ങൾ ആശ്രയിച്ചിരിക്കുന്ന കുട്ടികളുടെ നല്ല വളർത്ത ലിലും സന്മാർഗനിഷ്ഠയിലും നിങ്ങൾ എത്ര താല്പര്യം വയ്ക്കേണ്ടതും ഇവയിൽ നിങ്ങൾ എത്ര ജാഗരൂകന്മാരായിരിക്കേണ്ടതും ആകുന്നുവെന്നു ചിന്തിപ്പിൻ' (ഇടയലേഖനം നമ്പർ-28).

'മാതാപിതാക്കളുടെ ബഹുവിധങ്ങളായും ഗുരുതരങ്ങളായുമുള്ള കടമകളെല്ലാം മക്കളെ വളർത്തുകയെന്ന പ്രധാന കടമയിൽ അടങ്ങിയി രിക്കുന്നു. കുട്ടികളെ വളർത്തുകയെന്നത്, കുട്ടികൾ ഉത്തമ ക്രിസ്ത്യാനി കൾ എന്നനിലയിൽ എത്തുവോളം അവരെ നയിക്കുന്നതും, അവർ ദൈവനിശ്ചിതമായ ജീവിതോദ്ദേശ്യം സുലഭമായി പ്രാപിക്കത്തക്ക സ്ഥിതിയിൽ അവരെയാക്കുന്നതുമാകുന്നു' (ഇടയലേഖനം-28). പുതിയ തലമുറയ്ക്കു വിശ്വാസത്തിന്റെയും ധാർമികതയുടെയും ബോധ്യങ്ങൾ പകർന്നുകൊടുക്കുന്നതിലൂടെ മാതാപിതാക്കൾ തങ്ങളുടെ പ്രേഷിത ദൗത്യമാണ് നിർവഹിക്കുന്നത്. തങ്ങൾക്കു ലഭിച്ച ഏറ്റവും വലിയ സമ്പത്തു സുവിശേഷചൈതന്യമാണെന്നു മനസിലാക്കി അതുമക്കളു മായി പങ്കുവയ്ക്കാനും മാതാപിതാക്കൾ സന്നദ്ധരാകണം.

വിശ്വാസപ്രഘോഷണത്തിലും ധാർമികശിക്ഷണം നൽകുന്നതിലും മാധ്യമങ്ങൾക്കുള്ള പ്രാധാന്യം വിസ്മരിക്കാവുന്നതല്ല. പുതിയ തലമുറ നേർവഴിയിലൂടെ ചരിക്കാൻ സമയോചിതമായ മാർഗദർശനം അവർക്കു അനിവാര്യമാണ്. ജീവിതസാക്ഷ്യമില്ലാത്ത ബോധനം കുട്ടികളിൽ സ്വാധീനം ചെലുത്തില്ലായെന്ന ബോധ്യത്തിൽ വിശ്വാസാധിഷ്ഠിതമായ ജീവിതം നയിക്കാൻ മാതാപിതാക്കൾക്കു കടമയുണ്ടെന്ന കാര്യം ഓർ ത്തിരിക്കാം.

കുടുംബങ്ങളിലെ പ്രവർത്തനത്തിന്റെ വിജയത്തിനനുസരിച്ചായി രിക്കും ഭാവിതലമുറ രൂപം കൊള്ളുന്നത്. വരും തലമുറയുടെ ഭാഗ്യവും ക്ഷേമവും ഇന്നത്തെ കുട്ടികളുടെ നല്ല വളർത്തലിനെയും സന്മാർഗജീവിത ത്തെയും ആശ്രയിച്ചായിരിക്കുമെന്ന അഭിവന്ദ്യ കുര്യാളശ്ശേരി പിതാവിന്റെ ദീർഘവീക്ഷണം എത്ര കൃത്യമായിരുന്നുവെന്നതിനു കാലം സാക്ഷി.

ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ 98-ാം ചരമവാർഷികദിന മാണ് ജൂൺ 2. ഇതിന്റെ ഭാഗമായി മെയ് 26 മുതൽ ജൂൺ 2 വരെ

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ആഘോഷമായ വി. കുർബാന, വി. കുർബാനയുടെ ആരാധന, ശ്രാദ്ധം തുടങ്ങിയവയുണ്ടായിരിക്കും.

ആരാധന സന്യാസിനിസമൂഹത്തിന്റെ സഹസ്ഥാപകയും പ്രഥമാംഗവുമായ ദൈവദാസി മദർ മേരി ഫ്രാൻസിസ്ക ദ് ഷന്താളിന്റെ 51-ാം ചരമവാർഷികമാണ് മെയ് 25. ചെറുപ്പം മുതൽ ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തോടു ചെയ്യപ്പെടുന്ന നിന്ദാപമാനങ്ങൾക്കു പരിഹാരം ചെയ്യാൻ തീക്ഷ്ണമായി ആഗ്രഹിച്ച ഷന്താളമ്മ ഭിക്ഷയെടുത്തിട്ടാണെങ്കിലും ഈശോയുടെ ദിവ്യകാരുണ്യഹൃദയത്തെ നിരന്തരം ആരാധിക്കുന്ന ഒരു ഗണം കന്യകമാർ വസിക്കുന്ന 24 മഠങ്ങൾ സ്ഥാപിക്കാൻ ആഗ്രഹിച്ച വ്യക്തിയാണ്. ഒരു മണിക്കൂർ വീതം ഓരോ ഭവനത്തിലും ദിവ്യനാഥനെ ആരാധിച്ചാൽ ദിവസം മുഴുവനും ഈശോയെ ആരാധിക്കാൻ സാധിക്കുമല്ലോയെന്നു കരുതി അഭി. കുര്യാളശ്ശേരി പിതാവിനോടൊപ്പം പ്രവർത്തിച്ച പ്രേഷിതയായിരുന്നു ഷന്താളമ്മ.

സാധുക്കളോടുള്ള അനുകമ്പയും സ്നേഹവും സർവതും ദാനം ചെയ്യുന്നതിനു ഷന്താളമ്മയെ പ്രേരിപ്പിച്ചിരുന്നു. വി. കുർബാനയോടുള്ള ഭക്തി ജനഹൃദയങ്ങളിൽ ആഴപ്പെടുത്തി ലോകാതിർത്തികൾവരെ ഈ ദിവ്യകാരുണ്യ സ്നേഹാഗ്നി കത്തിപ്പടരുന്നതിനായി സഹനവും ത്യാഗവും ഏറ്റെടുത്തു വി. കുർബാനയോടു ചേർത്തുവച്ച് രാപകൽ അവിടുത്തെ സന്നിധിയിൽ കാരുണ്യത്തിന്റെ കാവൽക്കാരിയായിരുന്നു ഷന്താളമ്മ. പരാതികളില്ലാത്ത സഹനത്തിന്റെ അനസ്യൂത പ്രാർത്ഥനയുടെ, നിരുപാധിക ക്ഷമയുടെ, പകരം വയ്ക്കാനാകാത്ത പരിത്യാഗത്തിന്റെ ആൾരൂപമായ ഷന്താളമ്മ മിശിഹായുടെ അൾത്താരയിലെ പരിഹാര ബലിയിൽ പ്രസാദജനകമായ ബലിവസ്തുവായി തന്നെത്തന്നെ നിരന്തരം സമർപ്പിച്ചു. ഷന്താളമ്മയുടെ ചരമദിനമായ 25-ാം തീയതി 10 മണിക്ക് അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ ആഘോഷമായ വി. കുർബാനയും തുടർന്ന് നേർച്ചഭക്ഷണവുമുണ്ടായിരിക്കും.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**NB:** ***2023 മെയ് 21 ഞായറാഴ്ച*** *വി. കുർബാനമധ്യേ എല്ലാ പള്ളികളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.*

Ref: 3854/K-5/KCBC/OL/DS 05.04.2023

**കെ.സി.ബി.സി. ലേബർ കമ്മിഷൻ പുറപ്പെടുവിക്കുന്ന**

# 2023 മെയ്ദിന സന്ദേശം

ഈശോമിശിഹായിൽ ഏറ്റവും ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ ദൈവമക്കളേ,

ഏവർക്കും പിതാവായ ദൈവത്തിൽനിന്നും കർത്താവായ ഈശോമിശിഹായിൽനിന്നും പരിശുദ്ധാത്മാവിൽനിന്നും കൃപയും സമാധാനവും,

അദ്ധ്വാനത്തിന്റെ പ്രാധാന്യവും മഹത്വവും തൊഴിലാളികളുടെ അവകാശങ്ങളും കടമകളും ഓർമപ്പെടുത്തുന്ന മെയ്ദിനത്തിന്റെയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെയും ആശംസകൾ പ്രാർത്ഥനാപൂർവം എല്ലാവർക്കും നേരുന്നു.

1. ദൈവം മനുഷ്യനെ ഏല്പ്പിച്ച പ്രഥമ ഉത്തരവാദിത്വം ''നട്ടുനനയ്ക്കാനും വളർത്താനും'' ആണ് *(ഉല്പ. 2:15)*. 'എല്ലാം നല്ലതായിരിക്കുന്നുവെന്നു കണ്ടുവിലയിരുത്തിയതിനെ' കാത്തുപാലിക്കാനാണ് മനുഷ്യനോട് ആവശ്യപ്പെട്ടത്. ഈ പ്രപഞ്ചത്തിൽ ദൈവം ഒളിപ്പിച്ചുവച്ചിരിക്കുന്ന അത്ഭുതങ്ങളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തി മനോഹരമാക്കുന്നതിനായി ദൈവഹിതാനുസരണം മനുഷ്യർ ഏർപ്പെടുന്ന പ്രവൃത്തിയാണല്ലോ തൊഴിൽ. അതു ദൈവം നടത്തുന്ന സൃഷ്ടികർമത്തിലും രക്ഷാകരകർമത്തിലുമുള്ള ഒരുവ്യക്തിയുടെ പങ്കുചേരലാണ് *(സഭയുടെ സാമൂഹികപ്രബോധനം 263)*.

2. തൊഴിലിടങ്ങളുടെ വിശുദ്ധിയിൽനിന്നാണ് സംസ്കാരങ്ങളും ആരാധനാരീതികളും രൂപപ്പെട്ടത്. ഉപജീവനത്തിനുള്ളത് പ്രകൃതിയിൽനിന്നും കണ്ടെത്തി ജീവിതം തുടങ്ങിയ മനുഷ്യൻ, കരുതലിന്റെ ചിന്തയിലേക്കു വന്നപ്പോഴാണ് തൊഴിലിനു പ്രാധാന്യം കൈവന്നത്. ലാഭം നേടാനുള്ള മനുഷ്യന്റെ അദമ്യമായ ആഗ്രഹമാണ് തൊഴിലിടങ്ങളിലെ സമത്വഭാവം നഷ്ടമാക്കിയതും, ഇന്നു നഷ്ടമാക്കുന്നതും.

3. ഇന്നത്തെ തൊഴിൽമേഖലയെക്കുറിച്ചുള്ള ചില നിരീക്ഷണങ്ങളും നാം സ്വീകരിക്കേണ്ട സമീപനങ്ങളെ സംബന്ധിച്ച ചിന്തകളുമാണ് താഴെ ചേർത്തിരിക്കുന്നത്. കൊവിഡ് മഹാമാരി ഒരു പുതിയ സാമൂഹിക-സാമ്പത്തികക്രമത്തിനു രൂപം നൽകിയെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. 'ഓക്സ്ഫാം' എന്ന അന്താരാഷ്ട്ര സംഘടനയുടെ കണ്ടെത്തലുകൾ ഏറെ പ്രസക്തമാണ്. 2023 ജനുവരിയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ റിപ്പോർട്ടുപ്രകാരം കൊവിഡുകാലത്തിൽ ഇന്ത്യയിലെ ദരിദ്രരുടെ എണ്ണം 19 കോടിയിൽ നിന്നും 35 കോടിയായി വർധിച്ചു.

അതേസമയം ശതകോടീശ്വരന്മാരുടെ എണ്ണം 102ൽ നിന്നും 166 ആയി വർധിക്കുകയുണ്ടായി. അടിത്തട്ടിലുള്ള 50% പേരുടെ പക്കൽ രാജ്യത്തെ സ്വത്തിന്റെ 3% മാത്രമുള്ളപ്പോൾ ജനസംഖ്യയിലെ ഒരു ശതമാനം മാത്രമുള്ള അതിസമ്പന്നരാണ് രാജ്യത്തെ സമ്പത്തിന്റെ 40 ശതമാനവും കൈവശമാക്കിയിരിക്കുന്നത്. ഇത് ഭരണഘടന വിഭാവനം ചെയ്യുന്ന നീതിക്കും സ്ഥിതിസമത്വത്തിനും എതിരാണ്. ഈ അനീതി തടയാനുള്ള ക്രിയാത്മക നടപടികൾ സർക്കാരുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

4. രാജ്യത്തെ നിലവിലുള്ള നിയമസംവിധാനങ്ങളിൽ കാലികമായ മാറ്റങ്ങൾ വരുത്തുമ്പോഴും പുരോഗമനപരമായ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോഴും ആ പ്രദേശങ്ങളിലെ മനുഷ്യരെയും ആവാസവ്യവസ്ഥകളെയും ബാധിക്കുന്നില്ല എന്നുമാത്രമല്ല, അവയെ സംരക്ഷിക്കുവാനും മനുഷ്യരുടെ ആശങ്കകൾ ദൂരീകരിക്കാനും വിവിധ സർക്കാരുകൾക്ക് ഉത്തരവാദിത്വവും ബാധ്യതയുമുണ്ട്. നീതിക്കുവേണ്ടി ശബ്ദിക്കുന്ന പാവപ്പെട്ടവരെയും അവർക്കു പിന്തുണ നൽകുന്നവരെയും ദേശവിരുദ്ധരും വികസനവിരോധികളും വിഭാഗീയത വളർത്തുന്നവരുമായി ചിത്രീകരിക്കാൻ അധികാരികളും ഉദ്യോഗസ്ഥവൃന്ദവും മാധ്യമങ്ങളും ചേർന്നു നടത്തുന്ന പ്രവർത്തനങ്ങൾ വളരെ സുവ്യക്തമാണ്. വികസനത്തിന്റെ ഗുണഭോക്താക്കളായി മാറാൻ തദ്ദേശവാസികൾ ഉൾപ്പെടെയുള്ള എല്ലാവർക്കും അവസരമുണ്ടാകത്തക്കവിധത്തിൽ മാത്രമേ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ പാടുള്ളൂ.

5. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയായിട്ടായിരുന്നു കേരളത്തിലെ അസംഘടിത തൊഴിലാളിക്ഷേമനിധികൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഈ അടുത്തകാലത്ത് അതിന്റെ പ്രവർത്തനങ്ങൾക്ക് ഇകഴ്ച സംഭവിച്ചിട്ടുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. പല ഓഫിസുകളിലും ആവശ്യത്തിനു ജീവനക്കാരില്ല. ഫണ്ട് ഇല്ലായെന്നപേരിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ അതിയായ കാലതാമസം നേരിടുന്നു, ക്ഷേമനിധിയിൽ അംഗങ്ങളായിചേർന്നു ഇരുപതും മുപ്പതും വർഷം വിഹിതമടച്ചു പ്രായപരിധി എത്തിയതിനെ തുടർന്നു വിരമിച്ചവർക്കു പെൻഷൻ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നു. ക്ഷേമനിധി ഫണ്ട് വകമാറ്റി ഉപയോഗിക്കുന്നത് ദരിദ്രന്റെ അന്നം കവർച്ച ചെയ്യുന്നതിനു തുല്യമാണ്. ക്ഷേമനിധി പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരെ സാമൂഹികസുരക്ഷാപെൻഷനൊപ്പം സംയോജിപ്പിച്ചത് അനുചിതമായ നടപടിയാണെന്നും പറയാതെ വയ്യ. അധികാരികൾക്കു തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ധാർമികമായ ചുമതലയുണ്ട്.

6. തൊഴിലാളിസൗഹൃദസംസ്ഥാനം എന്ന സൽപ്പേര് കേരളത്തിനു നഷ്ടപ്പെടുന്നുണ്ടോയെന്നു ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു. കടകൾ, ചെറിയ ഓഫിസുകൾ, മാർക്കറ്റിങ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ധാരാളം സ്ത്രീത്തൊഴിലാളികൾ ഉൾപ്പെടെ നിരവധിപേർ

ജോലിചെയ്തുവരുന്നുണ്ട്. കൂടുതൽ സമയം ജോലിചെയ്യേണ്ടിവരിക, കൃത്യമായി വേതനം ലഭിക്കാതിരിക്കുക, പി.എഫ്. ഉൾപ്പടെയുള്ള സാമൂഹികസുരക്ഷാപദ്ധതികൾ നിഷേധിക്കപ്പെടുക തുടങ്ങിയ പലതരം ചൂഷണങ്ങൾക്ക് ഈ വിഭാഗം ഇരയാകുന്നുണ്ട്. എന്നാൽ, ഈ വിഭാഗത്തിന്റെ അവകാശസംരക്ഷണത്തിനായി നിയമങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട അധികാരികളും സംരക്ഷകരാകേണ്ട ട്രെയ്ഡുയൂണിയനുകളും ശ്രദ്ധ ചെലുത്തുന്നതായി കാണുന്നില്ല.

7. ജോലിചെയ്യുന്നവർക്കു വേതനത്തിനു അവകാശമുണ്ട്. ഈ അവകാശം നിയമാനുസൃതം സംരക്ഷിക്കപ്പെട്ടിട്ടുള്ളതാണ്. ''കൂലിക്കാരനു വേതനം നല്കാൻ പിറ്റേന്നു രാവിലെവരെ കാത്തിരിക്കരുത്'' *(ലേവ്യ. 19:13)* എന്നാണ് വിശുദ്ധഗ്രന്ഥം പറയുന്നത്. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽപോലും ഈ നിയമങ്ങൾ പാലിക്കപ്പെടുന്നില്ലായെന്നതു ഖേദകരമാണ്. 'മൂലധനത്തെക്കാളും മെഷിനറിയെക്കാളും പ്രാധാന്യം മനുഷ്യർക്കാണ്' എന്ന് സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നു *(LAUDATO SI' 128)*. ചില വിഭാഗം തൊഴിലാളികളുടെയിടയിൽ രൂപപ്പെട്ടിട്ടുള്ള തെറ്റായ പ്രവണതകളും തിരുത്തേണ്ടതായിട്ടുണ്ട്. നിയമംമൂലം നിർത്തലാക്കിയിട്ടും നോക്കുകൂലി പുതിയരൂപത്തിൽ അവതരിപ്പിക്കപ്പെടുന്നു. തൊഴിലാളികളുടെ ശബ്ദമാകേണ്ട സംഘടനകൾ തൊഴിൽ നിഷേധിക്കുന്ന ശക്തികളായി മാറുകയും കയ്യൂക്കിന്റെ ബലത്തിൽ സ്ഥാപനങ്ങൾ പൂട്ടിക്കുകയും ചെയ്യുന്നു. ഇത്തരം അനാശാസ്യ നടപടികൾ പൂർണമായും ഇല്ലാതാക്കേണ്ടിയിരിക്കുന്നു.

8. കേരളത്തിൽനിന്നും ലക്ഷക്കണക്കിനുപേരാണ് ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രവാസികളായി ജോലി ചെയ്യുന്നത്. യുവജനകുടിയേറ്റം ഇപ്പോൾ അതിതീവ്രമാണ്. ഇതിന്റെ കാരണങ്ങൾ സർക്കാരുകൾ വിലയിരുത്തേണ്ടതാണ്. പ്രവാസികൾ നാട്ടിലേക്കയച്ച ധനമാണ് കേരളത്തിന്റെ വികസനത്തിനു അടിത്തറയിട്ടതെന്ന കാര്യം വിസ്മരിക്കരുത്. പ്രവാസികളുടെ വിയർപ്പിന്റെ ഫലമാണ് കേരള വികസന മൂലധനമായി ഇന്നും നിലനില്ക്കുന്നത്. ആയതിനാൽ പ്രവാസിക്ഷേമം ഉറപ്പുവരുത്തേണ്ടതു സർക്കാരിന്റെ കടമയാണ്. അതുപോലെതന്നെ അയൽസംസ്ഥാനങ്ങളിൽനിന്നും അനേകംപേർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്. അതിഥി തൊഴിലാളികൾ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഇവർ 30 ലക്ഷത്തോളം വരുമെന്നാണ് കണക്ക്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഈ തൊഴിലാളികളുടെ ഭാഗഭാഗിത്വം വേണ്ടവിധത്തിൽ പരിഗണിക്കപ്പെടുന്നില്ല. പലപ്പോഴും അവഗണനയും വിവേചനവും ചൂഷണവും ഇവർ നേരിട്ടുകൊണ്ടിരിക്കുകയാണ്. ''പ്രവാസികളെയും അഭയാർത്ഥികളെയും ചേർത്തുപിടിച്ചുകൊണ്ട് ഭാവിലോകത്തെ നിർമിക്കാനാണ്'' ഫ്രാൻസിസ് പാപ്പ 2022 ലെ പ്രവാസിദിനസന്ദേശത്തിൽ ആഹ്വാനം നല്കിയത്. കേരളത്തിൽ തൊഴിലെടുക്കുന്ന അയൽസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ രൂപതകളുടെയും സന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിൽ ആവിഷ്കരിക്കുന്നത് ഉചിതമാണ്.

9. കെ.സി.ബി.സി. തൊഴിൽകാര്യ-പ്രവാസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന കേരള ലേബർ മൂവുമെന്റ്, അസംഘടിതതൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനും പ്രാധാന്യം നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. സി.ബി.സി.ഐ. ലേബർ കമ്മിഷന്റെ നേതൃത്വത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരളഘടകമാണ് കെ.എൽ.എം. തൊഴിലാളികളുടെ സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അവരെ നേതൃത്വത്തിലേക്ക് ഉയർത്താനും തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുവാനും സാമ്പത്തിക അച്ചടക്കത്തിനാവശ്യമായ കാര്യങ്ങൾ നടപ്പിലാക്കാനും തൊഴിലവകാശങ്ങൾ സംരക്ഷിച്ചു കിട്ടാനും ശ്രമിക്കുന്നു. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് കെ.സി.ബി.സി. പ്രാബല്യത്തിലാക്കിയിട്ടുള്ള 'പീപ്പിൾ മാനേജുമെന്റ്പോളിസി' നടപ്പിലാക്കാൻവേണ്ട പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ കെ.എൽ.എം. നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് (*CIC 1286 & CCEO 1030*). കേരളത്തിൽ തൊഴിൽചെയ്യുന്ന പ്രവാസി തൊഴിലാളിസംഘാടന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും ആവശ്യമായ പിന്തുണ ഉറപ്പാക്കാനും കെ.എൽ.എം. ശ്രദ്ധിക്കുന്നുണ്ട്.

10. കെ.എൽ.എം.ന്റെ യൂണിറ്റുകൾ എല്ലാ ഇടവകകളിലും സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എല്ലാ രൂപതകളിലും ഫൊറോന ആസ്ഥാനങ്ങളിലും സാധിക്കുന്ന ഇടവകകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളിക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കണം. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളിസംഗമങ്ങൾ, പ്രത്യേക വി. കുർബാനകൾ എന്നിവ നടത്തുന്നത് ഉചിതമാണ്.

11. സഭയുടെ തൊഴിൽകാര്യപ്രവർത്തനങ്ങളോടു സർവാത്മന സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. എല്ലാ തൊഴിലാളികളെയും ദൈവം പ്രത്യേകമായി അനുഗ്രഹിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

**ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ)

**ബിഷപ് ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ)

**ബിഷപ് ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ)

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി 682025

---

**NB:** ***2023 ഏപ്രിൽ 30** ഞായറാഴ്ച വായിക്കാൻ നല്കപ്പെട്ട സർക്കുലർ.*




## I

## 137-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം മുഹമ്മ ഫൊറോനയുടെ നേതൃത്വത്തിൽ സെന്റ് ജോർജ് ഫൊറോനാപള്ളി മാർ ജോസഫ് പവ്വത്തിൽ നഗറിൽ മെയ് 20 ന് രാവിലെ 09.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 01.30 ന് സമാപിക്കത്തക്കരീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്.

***പങ്കെടുക്കേണ്ടവർ:*** അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയേഴ്സ്, വൈദികാർത്ഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തു കൈക്കാരൻ, ഇടവകയിൽ നിന്നുള്ള മറ്റ് 2 പ്രതിനിധികൾ (ഒരാൾ വനിത ആയിരിക്കണം). കൂടാതെ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ.

## II

## സ്വർഗാരോഹണ തിരുനാൾ

2023 മെയ് 18 വ്യാഴാഴ്ച ആചരിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ കടമുള്ള ദിവസമാകയാൽ (Holy Day of Obligation) വിശ്വാസികൾ സംബന്ധിക്കത്തക്കവിധം ഇടവകകളിൽ അന്നേദിവസം വി. കുർബാനയുടെ സമയം ക്രമീകരിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## III

## ദിവ്യകാരുണ്യ കോൺഗ്രസ്

'സഭ കുർബാനയിൽനിന്നു ജീവൻ സ്വീകരിക്കുന്നു' എന്ന യാഥാർത്ഥ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളസഭാനവീകരണത്തിന്റെ ഭാഗമായി 2023 ഡിസംബർ 1, 2, 3 തീയതികളിൽ ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം നാഷണൽ ഷ്റൈൻ ബസി

ലിക്ക ഓഫ് ഔർ ലേഡി ഓഫ് റാൻസം ആയിരിക്കും സമ്മേളനവേദി. 'നാഥാ, ഞങ്ങളോടൊത്തു വസിച്ചാലും' *(ലൂക്കാ 24:29)* എന്ന ആപ്ത വാക്യമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്.

ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്കു വിഷയത്തെ സംബന്ധിച്ചു കൃത്യമായ അറിവും പരിശീലനവും നല്കുന്നതിനായി ഒരു റിസോഴ്സ് ടീമിനു രൂപംകൊടുക്കുന്നു. തൃക്കാക്കര CST ജനറലേറ്റിൽ 2023 മെയ് 24-26 വരെയായിരിക്കും ഇവർക്കു പരിശീലനം നൽകുന്നത്.

## IV

## മരിയൻ പ്രയർ ഡേ

2023 ഒക്ടോബർമാസം റോമിൽ നടക്കുന്ന മെത്രാൻ സിനഡിന്റെ ഒരുക്കത്തിനായി സിനഡിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഓഫീസ് നിർദേശിച്ചിട്ടുള്ളതനുസരിച്ച് 2023 മെയ് 31ന് ഒരു 'മരിയൻ പ്രയർ ഡേയായി' ആചരിക്കണമെന്നു സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആവശ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ അതിരൂപതയിലെ ദൈവാലയങ്ങളിൽ റോമിലെ മെത്രാൻ സിനഡിന്റെ നിയോഗത്തിനായി അന്നേദിവസം നടത്തേണ്ട പ്രാർത്ഥനയുടെ ക്രമം മെയ് മാസം രണ്ടാം ആഴ്ചയിൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽനിന്നു നല്കുന്നതാണ്.

## V

## 2022-2023 സാമ്പത്തികവർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നതു സംബന്ധിച്ച്

നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളും അതിർത്തി തിരിഞ്ഞ കുരിശുപള്ളികളും സ്വന്തമായി കണക്ക് സൂക്ഷിക്കുന്ന കുരിശുപള്ളികളും 2022-2023 വരെയുള്ള ഇടവകയിൽ ഓഡിറ്റ് ചെയ്ത് പാസ്സാക്കിയ കണക്കുകൾ നിർബന്ധമായും സാമ്പത്തികകാര്യാലയത്തിൽ നല്കേണ്ടതാണ്.

1. അതിരൂപതയിലെ എല്ലാ പള്ളികളുടെയും കണക്കുകൾ ഫൊറോനാതലത്തിൽ സമർപ്പിക്കേണ്ട തീയതിയും സമയവും ഇതോടൊപ്പം ചേർക്കുന്നു. ഫൊറോനാപള്ളികളിൽ നിശ്ചയിച്ചിരിക്കുന്ന തീയതിയിലും സമയത്തും അതാതു ഫൊറോനായുടെ കീഴിൽ വരുന്ന പള്ളികളുടെ കണക്കും അനുബന്ധ റിക്കാർഡുകളും പരിശോധനയ്ക്കു സമർപ്പിക്കേണ്ടതാണ്. ചങ്ങനാശേരി ഫൊറോനയുടെ കീഴിൽ വരുന്ന പള്ളികൾ നിശ്ചയിച്ചിരിക്കുന്ന തീയതിയിൽ അതിരൂപതാ കാര്യാലയത്തിൽ കണക്കുകൾ പരിശോധനയ്ക്കു സമർപ്പിക്കേണ്ടതാണ്.

2. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി നിയമാനുസൃതം തിരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച് കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടു

തിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം. ബജറ്റ് അനുസരിച്ച് പിരിവുകൾ അടയ്ക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.

3. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടി അടുത്ത സാമ്പത്തികവർഷ ത്തേക്കുള്ള ഇന്റേണൽ ഓഡിറ്റർമാരുടെ തെരഞ്ഞെടുപ്പും നടത്തി യിരിക്കണം.

4. അതിരൂപതാകച്ചേരിയിൽനിന്നും അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും അവരുടെ നിയുക്ത ജോലി ഏറ്റെടുക്കുവാൻ പാടുള്ളൂ.

5. ഇടവകപള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്ത, 12 AB രജി സ്ട്രേഷൻ ഇല്ലാത്ത, കുരിശുപള്ളികളുടെ കണക്കുകൾ, ഇടവക യിൽനിന്നു നേരിട്ട് നടത്തുന്ന പദ്ധതികളെ സംബന്ധിച്ചുള്ള കണ ക്കുകൾ എന്നിവ പള്ളിയുടെ പൊതുകണക്കിനൊപ്പം ഇന്റേണൽ ഓഡിറ്റ് ചെയ്തിരിക്കേണ്ടതും പൊതുകണക്കിനൊപ്പം ആണ്ടുതിരട്ട് യോഗത്തിൽ പാസ്സാക്കി സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ കണക്കിന്റെ തുടക്കം മുതൽ 31-03-2023 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനൊപ്പം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

6. ആണ്ടുതിരട്ട് തയ്യാറാക്കുന്നതിനു മുൻപായി രസീതുകൾ, പാസ്സ് ബുക്കു കൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷം അവസാനം വരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

7. പൊതുകണക്കിന്റെ പേരേടിൽ പള്ളിക്ക് സാമ്പത്തികവർഷം അവസാനം വരെയുള്ള എല്ലാ കടബാധ്യതകളുടെയും പൂർണവിവരം രേഖപ്പെടുത്തിയിരിക്കണം.

8. പള്ളിയുടെ ബാലൻസ് ഷീറ്റിൽ കാണുന്ന ആസ്തിബാധ്യതകൾ പൊതു കണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ ഈ സാമ്പത്തിക വർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

9. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യ ങ്ങളും അതിരൂപതാകച്ചേരിയിൽ കണക്ക് പരിശോധിച്ചപ്പോൾ നൽ കിയ നിർദേശങ്ങളും പ്രത്യേകം പഠിച്ചുവേണം ഈ വർഷത്തെ ആണ്ടു തിരട്ട് തയ്യാറാക്കുവാൻ.

10. അതിരൂപതാകച്ചേരിയിലേക്കു സമർപ്പിക്കുന്ന എല്ലാ റിക്കാർഡുക ളിലും സ്റ്റേറ്റ്മെന്റുകളിലും റിപ്പോർട്ടുകളിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ കൈയൊപ്പുണ്ടായിരിക്കേണ്ടതാണ്.

11. FD രസീതിന്റെ കോപ്പികൾ, സ്വർണ്ണം, വെള്ളി രജിസ്റ്ററിന്റെ 31-03-2023 ലെ കോപ്പി, 12 AB അഥവാ 10 AC സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ കൊണ്ടുവരേണ്ടതാണ്.

12. പ്രത്യേക ആവശ്യങ്ങൾക്കായി പള്ളിയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച മുഴുവനും കണക്കിൽ വരവ് വയ്ക്കേണ്ടതും നിയമാനുസൃതമായ തുക (അതായത് താഴെക്കൊടുത്തിരിക്കുന്ന 6 പിരിവുകൾ ഒഴികെ ബാക്കി എല്ലാ പിരിവുകളുടെയും 50%) കൃത്യമായ തീയതിക്കുള്ളിൽ അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

13. പള്ളിയുടെ പുനരുദ്ധാരണത്തിനും പാരിഷ് ഹാൾ, വൈദികമന്ദിരം മുതലായവ പണിയുന്നതിനും വ്യക്തികളിൽനിന്ന് സ്വീകരിക്കുന്ന സംഭാവനകൾക്കും പ്രത്യേക രസീതു നൽകി ടി വരവ് പ്രത്യേകം പേരേട് നാൾവഴികളിൽ ചേർത്ത് രസീത് സഹിതം ആണ്ടുതിരട്ടോടു കൂടി പരിശോധനക്കു വിധേയമാക്കേണ്ടതാണ്.

14. ഏതെങ്കിലും ഇടവകയ്ക്കു കണക്കുകൾ അതിരൂപതാകേന്ദ്രത്തിൽ നിശ്ചിത തീയതിക്കു മുമ്പേ സമർപ്പിക്കണമെങ്കിൽ അതിരൂപതാ അക്കൗണ്ട്സ് ഓഫീസിൽ വിളിച്ചറിയിച്ചശേഷം വരാവുന്നതാണ്. ഫോൺ: 9446201981

**അതിരൂപതാകച്ചേരിയിൽ കണക്ക് സമർപ്പിക്കുമ്പോൾ കൊണ്ടു വരേണ്ട റിക്കാർഡുകൾ**

1. പൊതുയോഗ-പ്രതിനിധിയോഗ നിശ്ചയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള യോഗപുസ്തകം.
2. പൊതുകണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
3. കൃഷി കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
4. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകൾ ഉണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്
5. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ
6. ബാങ്ക് പാസ്സ്ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ
7. തന്നാണ്ട് പുതുക്കിയ മുറിച്ചാർത്തുകൾ
8. നിത്യകുർബാന, സ്കോളർഷിപ്പ് മുതലായവ എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, തന്നാണ്ട് അതിന്റെ ബാധ്യത നിറവേറ്റിയതിന് ബഹു. വികാരിയച്ചന്റെ സാക്ഷ്യം.
9. ആണ്ടുതിരട്ടും ബജറ്റും പാസാക്കിയ പൊതുയോഗനിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി.
10. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണവും.
11. നിയമാനുസൃതം പാസാക്കിയ 2023-2024 വർഷത്തേക്കുള്ള ബജറ്റിന്റെ രണ്ട് കോപ്പികൾ.
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തന റിപ്പോർട്ട്.

## ഫൊറോനാകേന്ദ്രങ്ങളിൽ പള്ളികൾ കണക്കുസമർപ്പിക്കേണ്ട തീയതിയും സമയവും

| | | | |
|---|---|---|---|
| 01 | CHANGANACHERRY | 04-08-2023 | 10 AM |
| 02 | ALAPPUZHA | 18-07-2023 | 10 AM |
| 03 | AMBOORI | 10-06-2023 | 10 AM |
| 04 | ATHIRAMPUZHA | 20-06-2023 | 10 AM |
| 05 | CHAMPAKULAM | 23-06-2023 | 10 AM |
| 06 | CHENGANNUR | 21-07-2023 | 03 PM |
| 07 | EDATHUA | 19-05-2023 | 10 AM |
| 08 | KOLLAM--AYOOR | 21-07-2023 | 10 AM |
| 09 | KOTTAYAM | 07-07-2023 | 10 AM |
| 10 | KUDAMALOOR | 27-06-2023 | 10 AM |
| 11 | KURUMPANADOM | 12-05-2023 | 10 AM |
| 12 | MANIMALA | 09-06-2023 | 10 AM |
| 13 | MUHAMMA | 18-07-2023 | 02 PM |
| 14 | NEDUMKUNNAM | 16-05-2023 | 10 AM |
| 15 | PULINCUNNOO | 06-06-2023 | 10 AM |
| 16 | THIRUVANANTHAPURAM | 10-06-2023 | 02 PM |
| 17 | THRICKODITHANAM | 04-07-2023 | 10 AM |
| 18 | THURUTHY | 26-05-2023 | 10 AM |

# 137 – ാമത് അതിരൂപതാദിനാചരണം

**2023 മെയ്**
**20 ശനി**
**9.30 am - 1.30 pm**

**മുഹമ്മ ഫൊറോനയുടെ നേതൃത്വത്തിൽ**
**സെന്റ് ജോർജ് ഫൊറോനാപള്ളി**
**മാർ ജോസഫ് പവ്വത്തിൽ നഗറിൽ**

**ഇടവകതല അതിരൂപതാദിനാഘോഷം (മെയ് 14 ഞായർ)**

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ എല്ലാ ഇടവകകളിലും കുരിശുപള്ളികളിലും 2023 മെയ് 14 ഞായറാഴ്ച ഇടവകതല അതിരൂപതാദിനാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരി. കുർബാന അർപ്പിക്കുക. കാറോസൂസ പ്രാർത്ഥനയിൽ അതിരൂപതാദിനത്തെ സമർപ്പിച്ചു പ്രാർത്ഥന ചൊല്ലുക. ആദ്യത്തെ വി. കുർബാനയ്ക്കുശേഷം അതിരൂപതാദിന വിളംബരമായി പേപ്പൽ പതാക ഉയർത്തുക. കുർബാനകൾക്കുശേഷം അതിരൂപതാ ആന്തം ആലപിക്കുന്നതും അതിരൂപതാദിന പ്രതിജ്ഞ ചൊല്ലുന്നതും അഭികാമ്യമാണ്.

**സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ**

അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയേഴ്സ്, വൈദികാർത്ഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, ഇടവകയിൽ നിന്നുള്ള മറ്റ് 2 പ്രതിനിധികൾ (ഒരാൾ വനിത ആയിരിക്കണം). അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ.

സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ബഹു. വികാരിയച്ചന്മാർ അതിരൂപതാകേന്ദ്രത്തിൽനിന്നു ലഭ്യമാക്കുന്ന 'ഗൂഗിൾ ഫോമിൽ' മെയ് 14–ാം തീയതിക്കുള്ളിൽ പൂരിപ്പിച്ചു നൽകണമെന്ന് അറിയിക്കുന്നു.

+ [signature]

**മാർ തോമസ് തറയിൽ**
(സഹായമെത്രാൻ)

*അതിരൂപതാദിന കോർഡിനേറ്റേഴ്സ്*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ** (9037490380)
**ഫാ. ജോൺ വടക്കേകളം** (9496828593)
**ഫാ. ആന്റണി ആനക്കല്ലുങ്കൽ** (8281746624)

## അതിരൂപതാദിനാചരണ ഒരുക്ക പ്രാർത്ഥന
**(മെയ് 14 മുതൽ 19 വരെ)**

കർത്താവായ ഈശോയേ, മാമ്മോദീസായിലൂടെ ത്രിത്വൈക കൂട്ടായ്മയിലേക്കും സഭാജീവിതത്തിലേക്കും ഞങ്ങളെ വിളിച്ച അവിടുത്തെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദി പറയുന്നു. ആദിമസഭയെപ്പോലെ 'ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേരുന്ന' സഭാസമൂഹമായി വളരുവാൻ അതിരൂപതാദിനാചരണം ഞങ്ങളെ സഹായിക്കട്ടെ. സഭാകൂട്ടായ്മയെ തളർത്തുന്ന ചിന്തകളും സംസാരങ്ങളും പ്രവൃത്തികളും ഞങ്ങളിൽനിന്നും ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും എടുത്തുമാറ്റണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽനിന്നും നിന്റെ സഭയെ സംരക്ഷിക്കണമേ. അതിരൂപതയിൽ ഞങ്ങൾ ഒരു കുടുംബമാണ് എന്ന ബോധ്യത്തിൽ, സന്തോഷത്തോടും പ്രത്യാശയോടുംകൂടെ അങ്ങേയ്ക്കു നിരന്തരം കൃതജ്ഞത അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അതിരൂപതാദിനാചരണം ഞങ്ങളെ ഈശോയുടെ സാക്ഷികളും സഭയുടെ വിശ്വസ്ത മക്കളുമായി രൂപാന്തരപ്പെടുത്തട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ.

*(ദൈവാലയത്തിൽ വിശുദ്ധ കുർബാനയിലെ കാറോസൂസയിലും കുടുംബങ്ങളിൽ കുടുംബപ്രാർത്ഥനയ്ക്കുശേഷവും ചൊല്ലുക)*

## അതിരൂപതാദിന പ്രതിജ്ഞ

സഭയെന്ന നിലയിലുള്ള / ഞങ്ങളുടെ അസ്തിത്വത്തിന്റെ അടിസ്ഥാനം / പരിശുദ്ധ ത്രിത്വമാണെന്നു / ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു./ സ്നേഹകൂട്ടായ്മയിൽ സ്വർഗീയജീവനെ ഞങ്ങൾ അനുഭവിക്കുന്നു./ ദൈവവിശ്വാസത്തെയും / സഭാ കൂട്ടായ്മയെയും / ദുർബലപ്പെടുത്തുന്ന വെല്ലുവിളികളെ/ ഞങ്ങൾ തിരിച്ചറിയുന്നു./ പരിശുദ്ധ കുർബാനയിലൂടെയും/ കൂദാശാജീവിതത്തിലൂടെയും/ ഉപവാസത്തിലൂടെയും / ഞങ്ങൾ അവയെ അതിജീവിക്കും. കൂട്ടായ്മയെ തളർത്തുന്ന/ ചിന്തകളിൽനിന്നും / സംസാരങ്ങളിൽനിന്നും / പ്രവൃത്തികളിൽനിന്നും ഞങ്ങൾ വിട്ടുനിൽക്കും. കൂടുതൽ തീക്ഷ്ണതയോടെ / വരുംതലമുറകളിലേക്കു / വിശ്വാസമൂല്യങ്ങൾ കൈമാറുവാൻ/ ഞങ്ങൾ ജാഗ്രതയുള്ളവരാകും./ പരിശുദ്ധ പിതാവിനോടും / സഭാതലവനോടും / അതിരൂപതാദ്ധ്യക്ഷനോടും / വൈദിക, സമർപ്പിത സമൂഹത്തോടും/ സഭാഗാത്രത്തോടു പൊതുവിലും / ഞങ്ങൾക്കുള്ള ഐക്യദാർഢ്യം ഞങ്ങൾ പ്രഖ്യാപിക്കുന്നു./ 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നത് അന്വർത്ഥമാക്കാൻ ഞങ്ങൾ സർവാത്മനാ പരിശ്രമിക്കും. അതിരൂപതാദിനാചരണം വിജയിക്കട്ടെ.

# LIST OF MAR MATHEW KAVUKATT SCHOLARSHIP

ആർച്ചുബിഷപ് മാർ മാത്യു കാവുകാട്ട് സ്കോളർഷിപ്പ് പദ്ധതി പ്രകാരം തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ് മാതാ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ കീഴിലുള്ള ലൂർദ് മാതാ കോളേജ് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലേക്കു 2022 ഡിസംബർ മുതൽ സംഭാവന നൽകിയ ഇടവകകളുടെയും വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| SL.NO | RECEIPT NO | PARISHES /PRIESTS/ INSTITUTIONS | AMOUNT |
|---|---|---|---|
| | | **ALAPPUZHA FORANE** | |
| 1 | 1957 | ST. GEORGE, PUTHENANGADY | 120000.00 |
| 2 | 1568 | MAR GREGORIOS, PUNNAPRA | 200000.00 |
| 3 | 1635 | ST. MICHAEL'S, THATHAMPALLY | 160000.00 |
| 4 | 1593 | MAR SLEEVA, PURAKKAD | 200000.00 |
| | | **AMBOORI FORANE** | |
| 1 | 1566 | ST. GEORGE FORANE, AMBOORI | 120000.00 |
| | | **ATHIRAMPUZHA FORANE** | |
| 1 | 1567 | ST. GREGORIOS, MANNARKUNNU | 40000.00 |
| 2 | 1592 | ST. XAVIER'S, KATTACHIRA | 40000.00 |
| 3 | 1585 | TWELVE APOSTLES, MANNANAM | 40000.00 |
| 4 | 1588 | ST. MARY'S, VETTIMUKAL | 160000.00 |
| | | **CHAMPAKULAM FORANE** | |
| 1 | 1577 | ST. SEBASTIAN'S, NARBONAPURAM | 40000.00 |
| | | **CHANGANACHERRY FORANE** | |
| 1 | 1564 | SACRED HEART, CHETHIPUZHA | 200000.00 |
| 2 | 1636, 1637 | ST. JOSEPH'S, VEROOR | 65000.00 |
| 3 | 1582 | ST. JOSEPH'S, VEROOR | 40000.00 |
| 4 | 1590 | ST. MARY'S, PAREL, CHANGANACHERRY | 80000.00 |
| | | **EDATHUA FORANE** | |
| 1 | 1631 | ST. GEORGE FORANE, EDATHUA | 600000.00 |
| 2 | 1558 | ST. JOSEPH'S, CHANGANKARY, EDATHUA | 40000.00 |
| | | **KOLLAM-AYOOR FORANE** | |
| 1 | 1570 | MAR THOMA SLEEHA, KOLLAM | 40000.00 |
| | | **KUDAMALOOR FORANE** | |
| 1 | 1575 | HOLY FAMILY, MUDIYOORKARA | 40000.00 |
| 2 | 1580, 1581 | BETHLEHEM, PARAMPUZHA | 120500.00 |
| | | **KURUMPANADOM FORANE** | |
| 1 | 1579 | ST. ANTONY'S FORANE, KURUMPANADOM | 200000.00 |
| 2 | 1958 | SACRED HEART, RAJAMATTOM | 40000.00 |
| 3 | 1587 | ST. GEORGE, THOTTAKADU | 120000.00 |

| | | | |
|---|---|---|---|
| **NEDUMKUNNAM FORANE** | | | |
| 1 | 1634 | ST. MARY'S, KOOTHRAPPALLY | 40000.00 |
| 2 | 1578 | ST. JOSEPH'S, VAIPUR NEW | 40000.00 |
| 3 | 1591 | ST. MARY'S, PULICKALKAVALA | 40000.00 |
| **PULINCUNNOO FORANE** | | | |
| 1 | 1557 | ST. MARY'S FORANE, PULINCUNNOO | 80000.00 |
| **THIRUVANANTHAPURAM FORANE** | | | |
| 1 | 1556 | LOURDES FORANE, THIRUVANANTHAPURAM | 200000.00 |
| 2 | 1554, 1555 | EMMAUS, SREEKARYAM | 80000.00 |
| 3 | 1565 | MAR GEEVARGHESE SAHADHA (NAZRETH), KESAVADASAPURAM | 80000.00 |
| 4 | 1574, 1586 | HOLY FAMILY, THIRUMALA | 80000.00 |
| 5 | 1571 | ST. ALPHONSA, PONGUMMOOD | 100000.00 |
| 6 | 1576 | ST. FRANCIS DE SALES, VATTIYOORKAVU | 40000.00 |
| **THRICKODITHANAM FORANE** | | | |
| 1 | 1573 | ST. THOMAS, NALUKODY | 200000.00 |
| 2 | 1589 | ST. SEBASTIAN'S, KODINATTUMKUNNU | 80000.00 |
| **THURUTHY FORANE** | | | |
| 1 | 1584 | HOLY FAMILY, PODIPARA | 40000.00 |
| 2 | 1572 | ST. MARY'S, ITHITHANAM | 120000.00 |
| 3 | 1561 | ST. MARY'S, VADAKKEKARA | 40000.00 |
| **INDIVIDUAL CONTRIBUTIONS** | | | |
| 1 | 1559 | REV. FR. MATHEW ANCHIL | 40000.00 |
| 2 | 1560 | REV. FR. ANTONY THATTASSERY | 80000.00 |
| 3 | 1562 | REV. FR. JOS P. KOTTARAM | 40000.00 |
| **INSTITUTION** | | | |
| 1 | 1960 | GEORGIAN SCHOOL & JUNIOR COLLEGE, EDATHUA, ALAPPUZHA | 10000.00 |

## അഭിനന്ദനങ്ങൾ



USA ലെ ടെക്സസ് സെന്റ് മേരീസ് യൂണിവേഴ്സിറ്റി
യിൽനിന്നു മനഃശാസ്ത്രത്തിൽ THE RELATIONSHIP
BETWEEN INTERNET PORNOGRAPHY USE, LONELINESS
AND ADULT ATTACHMENT PATTERNS AMONG ASIAN
INDIAN AMERICAN YOUNG ADULTS: AN EXPLANATORY
SEQUENTIAL MIXED METHODS DESIGN
എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ
**ഈറ്റക്കകുന്നേൽ ബഹു. തോമസ് അച്ചന്**
അതിരൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങൾ

# വൈദികസമ്മേളന റിപ്പോർട്ട്
## (11 ഏപ്രിൽ 2023)

ചങ്ങനാശേരി അതിരൂപതയിലെ വൈദികരുടെ ഈ വർഷത്തെ ആദ്യ സമ്മേളനം 2023 ഏപ്രിൽ 11 ചൊവ്വാഴ്ച ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ പാരീഷ്ഹാളിൽ നടന്നു. അതിരൂപതയിൽ വിവിധ അജപാലനശുശ്രൂഷകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന സന്യസ്തവൈദികരുൾപ്പെടെ മുന്നൂറോളം വൈദികർ പങ്കെടുത്ത പ്രസ്തുത യോഗം രാവിലെ 9.45-ന് അതിരൂപതാ സിഞ്ചെള്ളൂസ് വാണിയപ്പുരയ്ക്കൽ പെ. ബഹു. ജോസഫച്ചന്റെ നേതൃത്വത്തിൽ ലുത്താആ പ്രാർത്ഥനയോടെ ആരംഭിച്ചു. തുടർന്ന്, കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം അതിരൂപതാകുടുംബത്തിൽനിന്നു മരണംമൂലം വേർപിരിഞ്ഞ അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവ്, മാർ സൈമൺ സ്റ്റോക്ക് പാലാത്ര പിതാവ്, കുന്നുംപുറം ബഹു. ഫിലിപ്പച്ചൻ, മറ്റം ബഹു. മാത്യുവച്ചൻ, കൊച്ചുപുരയ്ക്കൽ ബഹു. ജേക്കബച്ചൻ, സമർപ്പിതർ, അമ്മായർ എന്നിവരെ അനുസ്മരിച്ചു അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ കാർമികത്വത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം, അഭി. പെരുന്തോട്ടം പിതാവ് വൈദികസമ്മേളനത്തിലേക്ക് ഏവരെയും ഹാർദ്ദമായി സ്വാഗതം ചെയ്തു. തദവസരത്തിൽ, വൈദികർ ദൈവജനത്തിന്റെ കാവൽക്കാരും സംരക്ഷകരുമാണെന്നും ആയതിനാൽ അജപാലനശുശ്രൂഷയിൽ വളരെ ജാഗ്രതയും കരുതലും ആവശ്യമാണെന്നും പൗരോഹിത്യത്തിലൂടെ തങ്ങൾക്കു ലഭിച്ച താലന്തുകൾ സഭാശുശ്രൂഷയ്ക്കും ദൈവജനത്തിന്റെ ആത്മീയ വളർച്ചയ്ക്കും വിനിയോഗിക്കണമെന്നും അപ്രകാരം അവ ഉപയോഗിക്കാതിരുന്നാൽ അതു വലിയ തിന്മയാണെന്നും അഭി. പിതാവ് ഓർമിപ്പിച്ചു. തുടർന്ന്, കഴിഞ്ഞ ഡിസംബർ - ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച നവാഭിഷിക്തരെ പൂക്കൾ നൽകി വൈദികകൂട്ടായ്മയിലേക്കു സ്വാഗതം ചെയ്തു.

അതിനുശേഷം, അഭി. പവ്വത്തിൽ പിതാവിന്റെ അജപാലനപ്രവർത്തനങ്ങളെ അനുസ്മരിച്ചു, കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രം പള്ളിയുടെ ആർച്ചുപ്രീസ്റ്റ് പുതിയിടം പെ. ബഹു. മാണിയച്ചൻ സംസാരിച്ചു. വൈദികരെ സഭയോടും രൂപതയോടും ചേർത്തുനിർത്തുന്നതിൽ ഏറെ തത്പരനായിരുന്ന നല്ല ഇടയനായിരുന്നു അഭി. പവ്വത്തിൽ പിതാവെന്നും സീറോമലബാർസഭയുടെ തനിമ വീണ്ടെടുക്കുന്നതിനും നിലനിർത്തുന്നതിനും അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നെന്നും ബഹു. മാണിയച്ചൻ പ്രത്യേകം ഓർമിച്ചു. പിന്നീട്, കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം അതിരൂപതാതലത്തിൽ നടന്ന വിവിധപ്രവർത്തനങ്ങളുടെ റിപ്പോർട്ട് സംക്ഷിപ്തമായി മാക് ടിവിയുടെ നേതൃത്വത്തിൽ വിഷ്വലായി അവതരിപ്പിച്ചു. അതിനുശേഷം നടന്ന ചർച്ചയിൽ, അജപാലനശുശ്രൂഷയ്ക്ക് ഉപകാരപ്രദമായ വിവിധ കാര്യങ്ങൾ യോഗാംഗങ്ങൾ പങ്കുവച്ചു.

പ്രതിനിധിയോഗാംങ്ങളുടെ തിരഞ്ഞെടുപ്പ്, പാറേൽ മരിയൻ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമാണപ്രവർത്തനങ്ങൾ, സീയോൻ ധ്യാനകേന്ദ്രത്തിലെ വിവിധ ശുശ്രൂഷകൾ, ചെത്തിപ്പുഴ സെന്റ് തോമസ് - തത്തംപള്ളി സഹൃദയ ആശുപത്രികളിൽ പുതുതായി ആവിഷ്കരിക്കുന്ന പദ്ധതികൾ തുടങ്ങിയവയാണ് സമ്മേളനത്തിൽ പ്രധാനമായും ചർച്ച ചെയ്ത വിഷയങ്ങൾ.

അഭി. മാർ തോമസ് തറയിൽ പിതാവ് തന്റെ സന്ദേശത്തിൽ, വൈദികർ തങ്ങളുടെ വിശ്വാസസാക്ഷ്യം ശക്തിപ്പെടുത്തണമെന്നും യുവജനശുശ്രൂഷയെ ഗൗരവമായി ഏറ്റെടുക്കണമെന്നും ദൈവജനത്തെ സഭാസ്നേഹത്തിൽ വളർത്തുന്നതിൽ ശ്രദ്ധ പുലർത്തണമെന്നും പങ്കുവച്ചു. അഭി. മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ ബഹു. അച്ചന്മാരുടെ സാന്നിധ്യത്തിനും സഹകരണത്തിനും കൂട്ടായ്മയ്ക്കും അഭി. പിതാക്കന്മാർ പ്രത്യേകം നന്ദിയറിയിച്ചു. അതിനുശേഷം, അഭി. പെരുന്തോട്ടം പിതാവ്, അജപാലനപ്രവർത്തനങ്ങൾക്കു സഹായകരമായ ചില മാർഗനിർദേശങ്ങൾ നൽകിയശേഷം 2023 ഏപ്രിൽ 29, ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് ചങ്ങനാശേരി, എസ്.ബി. കോളേജിലെ ആർച്ചുബിഷപ് മാർ മാത്യു കാവുകാട്ട് ഹാളിൽ ഭാരതത്തിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ലെയോപ്പോൾദോ ജിറേല്ലിയുടെ സാന്നിധ്യത്തിൽ നടക്കുന്ന മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികത്തിന്റെയും പഞ്ചവത്സര അജപാലനപദ്ധതിയുടെയും അതിരൂതാതല സമാപനപരിപാടികളിലേക്ക് ഏവരെയും ക്ഷണിച്ചു. ഇടവകകളിലെ വിവിധ സാമ്പത്തിക ഇടപാടുകളുടെ വരവുചിലവു കണക്കുകൾ ഇൻകംടാക്സ് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ സമർപ്പിക്കുന്നതിനോടനുബന്ധിച്ച് വികാരിയച്ചന്മാർ അടിയന്തരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചാർട്ടേട് അക്കൗണ്ടന്റ് ശ്രീ. പി.ജെ. ജോസഫ് യോഗത്തിൽ അവതരിപ്പിച്ചു.

2023 മെയ് 20, ശനിയാഴ്ച മുഹമ്മ സെന്റ് ജോർജ് ഫൊറോനാ പള്ളിയുടെ ജോർജിയൻ ലേയ്ക്ക് വ്യൂ കൺവെൻഷൻ സെന്ററിൽ നടക്കുന്ന 137-ാം അതിരൂപതാ ദിനാഘോഷങ്ങളിലേക്ക് അതിരൂപതാ സിഞ്ചെള്ളൂസ് താനമാവുങ്കൽ പെ. ബഹു. വർഗീസച്ചനും മുഹമ്മ ഫൊറോനാ പള്ളി വികാരി പരുവപ്പറമ്പിൽ പെ. ബഹു. ജോണച്ചനും ഏവരെയും ക്ഷണിച്ചു. വൈദികസമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും അതിരൂപതാ സിഞ്ചെള്ളൂസ് പാലയ്ക്കൽ പെ. ബഹു. ജയിംസച്ചൻ നന്ദി പ്രകാശിപ്പിച്ചു. ഏപ്രിൽ 11-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 01.45-ന് സമാപിച്ച വൈദികസമ്മേളനത്തിന് അതിരൂപതാ ചാൻസിലർ ആലഞ്ചേരി പെ. ബഹു. ഐസക്കച്ചൻ, അതിരൂപതാ പ്രൊക്കുറേറ്റർ കാരിക്കൊമ്പിൽ പെ. ബഹു. ചെറിയാനച്ചൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോർജ് പുതുമനമൂഴിയിൽ**
(വൈസ് ചാൻസിലർ)

# മാർ ജോസഫ് പവ്വത്തിൽ അനുസ്മരണ സമ്മേളനം

24/03/2023 വെള്ളി, **11:15** am

*പുഷ്പാർച്ചന*

*അനുസ്മരണഗാനം:* **റവ. ഫാ. തോമസ് തൈക്കാട്ടുശ്ശേരി & അതിരൂപതാ ക്വയർ** (6 മിനിറ്റ്)

*പ്രാർത്ഥന ശുശ്രൂഷ:* **റവ. മദർ മെർലിൻ ജേക്കബ്** (മദർ ജനറൽ MLF) (3 മിനിറ്റ്)

*സ്വാഗതം:* **വെരി. റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ**
(മെത്രാപ്പോലീത്തൻപള്ളി വികാരി) (3 മിനിറ്റ്)

*അധ്യക്ഷൻ :* **അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത** (5 മിനിറ്റ്)

*മുഖ്യപ്രഭാഷണം:* **പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് കാതോലിക്കാ ബാവ** (7 മിനിറ്റ്)

*അനുസ്മരണ പ്രസംഗങ്ങൾ :*

**ശ്രീ. വി. എൻ. വാസവൻ** (സഹകരണവകുപ്പ് മന്ത്രി) (3 മിനിറ്റ്)

**മോസ്റ്റ് റവ. ജോസഫ് മാർ ബർണബാസ്**
(സഫ്രഗൻ മെത്രാപ്പോലീത്ത മലങ്കര മാർത്തോമ സുറിയാനി സഭ) (3 മിനിറ്റ്)

**ശ്രീ. റോഷി അഗസ്റ്റിൻ** (ജലവിഭവവകുപ്പ് മന്ത്രി) (3 മിനിറ്റ്)

**ആർച്ചുബിഷപ് കുര്യാക്കോസ് മോർ സെവേറിയോസ്**
(ചീഫ് മെട്രോപ്പോലീറ്റൻ മലങ്കര ക്നാനായ യാക്കോബായ സഭ) (3 മിനിറ്റ്)

**ശ്രീ. രമേശ് ചെന്നിത്തല** (മുൻ ആഭ്യന്തരവകുപ്പ് മന്ത്രി) (3 മിനിറ്റ്)

**മോസ്റ്റ് റവ. കുര്യാക്കോസ് മോർ തിയോഫിലോസ് മെത്രാപ്പോലീത്ത**
(മലങ്കര യാക്കോബായ സുറിയാനി സഭ) (3 മിനിറ്റ്)

**ഡോ. എം.കെ. മുനീർ എം.എൽ.എ.**
(മുൻ പൊതുമരാമത്തുവകുപ്പ് മന്ത്രി) (3 മിനിറ്റ്)

**തോമസ് മാർ കൂറിലൊസ് മെത്രാപ്പോലീത്ത**
(സീറോമലങ്കര തിരുവല്ല അതിരൂപത മെത്രാപ്പോലീത്ത) (3 മിനിറ്റ്)

**അഡ്വ. പി. സി തോമസ്** (മുൻ കേന്ദ്ര സഹമന്ത്രി) (3 മിനിറ്റ്)

**ബിഷപ് ജയിംസ് ആനാപറമ്പിൽ** (ആലപ്പുഴ ലത്തീൻ രൂപത മെത്രാൻ) (3 മിനിറ്റ്)

**അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ.** (ചങ്ങനാശേരി) (3 മിനിറ്റ്)

**ബിഷപ് റൈറ്റ് റവ. ഡോ. വി.എസ്. ഫ്രാൻസിസ്**
(CSI ഈസ്റ്റ് കേരള രൂപത) (3 മിനിറ്റ്)

**ശ്രീ. ടോമിൻ ജെ. തച്ചങ്കരി** (ഡി.ജി.പി. കേരളപോലീസ്) (3 മിനിറ്റ്)

**ശ്രീമതി സന്ധ്യാ മനോജ്** (ചെയർപേഴ്സൺ ചങ്ങനാശേരി മുൻസിപ്പാലിറ്റി) (3 മിനിറ്റ്)

**അഡ്വ. ബി. രാധാകൃഷ്ണ മേനോൻ**
(ഡയറക്ടർ ബോർഡ് അംഗം, കൊച്ചിൻ ഷിപ്പ്യാർഡ്) (3 മിനിറ്റ്)

**ശ്രീ. ഹരികുമാർ കോയിക്കൽ** (NSS ഡയറക്ടർ ബോർഡ് അംഗം) (3 മിനിറ്റ്)

**ശ്രീ. ഗിരീഷ് കോനാട്ട്** (SNDP ചങ്ങനാശേരി താലൂക്ക് പ്രസിഡന്റ്) (3 മിനിറ്റ്)

**ഇമാം അർഷാദ് ബാക് വി.** (പുതൂർപ്പള്ളി ഇമാം) (3 മിനിറ്റ്)

**ഡോ. ഡോമിനിക് വഴീപ്പറമ്പിൽ** (പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി) (3 മിനിറ്റ്)

**കുമാരി രേഷ്മ ദേവസ്യ** (യുവദീപ്തി - KCYM ഡെപ്യൂട്ടി പ്രസിഡന്റ്) (3 മിനിറ്റ്)

12.45 pm *കൃതജ്ഞത:* **വെരി റവ. ഡോ. ജയിംസ് പാലയ്ക്കൽ**
(അതിരൂപതാ സിഞ്ചെള്ളൂസ്) (3 മിനിറ്റ്)

# അനുസ്മരണദിനം– മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്ത

(സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയം, 2023 മാർച്ച് 24)



















പ്രാർത്ഥനാഞ്ജലികൾ...































# മറിയം കബറിടപ്പള്ളിയിൽ









# പുഷ്പാർച്ചന
















# പൊതുസമ്മേളനം









ശ്രേഷ്ഠാചാര്യന് പ്രണാമം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വിശ്വാസോത്സവം പൂർത്തിയാക്കി എല്ലാവരും അവധിക്കാലത്തിലേയ്ക്കു പ്രവേശിച്ചു. വിശ്വാസജീവിതത്തിനു അവധിയില്ലായെന്നതു കുട്ടികൾ മറക്കരുത്. സ്കൂൾ അടച്ചാലും എല്ലാദിവസവും പള്ളിയിൽ പോകാനും പ്രാർത്ഥിക്കാനും ശ്രദ്ധിക്കണം. പന്തക്കുസ്തായ്ക്ക് ഒരുക്കമായി പ്രാർത്ഥിച്ച് ഒരുങ്ങി റൂഹായാൽ പൂരിതരായി അടുത്ത വിശ്വാസപരിശീലനവർഷത്തിലേയ്ക്കു പ്രവേശിക്കാൻ ശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2023 മെയ്**

| | | |
|---|---|---|
| 1 തിങ്കൾ | : | **തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്, മെയ് ദിനം** (ഓഫീസ് അവധി) |
| 7 ഞായർ | : | ഉയിർപ്പുകാലം അഞ്ചാം ഞായർ |
| 14 ഞായർ | : | ഉയിർപ്പുകാലം ആറാം ഞായർ |
| 18 വ്യാഴം | : | **കർത്താവിന്റെ സ്വർഗാരോഹണം**, കടമുള്ള ദിവസം |
| 20 ശനി | : | **അതിരൂപതാദിനം** (ഓഫീസ് അവധി) |
| 21 ഞായർ | : | ഉയിർപ്പുകാലം ഏഴാം ഞായർ |
| 28 ഞായർ | : | **പന്തക്കുസ്താ തിരുനാൾ, അതിരൂപതാ മതബോധനദിനം വിദ്യാരംഭം മതബോധനവർഷം - ഇടവകതല ഉദ്ഘാടനം** |

**2023 ജൂൺ**

| | | |
|---|---|---|
| 3 ശനി | : | **മതാധ്യാപക നേതൃസംഗമം** |
| 4 ഞായർ | : | **മതബോധനക്ലാസ്സുകൾ ആരംഭിക്കുന്നു**. ക്ലാസ്സ് - 1 |
| 10 ശനി | : | അതിരൂപതാ മിഷൻലീഗ് ഉദ്ഘാടനം |

### 10, 12 ക്ലാസുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ്

10, 12 ക്ലാസുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റ് ഇപ്രാവശ്യം ecos@sandes ന്റെ സഹായത്തോടെ പ്രിന്റ് ചെയ്തു നൽകുന്നതിനാൽ അതിന്റെ നിബന്ധനകൾ അടങ്ങിയ മെസ്സേജ് സന്ദേശനിലയം ഔദ്യോഗിക whatsapp ഗ്രൂപ്പുകളിലൂടെ നൽകിയിട്ടുണ്ട്. Verification process നടത്തി സർട്ടിഫിക്കറ്റുകൾ ലഭിക്കാനായി അതിൽ നിർദേശിച്ചിരിക്കുന്ന രേഖകൾ സന്ദേശനിലയത്തിൽ ഏല്പ്പിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

**100% ഹാജറിനുള്ള മോൺ. കുര്യാക്കോസ് പറമ്പത്ത് മെമ്മോറിയൽ അവാർഡ്**

1 മുതൽ 12 വരെ ക്ലാസ്സുകളിൽ 12 വർഷവും എല്ലാ ഞായറാഴ്ചയും വിശ്വാസോത്സവ ദിനങ്ങളിലും ഇടവകതലത്തിൽ നടത്തുന്ന വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുത്ത കുട്ടികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണിത്. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ പേരുവിവരങ്ങളും ഫോട്ടോയും മെയ് 15നു മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്. ജൂൺ 3 ന് നടക്കുന്ന അതിരൂപതാ മതാധ്യാപക നേതൃസംഗമത്തിൽ അർഹരായവർക്കു സമ്മാനം നല്കുന്നതാണ്.

**മതാധ്യാപക നേതൃസംഗമം (ജൂൺ 3 ശനി)**

ഈ വർഷത്തെ മതാധ്യാപക നേതൃസംഗമം ജൂൺ 3 ശനി രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ നടത്തപ്പെടുന്നതാണ്. സ്ഥലം പിന്നീട് അറിയിക്കുന്നതായിരിക്കും. രജി. ഫീസ് 100 രൂപ. പ്രസ്തുത സമ്മേളനത്തിൽ സൺഡേസ്കൂൾ ഫൊറോന ഓർഗനൈസർമാർ, സെക്രട്ടറിമാർ, ഓരോ സൺഡേസ്കൂളിൽ നിന്നുള്ള ഹെഡ്മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി, CRT അംഗങ്ങൾ എന്നിവരും CLT ഡിപ്ലോമയ്ക്ക് അർഹരായവരും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

**വിശ്വാസപരിശീലന ദശദിന പ്രാർത്ഥനായജ്ഞം (മെയ് 18 – 27)**

വിശ്വാസപരിശീലനം 2023–24 വർഷം പരിശുദ്ധാത്മാവിന്റെ നിറവോടെ ആരംഭിക്കാൻ നമുക്കു സ്വർഗാരോഹണത്തിരുനാൾ മുതൽ പന്തക്കുസ്താ തിരുനാൾവരെയുള്ള പത്തുദിവസം തീക്ഷ്ണമായി പ്രാർത്ഥിച്ച് ഒരുങ്ങാം. അധ്യാപകർക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥനകൾ സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്. പന്തക്കുസ്തായ്ക്കു മുൻപുള്ള പത്തുദിനങ്ങളിൽ ഈ പ്രാർത്ഥന ഭവനങ്ങളിലോ കുടുംബപ്രാർത്ഥനാ സമയത്തോ ചൊല്ലാവുന്നതാണ്. അധ്യാപകർ വ്യക്തിപരമായോ ഇടവകയിൽ ഒന്നിച്ചുകൂടിയോ റംശായോടൊപ്പം പ്രാർത്ഥിക്കാവുന്നതാണ്. കഴിവതും എല്ലാ അധ്യാപകരും ഈ ദിനങ്ങളിൽ കുമ്പസാരിക്കുകയും പരി. കുർബാനയർപ്പിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

**കാറ്റകെറ്റിക്കൽ ഫൊറോന കമ്മിറ്റി (CFC)**

2023–24 വിശ്വാസപരിശീലന പ്രവർത്തനവർഷ ആരംഭത്തിൽത്തന്നെ എല്ലാ ഫൊറോനകളിലും അതിരൂപതാ ഡയറക്ടറും ടീമും സന്ദർശനം നടത്തുകയും വരുംവർഷത്തെ പ്രവർത്തനപരിപാടികൾ ചർച്ച ചെയ്യുകയും മാർഗനിർദേശങ്ങൾ നല്കുകയും ചെയ്യുന്നതാണ്. CFC മീറ്റിംഗുകളിൽ സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർ, സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റേഴ്സ്, സ്റ്റാഫ് സെക്രട്ടറീസ്, ഓഫീസ് സെക്രട്ടറീസ്, മിഷൻലീഗ് മേഖലാ ഡയറക്ടർ, മേഖലാ ജോയിന്റ് ഡയറക്ടേഴ്സ്, മേഖലാ ഭാരവാഹികൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. മീറ്റിംഗുകളുടെ സമയ വിവരങ്ങൾ ഫൊറോനാ സെക്രട്ടറിമാരെ അറിയിക്കുന്നതാണ്. CFC മീറ്റിംഗിലേയ്ക്ക് എല്ലാവരെയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

**CLT കോഴ്സ് & MCC കോഴ്സ്**

CLT 42-ാം ബാച്ചിലേയ്ക്കും MCC 13-ാം ബാച്ചിലേയ്ക്കുമുള്ള അപേക്ഷാ ഫോമുകൾ സന്ദേശനിലയത്തിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 15 ന് മുമ്പായി സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

- ♦ പുതിയ അധ്യയനവർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളും വർക്കുബുക്കുകളും മേയ് 20 നുശേഷം സന്ദേശനിലയത്തിൽ ലഭ്യമായിരിക്കും.
- ♦ വർക്കുബുക്കിന്റെയും പുസ്തകത്തിന്റെയും തുക അടയ്ക്കാനുള്ളവർ എത്രയുംവേഗം അടച്ചുതീർക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

സന്ദേശനിലയം മുൻ ഡയറക്ടർ അബ്രാഹം പെരുമ്പളത്തുശ്ശേരിയച്ചന്റെ പിതാവിന്റെയും ഇരവുചിറ സൺഡേസ്കൂളിൽ ദീർഘകാലമായി സേവനം ചെയ്ത സി. ആനി ചിറക്കലാത്ത് FCC യുടെയും പുന്നത്തുറ സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ സി.ആർ.റ്റി. യുമായ ജോമോൻ സിറിയക്കിന്റെ പിതാവിന്റെയും കിടങ്ങറ സൺഡേസ്കൂൾ അധ്യാപിക സെലിൻ തൈപ്പറമ്പിലിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

❍

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വിശ്വാസപരിശീലനവർഷം പൂർത്തിയാക്കി ഉത്ഥാനത്തിന്റെ സന്തോഷത്തിൽ കഴിയുന്ന എല്ലാ കുഞ്ഞുമിഷനറിമാർക്കും ആശംസകൾ. അവധിക്കാലം അലസമായി കഴിയേണ്ട കാലമല്ല. മറിച്ച് അധ്വാനത്തിന്റെ കാലമാണ്. സ്കൂൾ തുറക്കുമ്പോൾ നാം പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു കൂടുതൽ സമയം നൽകുന്നു. എന്നാൽ അവധിക്കാലങ്ങൾ നമ്മുടെ കഴിവുകൾ, താലന്തുകൾ ഇവ വളർത്താനുള്ള നല്ല അവസരമാണ്. മിഷൻലീഗ് പ്രവർത്തകരായ നിങ്ങൾക്ക് ഈ അവധിക്കാലം പ്രവർത്തനനിരതമായി മുന്നേറാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് ഈറ്റോലിൽ**
**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
(ഡയറക്ടർ)

## അറിയിപ്പുകൾ

**2023 മെയ്**

| | | |
|---|---|---|
| 1 തിങ്കൾ | : | **തൊഴിലാളി മധ്യസ്ഥനായ മാർ യൗസേപ്പ്, മെയ് ദിനം** (ഓഫീസ് അവധി) |
| 5 വെള്ളി | : | **അതിരൂപതാ ഇലക്ഷൻ ക്യാമ്പ് ആരംഭിക്കുന്നു.** |
| 6 ശനി | : | കയ്യെഴുത്തു മാസിക അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ട അവസാന തീയതി |
| 13 ശനി | : | 2022-23 പ്രവർത്തനവർഷത്തെ വിശദമായ വാർഷിക റിപ്പോർട്ട് അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ട അവസാന തീയതി |
| 18 വ്യാഴം | : | **കർത്താവിന്റെ സ്വർഗാരോഹണം**, കടമുള്ള ദിവസം |
| 20 ശനി | : | **അതിരൂപതാദിനം** (ഓഫീസ് അവധി) |
| 28 ഞായർ | : | **പന്തക്കുസ്താ തിരുനാൾ, അതിരൂപതാ മതബോധനദിനം വിദ്യാരംഭം മതബോധനവർഷം – ഇടവകതല ഉദ്ഘാടനം** |

**2023 ജൂൺ**

| | | |
|---|---|---|
| 4 ഞായർ | : | **മതബോധനക്ലാസ്സുകൾ ആരംഭിക്കുന്നു**. ക്ലാസ്സ് – 1 |
| 10 ശനി | : | അതിരൂപതാ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം |

### അതിരൂപതാ ഇലക്ഷൻ ക്യാമ്പ്

ചങ്ങനാശേരി അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ 2023-2024 പ്രവർത്തനവർഷത്തേയ്ക്കുള്ള അതിരൂപതാ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള കുട്ടികളുടെ ഇലക്ഷൻ ക്യാമ്പ് മെയ് 5 വൈകുന്നേരം 5 pm ന് ആരംഭിച്ച് 7 ഉച്ചകഴിഞ്ഞ് 2 pm ന് അവസാനിക്കുന്നതാണ്. കുന്നന്താനം

സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്ന ഈ ക്യാമ്പിൽ ഓരോ മേഖലയിലും ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ് എന്നിവർ കൃത്യസമയത്തുതന്നെ എത്തിച്ചേരേണ്ടതാണ്. കുർബാന പുസ്തകം, ബൈബിൾ, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, തോർത്ത്, ടോയ്‌ലറ്റ് സാധനങ്ങൾ... കൊണ്ടുവരേണ്ടതാണ്. ക്യാമ്പ് ഫീസ് 750 രൂപ.

**പ്രവർത്തനവർഷ ഉദ്ഘാടനം (ജൂൺ 10)**

മിഷൻലീഗ് അതിരൂപതാ നേതൃസംഗമവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 10 ശനിയാഴ്ച രാവിലെ 9 മുതൽ ഉച്ചവരെ ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുന്നു. മേഖലാ ഡയറക്ടേഴ്സ്, അതിരൂപതാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ, മേഖലാ-ശാഖാ ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ്, കുട്ടികളുടെ ഭാരവാഹികൾ (പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ജൂണിയർ ഓർഗനൈസേഴ്സ്) ഹെഡ്മാസ്റ്റർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ. മത്സരങ്ങളുടെ സമ്മാനങ്ങളും അന്ന് വിതരണം ചെയ്യപ്പെടുന്നതാണ്. പങ്കെടുക്കുന്നവരുടെ എണ്ണം ജൂൺ 5 നു മുമ്പായി ഓഫീസിൽ അറിയിക്കുവാൻ ശ്രദ്ധിക്കുക.

**വാർഷിക റിപ്പോർട്ട്**

2022-23 പ്രവർത്തനവർഷത്തെ വിശദമായ വാർഷിക റിപ്പോർട്ട് മെയ് 13 നു മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ ഫോർമാറ്റ് വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ നല്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഉണ്ണിയെത്തേടി എന്ന വിശ്വാസപരിശീലനപദ്ധതി വഴി കുട്ടികളുടെ ത്യാഗഫലമായി ലഭിച്ച തുകയുടെ പകുതി അതിരൂപതാ ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. കൂടാതെ മിഷൻലീഗിന്റെ അതിരൂപതാ വിഹിതവും ദൈവവിളിഫണ്ടും മിഷൻഫണ്ടും അടച്ചുതീർക്കുന്നതിൽ ശ്രദ്ധിക്കണമെന്നു താല്പര്യപ്പെടുന്നു.

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

നമ്മുടെ നൂറുമേനി മത്സരം ദൈവകൃപയാൽ വളരെ നന്നായി ക്രമീകരിക്കുവാൻ കഴിഞ്ഞതിൽ ദൈവത്തിനു നന്ദി പറയുന്നു. ഇതിനായി കഠിനാധ്വാനം ചെയ്ത ബഹു. അച്ചന്മാരെയും ബഹു. സിസ്റ്റേഴ്സിനെയും അല്മായ നേതൃത്വത്തെയും ഏറെ നന്ദിയോടും സ്നേഹത്തോടുംകൂടെ ഓർക്കുന്നു. പേപ്പർ വാല്യുവേഷൻ നടന്നുവരികയാണ്. ഓരോ റീജനിൽനിന്നും ആദ്യസ്ഥാനങ്ങൾ കരസ്ഥമാക്കുന്ന അഞ്ച് ടീമുകളാണ് ഗ്രാൻഡ്ഫിനാലെയിൽ മാറ്റുരയ്ക്കുന്നത്. നൂറുമേനി പദ്ധതിയുടെ എല്ലാ കാര്യങ്ങളിലും പ്രത്യേകിച്ച് സാമ്പത്തിക സഹായങ്ങൾ ചെയ്തുതന്ന ശ്രീ. സണ്ണിച്ചൻ ഇടിമണ്ണിക്കലിനെ ഏറെ നന്ദിയോടെ സ്മരിക്കുന്നു.

ഇടവകതലത്തിൽ ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിച്ചവർ, ഇടവകതലത്തിൽ വ്യക്തിപരമായി 100 ഉം അതിൽ കൂടുതലോ മാർക്ക് ലഭിച്ചവർ, കുടുംബമായി 200 ഉം അതിൽ കൂടുതൽ ലഭിച്ചവർ എന്നിവർക്കു ജൂൺ 10 ന് രാവിലെ 9 മണിക്ക് കാവുകാട്ടുഹാളിൽ നടക്കുന്ന 100 മേനി ഗ്രാന്റ് ഫിനാലെ സംഗമത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്. കൂടാതെ മത്സരത്തിൽ ഓരോ ഫൊറോനയിൽനിന്നും ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിച്ചവരെയും ആദരിക്കുന്നു. ഗ്രാൻഡ്ഫിനാലെയിൽ സമ്മാനങ്ങൾ ലഭിച്ചവർക്കും ക്യാഷ് അവാർഡുകളും സമ്മാനങ്ങളും അന്നേദിവസം നൽകുന്നു. ഈ പരിപാടിയിൽ പങ്കെടുക്കുന്നവരുടെ ഓർമയിൽനിന്നും മായാത്ത വിധത്തിലുള്ള വൈവിധ്യമാർന്ന പരിപാടികൾ അന്നേദിവസം ക്രമീകരിക്കുന്നതാണ്. എല്ലാവരുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)

**ബൈബിൾ കോഴ്സ്**

സമാന്തര സുവിശേഷങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ച റവ. ഫാ. മാത്യു ചൂരവടി, അപ്പസ്തോലപ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസുകൾ നയിച്ച ഡോ. സി. സോഫി റോസ് CMC എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**ബൈബിൾ കൈയെഴുത്ത്**

ബൈബിൾ കൈയെഴുത്ത് പ്രഥമവർഷം പൂർത്തിയാക്കിയവർ തങ്ങളുടെ കൈയെഴുത്തുപ്രതി ബൈന്റ് ചെയ്തു വയ്ക്കേണ്ടതാണ്. നിങ്ങളെ ആദരിക്കുന്നതിനുള്ള മീറ്റിംഗ് സംബന്ധമായ അറിയിപ്പു ലഭിക്കുമ്പോൾ അത് ഓഫീസിൽ കൊണ്ടുവരേണ്ടതാണ്.

**ലോഗോസ് 2022**

ലോഗോസ് 2022 അതിരൂപതയിൽ ഓരോ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനങ്ങൾ ലഭിച്ചവർക്കുള്ള ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും അധികം വൈകാതെ നൽകുന്നതാണ്. ഇനിയും സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വാങ്ങുവാനുള്ള ഇടവകകൾ ഓഫീസിൽനിന്നു കൈപ്പറ്റേണ്ടതാണ്.

**നൂറുമേനി സമ്മാനദാനം**

2023 ജൂൺ 10 ശനിയാഴ്ച രാവിലെ 9 ന് എസ്.ബി. കോളേജിലെ മാർ മാത്യു കാവുകാട്ട് ഹാളിൽ നടക്കുന്നു. അഭി. പിതാക്കന്മാരുടെ മഹനീയ സാന്നിദ്ധ്യം ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് വിവിധ കലാപരിപാടികൾ മ്യൂസിക് ബാന്റ്, പ്രബോധനങ്ങൾ, വീഡിയോ പ്രസന്റേഷൻ എന്നിവയോടുകൂടി സമ്മേളനം തുടരുന്നതാണ്. ഇടവകതലം മുതലുള്ള എല്ലാ നൂറുമേനി വിജയികൾക്കും അന്നേദിവസം സമ്മാനങ്ങൾ നൽകുന്നതാണ്. ഉച്ചഭക്ഷണത്തോടെ പരിപാടികൾ സമാപിക്കും. ഇതിൽ പങ്കെടുക്കുവാൻ ഏവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

## നിത്യതയിലേക്ക്



സി. റോസ് മേരി മുഞ്ഞാട്ട്
FMSC



സി. മേരി ഗ്രേഷ്യസ് നെല്ലൻകുഴിയിൽ
SABS



സി. കാതറിൻ ലൂയി വള്ളവന്തറ
CMC



സി. ആനി ചിറയ്ക്കലാത്ത്
FCC

**"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു"** (2 തിമോ. 4:7).

മിശിഹായിൽ പ്രിയമുള്ളവരേ,

എല്ലാവർക്കും ഉയിർപ്പുകാലമംഗളങ്ങൾ നേരുന്നു. മറ്റുള്ളവർക്കുവേണ്ടി ജീവിതത്തിൽ നാം വഹിക്കുന്ന സഹനക്കുരിശുകൾക്ക് അന്ത്യമുണ്ടെന്നും അത് നമുക്കും മറ്റുള്ളവർക്കും ഉയിർപ്പിന്റെ പ്രത്യാശ പകരുമെന്നും ഉയിർപ്പുകാലം നമ്മെ പഠിപ്പിക്കുന്നു. ഈ സന്ദേശം ഉൾക്കൊള്ളുന്നതിനും പങ്കുവയ്ക്കുന്നതിനും മാതൃവേദി-പിതൃവേദി യൂണിറ്റുസമ്മേളനങ്ങളിൽ, മാർഗരേഖയിൽ നൽകിയിരിക്കുന്ന വിചിന്തനവിഷയം വായിച്ചു ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കും.

ഉയിർപ്പുകാലത്തിൽ നമ്മുടെ സവിശേഷശ്രദ്ധ അർഹിക്കുന്ന വിവിധ ദിനാചരണങ്ങൾ കടന്നുവരുന്നുണ്ട്. തൊഴിലാളി ദിനം, ദേശീയ നഴ്സസ്ദിനം, ലോക മാതൃദിനം, ലോക കുടുംബദിനം, റീത്ത പുണ്യവതിയുടെ തിരുനാൾ എന്നിങ്ങനെ യൂണിറ്റുകളിൽ ഉണർവോടെ തീക്ഷ്ണമായ പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്ന തിരുനാളുകളുടെ അല്ലെങ്കിൽ ദിനാചരണങ്ങളുടെ സമുചിതമായ ആഘോഷങ്ങൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓരോ ദിനാചരണത്തിനും ചെയ്യുവാൻ സാധിക്കുന്ന പരിപാടികൾ അതിരൂപതാ നേതൃത്വം ഫൊറോനാതലംവഴി യൂണിറ്റുകളെ അറിയിക്കുന്നതാണ്. യൂണിറ്റ് ഡയറക്ടർമാരുമായി ചർച്ച ചെയ്ത് ഓരോ യൂണിറ്റിനും ഇണങ്ങുന്ന വിധത്തിലുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ യൂണിറ്റ് ആനിമേഷൻ ടീം മുൻകൈ എടുക്കണം.

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
(അസി. ഡയറക്ടർ)

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
(ഡയറക്ടർ)

## റിപ്പോർട്ട്

### കരുതലിന്റെ കൈത്താങ്ങ്

പീഡാനുഭവവാരത്തിൽ ശുശ്രൂഷകളുടെ ക്രമീകരണങ്ങൾക്കു സംഘടനാംഗങ്ങൾ സജീവ പങ്കാളിത്തം നൽകി. നല്ല സമറായൻ ഫോറത്തിന്റെ ഭാഗമായി രോഗികളെ ദൈവാലയത്തിലെത്തിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുക്കാനുള്ള സൗകര്യമൊരുക്കുകയും കിടപ്പുരോഗികൾക്കു വൈദികരുടെ സഹായത്തോടെ വിശുദ്ധ കുർബാനയും കുരിശ്ശോലകളും ഭവനങ്ങളിൽ എത്തിച്ചു നൽകുകയും ചെയ്തു. പാലിയേറ്റീവ് കെയറിന്റെ ഭാഗമായി ദൈവാലയത്തിൽ വന്ന രോഗികൾക്കു പ്രഷർ, ഷുഗർ തുടങ്ങിയ രോഗങ്ങളുടെ പരിശോധനയ്ക്കുള്ള സൗകര്യമൊരുക്കി.

### അതിരൂപതാ ആനിമേഷൻ കോർ ടീം മീറ്റിംഗ്

ഏപ്രിൽ 13 നു ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ നടത്തപ്പെട്ടു. ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന മുണ്ട് വിതരണത്തിൽ ഫൊറോന

കളെ സഹായിക്കാനായി അതിരൂപതാ ആനിമേഷൻ കോർ ടീമിൽനിന്ന് കോർഡിനേറ്റേഴ്സിനെ തിരഞ്ഞെടുത്തു. പിതൃവേദിയുടെ റൂബി ജൂബിലി പേടകപ്രയാണത്തിന്റെ തീയതികൾ ചർച്ചചെയ്തു.

**ഓൺലൈൻ ഫൊറോനാ കൗൺസിൽ മീറ്റിംഗ്**

ഏപ്രിൽ 17,18,19 തീയതികളിൽ ഓൺലൈനായി നടന്ന കൊല്ലം-ആയൂർ, തിരുവനന്തപുരം, അമ്പൂരി ഫൊറോനകളുടെ ഫൊറോനാ കൗൺസിൽ മീറ്റിങ്ങോടുകൂടി 18 ഫൊറോനകളുടെയും ഓൺലൈൻ ഫൊറോന കൗൺസിൽ മീറ്റിങ്ങുകൾ അവസാനിച്ചു. ഫൊറോന-യൂണിറ്റുതലങ്ങളിൽ അറിയിപ്പുകൾ വേഗത്തിൽ നല്കാനും അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിക്കാനും ഈ മീറ്റിങ്ങുകൾ സഹായകമായി.

**മെയ് മാസത്തിൽ ഓർമിക്കാൻ**

മെയ് 1: തൊഴിലാളിദിനം

മെയ് 6: ദേശീയ നേഴ്സസ്ദിനം

മെയ് 14: ലോക മാതൃദിനം

മെയ് 15: ലോക കുടുംബദിനം

മെയ് 22: മാതൃവേദി സഹമദ്ധ്യസ്ഥയായ വി. റീത്തയുടെ തിരുനാൾ

മെയ് 25: പ്ലാസ്റ്റിക് വിരുദ്ധദിനം

## വിവാഹ ഒരുക്ക ധ്യാനം

| 2023 MAY | | 2023 JUNE | |
|---|---|---|---|
| 13, 14, 15 | CHRY | 10, 11, 12 | CHRY |
| 22, 23, 24 | ZION | 19, 20, 21 | ZION |
| | | 26, 27, 28 | CHRY |

**കൂടുതൽ വിവരങ്ങൾക്ക്**

0481 2424476
9447016240
വിളിക്കേണ്ട സമയം:
10 am - 5 pm

മെയ് 5-7 – CML അതിരൂപതാ ക്യാമ്പ്
" 16,17,18 – KCSL അതിരൂപതാ ക്യാമ്പ്
" 19,20,21 – യുവദീപ്തി–SMYM മണിമല ഫൊറോനാ ക്യാമ്പ്
" 22,23,24 – വിവാഹ ഒരുക്ക സെമിനാർ
" 26,27,28 – യുവദീപ്തി–SMYM തൃക്കൊടിത്താനം ഫൊറോനാ ക്യാമ്പ്

**കുടുംബാനുഗ്രഹ ധ്യാനം**

മെയ് 12 വെള്ളി രാവിലെ 9.30 മുതൽ 14 ഞായർ വൈകുന്നേരം 4 മണി വരെ. ബുക്കിംഗിന് 8086399023, 9495107045

**വരദാനങ്ങളുടെ വളർച്ചാ ധ്യാനം**

മെയ് 22 തിങ്കൾ രാവിലെ 9 മുതൽ ചൊവ്വ 4 മണിവരെയുള്ള ഈ ധ്യാനത്തിന് കരിസ്മാറ്റിക് ചങ്ങനാശേരി സോൺ നേതൃത്വം കൊടുക്കുന്നു. കുളത്തുവയൽ നിർമല ധ്യാനകേന്ദ്ര ടീമാണ് ധ്യാനം നയിക്കുന്നത്. ബുക്കു ചെയ്യേണ്ട നമ്പറുകൾ: 9495524890; 8086399023

**ക്രിസ്റ്റീൻ & വിദ്യാരംഭധ്യാനങ്ങൾ (കുട്ടികൾക്ക്)**

ഇടവകവികാരിയച്ചന്മാർ ആവശ്യപ്പെടുന്നതനുസരിച്ച് ഇടവകയിൽവന്ന് ഈ ധ്യാനങ്ങൾ നടത്തുന്നതാണ്.

**പന്തക്കുസ്ത ഒരുക്ക കൺവൻഷൻ (ഇടവകയിൽ)**

മെയ് 15 മുതൽ 27 വരെ തീയതികളിൽ ഇടവകയിൽവന്ന് നടത്തുന്നതാണ്. വൈകുന്നേരം 5 മുതൽ 8.30 വരെയാണ് സമയം.

**ഇടവക ധ്യാനങ്ങൾ**

അതിരൂപതയിലെ വൈദികർ നേതൃത്വം നൽകുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

ചൊവ്വാഴ്ചകളിൽ രാവിലെ 10 മുതൽ 1 മണിവരെ.

ധ്യാനകേന്ദ്രത്തിൽ പരിപാടികൾ നടത്തുന്നതിന് സംഘടനകളും ഡിപ്പാർട്ടുമെന്റുകളും പള്ളികളും ബുക്കു ചെയ്യണമെന്ന് അറിയിക്കുന്നു.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
(ഡയറക്ടർ)
9495107045

**ABLAZE - 2023**

ചങ്ങനാശേരി അതിരൂപത യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ റിസോഴ്സ് ടീമിനുവേണ്ടി ഏപ്രിൽ 14,15,16 തീയതികളിൽ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ ട്രെയിനിംഗ് ക്യാമ്പ് സംഘടിപ്പിച്ചു. SDB സഭാംഗങ്ങളായ ബ്രദർ അജീഷ്, ബ്രദർ ഓസ്റ്റിൻ, ബ്രദർ ആൽബിൻ എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. ഡീക്കൻ ജേക്കബ് കളത്തിവീട്ടിൽ ക്യാമ്പ് തീം സോങ്, ഡാൻസ് എന്നിവ ചിട്ടപ്പെടുത്തി. അതിരൂപതാ സെനറ്റ് അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**പ്രാർത്ഥനാ പഠന പരിശീലനക്യാമ്പുകൾ ആരംഭിക്കുന്നു**

യുവദീപ്തി-എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ പ്രാർത്ഥനാപഠന പരിശീലനക്യാമ്പുകൾ മെയ് 5 മുതൽ ആരംഭിക്കുന്നു. പ്രാർത്ഥനയും പഠനവും നേതൃത്വപരിശീലനവും വ്യക്തിത്വവികസനപരിപാടികളുമാണ് ക്യാമ്പിൽ ഒരുക്കിയിരിക്കുന്നത്. ക്യാമ്പ് വിജയകരമായി പൂർത്തിയാക്കുന്നവർക്കു സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

**മെയ്മാസത്തെ ക്യാമ്പുകൾ**

| | | |
|---|---|---|
| 5, 6, 7 | – | ചെങ്ങന്നൂർ |
| 12, 13, 14 | – | നെടുംകുന്നം |
| 19, 20, 21 | – | മണിമല |
| 26, 27, 28 | – | തൃക്കൊടിത്താനം, അതിരമ്പുഴ |

**അഭി. പവ്വത്തിൽ പിതാവിന്റെ അനുസ്മരണം**

യുവദീപ്തി-എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ അഭി. പവ്വത്തിൽ പിതാവിന്റെ 41-ാം അനുസ്മരണദിനത്തിൽ ഏപ്രിൽ 27 വ്യാഴം സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ മർത്ത് മറിയം കബറിടപള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത വി. കുർബാനയർപ്പിച്ച് അനുസ്മരണ പ്രസംഗം നടത്തി.

യുവദീപ്തി-എസ്.എം.വൈ.എം. ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യൻ തയ്യിൽ, അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, യുവദീപ്തി മുൻ ഡയറക്ടർ വെരി റവ. ഫാ. ആന്റണി ഏത്തക്കാട്, അതിരൂപതാ മുൻ പ്രസിഡന്റ് സൈബി അക്കര, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യാ എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.

**ജോർജ് സെബാസ്റ്റ്യൻ തയ്യിൽ**
(പ്രസിഡന്റ്)

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
(ഡയറക്ടർ)

## കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ്

KCSL

ഈശോയിൽ പ്രിയ കൂട്ടുകാരേ,

എല്ലാവരും അവധിക്കാലത്തിന്റെ ആഘോഷങ്ങളിലായിരിക്കുമല്ലോ.

**സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് 2023**

ഈ വർഷത്തെ സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് തൃശൂർ മേരിമാതാ മേജർ സെമിനാരിയിൽ ഏപ്രിൽ 13,14,15 തീയതികളിൽ നടത്തപ്പെട്ടു. നമ്മുടെ അതിരൂപതയിൽനിന്നും UP, HS, HSS വിഭാഗങ്ങളിൽ നിന്നായി 6 കുട്ടികൾ പങ്കെടുത്തു.

| | | |
|---|---|---|
| സംസ്ഥാന ജനറൽ സെക്രട്ടറി | - | ആൽവിൻ ജോസഫും<br>(SB HSS, Changanacherry) |
| ഹയർസെക്കൻഡറി സെക്രട്ടറി | - | അലീന അന്ന സണ്ണി<br>(St. Joseph's HSS, Changanacherry) |
| | - | നിർമ്മൽ ക്രിസ്റ്റി<br>(SB HSS, Changanacherry) |
| മികച്ച ക്യാമ്പർ | - | അലീന അന്ന സണ്ണി |
| മികച്ച ക്യാമ്പ് ഡയറി | - | അശ്വതി സി. ജോണി |

ചങ്ങനാശേരി അതിരൂപത KCSL ന്റെ യശസ്സ് ഉയർത്തിക്കാട്ടുന്ന പ്രകടനമായിരുന്നു നമ്മുടെ കുട്ടികൾ കാഴ്ച്ചവച്ചത്. എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ.

2023 മെയ് മൂന്നാം ആഴ്ചയോടുകൂടി ചങ്ങനാശേരി അതിരൂപതയിലെ നേതൃത്വപരിശീലന ക്യാമ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതാണ്. എല്ലാ വിദ്യാർത്ഥികളും ഈ ക്യാമ്പിൽ സംബന്ധിച്ചു തങ്ങളുടെ കഴിവുകൾ വികസിപ്പിക്കുവാൻ പരിശ്രമിക്കുമല്ലോ. വർഷാവസാനം ആയെങ്കിലും Study Circle പുസ്തകത്തിന്റെ തുക അടയ്ക്കാത്ത ഏതാനും സ്കൂളുകളുണ്ട്. എത്രയുംവേഗം ആ തുക ഓഫീസിൽ അടയ്ക്കണമെന്നു അറിയിക്കുന്നു.

ദൈവാനുഗ്രഹപ്രദമായ അവധിക്കാലം ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

CHASS

# ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനാ ലാബിന്റെ ഡിസംബർ 2022 ജനുവരി 2023 മാസങ്ങളിലെ കണക്കിനെ ഉദ്ധരിച്ചുകൊണ്ട് മലയാള മനോരമ 2023 ഏപ്രിൽ 12-ാം തീയതി 'മലയാളിയുടെ ഭക്ഷണം സർവ്വത്ര വിഷമയം' എന്ന ശീർഷകത്തിൽ ഒരു വാർത്ത നൽകിയിരുന്നു. കേരളത്തിലെ ജനങ്ങളുടെ ആഹാരത്തിലും പാനീയങ്ങളിലും കീടനാശിനികളുടെയും ബാക്ടീരിയകളുടെയും അനുവദനീയമല്ലാത്ത കൃത്രിമനിറങ്ങളുടെയും സാന്നിദ്ധ്യം ജീവഹാനിക്ക് കാരണമാകുന്നുവെന്നു റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

എന്തിനും ഏതിനും മറ്റുള്ളവരെ ആശ്രയിക്കുന്ന മലയാളി ഇത്തരം ഒരു അവസ്ഥാവിശേഷം ക്ഷണിച്ചുവരുത്തിയെന്നതാണ് സത്യം. അനുകൂലമായ കാലാവസ്ഥയും ഭൂപ്രകൃതിയും ഫലഭൂയിഷ്ടമായ മണ്ണും തെളിനീരൊഴുകുന്ന 44 നദികളും ശുദ്ധജലതടാകങ്ങളും കായൽനിലങ്ങളും വർഷകാലത്ത് സമൃദ്ധമായി ലഭിക്കുന്ന മഴയുമൊക്കെക്കൊണ്ട് സമൃദ്ധമായിരുന്നു നമ്മുടെ നാട്. അന്ന് നമ്മുടെ തൊടികളിൽ കുടുംബത്തിലെ എല്ലാവർക്കും ആവശ്യമായ ഭക്ഷ്യോത്പ്പന്നങ്ങൾ ജൈവകൃഷിയിലൂടെ വിളയിച്ചിരുന്നു. ഉപ്പുതൊട്ട് കർപ്പൂരംവരെ പുറമേ നിന്നും വാങ്ങുന്ന നമ്മൾ കുടിവെള്ളംപോലും വിലയ്ക്കുവാങ്ങി ഉപയോഗിക്കുന്ന അവസ്ഥയിലാണ് ഇന്ന്. നമ്മുടെ തനതായ ഭക്ഷണരീതികൾ വിദേശികൾ പോലും ഉൽകൃഷ്ടമെന്നു പറയുമ്പോൾ നാം വിദേശഭക്ഷണ പാനീയങ്ങളുടെയും റെഡി ടു ഈറ്റ് എന്ന ലേബലിലുള്ള ഭക്ഷണപാനീയങ്ങളുടെയും പിന്നാലെ പായുകയാണ്. ഫലമോ ക്യാൻസർപോലുള്ള ജീവിതശൈലീരോഗങ്ങളുടെ വിളനിലമായി കേരളം മാറിയിരിക്കുന്നു. ചികിത്സയ്ക്കും മരുന്നിനും മറ്റുമായി ഒരായുഷ്ക്കാലം മുഴുവൻ അധ്വാനിച്ചുണ്ടാക്കുന്ന സമ്പാദ്യവും കൂടാതെ വായ്പയെടുത്തു ചെലവഴിച്ചും നാം പാപ്പരായി മാറുന്നു. എന്നിട്ടും വിലപ്പെട്ട ജീവൻ സംരക്ഷിക്കുവാൻ സാധിക്കുന്നില്ല. അനാഥമാകുന്ന കുടുംബങ്ങളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. ഇവിടെയാണ് നമ്മുടെ സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ മാതൃകാപരമാകുന്നത്. വീട്ടുമുറ്റത്തൊരടുക്കളത്തോട്ടം, പരിസ്ഥിതിസൗഹാർദ്ദപ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പദ്ധതി, മഴവെള്ളം-കുടിവെള്ളം പദ്ധതി, ഉറവിടമാലിന്യസംസ്ക്കരണ പദ്ധതി, വളർത്തുകൂട്ടം, പ്ലാസ്റ്റിക്ക് ബദൽ സംവിധാനങ്ങൾ, തരിശുനിലകൃഷി, സംഘവിപണി, സൺഡേ മാർക്കറ്റ് തുടങ്ങിയവയെല്ലാം ഒരു ബദൽ ജീവിതമാർഗത്തിന്റെ ഉദാത്തമായ മാതൃകയാണ്.

ചങ്ങനാശേരി ബൈപ്പാസ് റോഡിൽ റെയിൽവേ ജംഗ്ഷന് സമീപം 'ചാസ് ഗ്രാമബസാർ' എന്ന ഒരു വിപണനകേന്ദ്രം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

കലർപ്പില്ലാത്ത നാടൻ ഉൽപ്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത വിഭവങ്ങളും മിതമായ വിലയ്ക്ക് ഇവിടെ ലഭ്യമാണ്. എന്നാൽ ഇത്തരം പദ്ധതികൾക്കു വേണ്ടത്ര പരിഗണന സമൂഹം നൽകുന്നില്ല. ഇനിയെങ്കിലും നാം മാറി ചിന്തിക്കണം. നമുക്കുവേണ്ടി മാത്രമല്ല വരുംതലമുറയ്ക്കുവേണ്ടിക്കൂടി മാറ്റത്തിന് നാം തയ്യാറാകണം. ഒരു പുതിയ മാറ്റമല്ല പഴയതിന്റെ തനിമയിലേയ്ക്ക് ഒരു തിരിച്ചുപോക്കാണാവശ്യം. അങ്ങനെ നമ്മുടെ പൂർവികരുടെ മാതൃകകൾ പുനരാവിഷ്ക്കരിച്ച് പുതുതലമുറക്ക് അനുഭവവേദ്യമാക്കുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്ര വാർത്തകൾ

### മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം

ചങ്ങനാശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയും ചാസിന്റെ മുൻ രക്ഷാധികാരിയുമായിരുന്ന ദിവംഗതനായ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ ഭൗതികശരീരം കബറടക്കിയിരിക്കുന്ന ചങ്ങനാശേരി മർത്ത് മറിയം കബറിടപള്ളിയിൽ മാർച്ച് 31 ന് ചാസ് ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ സ്റ്റാഫുകൾ ചേർന്ന് വി. കുർബാനയും ഒപ്പീസുപ്രാർത്ഥനയും നടത്തി.

### വാർഷിക അവലോകനവും പദ്ധതി രൂപീകരണവും

ചാസിന്റെ 2022–23 കാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2023–24 സാമ്പത്തികവർഷത്തെ പദ്ധതി രൂപരേഖയും ബജറ്റും തയ്യാറാക്കുന്നതിനുവേണ്ടി ചാസ് കോൺഫറൺസ് ഹാളിൽ 2023 മാർച്ച് 31, ഏപ്രിൽ 1,6 തീയതികളിൽ CHASS-Annual Planning and Evaluation സംഘടിപ്പിച്ചു. സംഘം, യൂണിറ്റ്, മേഖലാതലത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി അടുത്തവർഷത്തേയ്ക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ ശ്രീ. ജോബി മാത്യു, പ്രൊജക്റ്റ് ഓഫീസർ സിസ്റ്റർ സെൽമ SRA എന്നിവർ നേതൃത്വം നൽകി.

### ചാസ് YouTube ആരംഭിച്ചു

ചാസിന്റെ ഔദ്യോഗിക YouTube ഏപ്രിൽ 17 ന് പ്രവർത്തനമാരംഭിച്ചു. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ചാസിന്റെ എല്ലാ പ്രവർത്തനങ്ങളും ഇനിമുതൽ YouTube ലൂടെ അറിയാവുന്നതാണ്. പ്രാദേശിക യൂണിറ്റുകളിലും സ്വാശ്രയസംഘങ്ങളിലും ചാസിന്റെ ഇതരപ്രവർത്തനമേഖലകളിലും നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും കേന്ദ്ര ഓഫീസിൽ ലഭിക്കുന്നമുറയ്ക്കു YouTube ൽ അപ്‌ലോഡ് ചെയ്യുന്നതാണ്.

### മത്സ്യകർഷകർക്കായി പുതിയ ഉത്പ്പാദകസംഘം രൂപീകരിച്ചു

ചാസിന്റെ ആഭിമുഖ്യത്തിൽ കുട്ടനാട്ടിലെ മത്സ്യകർഷകരെ പങ്കെടുപ്പിച്ച് പുതിയ മത്സ്യകർഷക ഉത്പ്പാദകസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഏപ്രിൽ 20 ന് മാമ്പുഴക്കരി ക്രിസ് സെന്ററിൽ ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ പ്രഥമയോഗംകൂടി പ്രമോട്ടേഴ്സിനെ തെരഞ്ഞെടുത്തു. ചാസ് ഡയറക്ടർ ചെയർമാനായും സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം മാനേജിംഗ് ഡയറക്ടറായുമുള്ള ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തീരുമാനിച്ചു.

## ചാസ് സാമൂഹ്യ സുരക്ഷാ സഹായപദ്ധതി

ചാസിന്റെ സാമൂഹ്യ സുരക്ഷാ സഹായപദ്ധതികൾ വഴി 2023 ഏപ്രിൽ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം** (4 കുടുംബങ്ങൾക്ക് 10,000/- രൂപ വീതം 40,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 619. സക്കറിയാച്ചൻ | സമൃദ്ധി | മുട്ടാർ ഓൾഡ് | എടത്വാ |
| 620. ടോം ജോസ് | നന്മ | പായിപ്പാട് | തൃക്കൊടിത്താനം |
| 621. ചെറിയാൻ സേവ്യർ | അനുഗ്രഹ | പായിപ്പാട് | തൃക്കൊടിത്താനം |
| 622. ജേക്കബ് റ്റി. | ഗ്രാമസമർപ്പണ | പള്ളാത്തുരുത്തി | ആലപ്പുഴ |

**(2) മ്യൂച്വൽ ബെനഫിറ്റ് സ്കീം (MBS)**

- മരണാനന്തരസഹായം (ഓരോ കുടുംബത്തിനും 10,000/- രൂപ വീതം 7 കുടുംബങ്ങൾക്ക് 70,000/- രൂപ സഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 861. ഷാജി പി. ജോർജ്, പാലമൂട്ടിൽ | മുടിയൂർക്കര | കുടമാളൂർ |
| 862. സുമതിയമ്മ, കാക്കനാട്ട് | മുടിയൂർക്കര | കുടമാളൂർ |
| 863. ജോൺ, വെളുത്തേടത്ത് | അമ്പലപ്പുഴ | എടത്വാ |
| 864. അന്നമ്മ വർഗീസ്, മുണ്ടൻകുടുപ്പേൽ | വള്ളംചിറ | മണിമല |
| 865. സക്കറിയാച്ചൻ, മാളിയേക്കൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 866. സോമശേഖരൻ നായർ, ശ്രീവിഹാർ | ഫിൽഗിരി | കൊല്ലം |
| 867. കത്രീനാമ്മ വർഗീസ്, കുന്നുംപുറത്ത് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

**(3) സേവ് എ ഫാമിലി പ്ലാൻ-CRP ഫണ്ട് വിതരണം**

കൊവിഡ് റീഹാബിലിറ്റേഷൻ പ്രൊജക്റ്റിലേക്കു തെരഞ്ഞെടുക്കപ്പെട്ട 3 കുടുംബങ്ങൾക്ക് ഏപ്രിൽ മാസം 2,60,000/- രൂപ സഹായധനം നൽകി.

**(4) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2023 ഏപ്രിൽ മാസം ചികിത്സാ ചെലവിനത്തിൽ ഒരു കുടുംബത്തിന് 5,250/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. റോയി ജോസഫ്, കുണ്ടകശ്ശേരിൽ | ചെത്തിപ്പുഴ | 5,250/- |

## മേഖലാ വാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 25.03.2023 | ഫിൽഗിരി | റോസ് | 12 |
| 05.04.2023 | ചെത്തിപ്പുഴ | ജ്യോതി | 13 |
| 05.04.2023 | ചെത്തിപ്പുഴ | കൃപ | 12 |
| 22.04.2023 | ഫാത്തിമാപുരം | ജ്യോതിസ് സ്റ്റാർ | 10 |

### സ്വാശ്രയസംഘസംഗമവും വാർഷികവും

നാൽപ്പാത്തിമല യൂണിറ്റിൽ സ്വാശ്രയസംഘ സംഗമവും 'ഒരുമ 2023' എന്ന പേരിൽ സ്വാശ്രയസംഘത്തിന്റെ വാർഷികവും മാർച്ച് 26 ന് സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുറിയന്നൂർപ്പറമ്പിൽ ആമുഖസന്ദേശം നൽകി. പ്രസിഡന്റ് ശ്രീ. പി.സി. ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. സി. മോൺസിറ്റ SABS, മേഖലാ കോർഡിനേറ്റർ ശ്രീമതി സജി ഷാജി എന്നിവർ അശംസയർപ്പിച്ചു. ഫ്രണ്ട്സ് പുരുഷസ്വാശ്രയസംഘാംഗങ്ങളുടെ നേതൃത്വത്തിൽ കലാപരിപാടി അവതരിപ്പിച്ചു. നൂറിൽപ്പരം അംഗങ്ങൾ പങ്കെടുത്തു.

### തയ്യൽ പരിശീലനം

നബാർഡ്, കേരള സോഷ്യൽ സർവീസ് ഫോറം, ചാസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിൽ 20 വനിതകൾക്കായി കുളത്തൂർ ലിറ്റിൽ ഫ്ളവർ പാരിഷ് ഹാളിൽ 2023 ഏപ്രിൽ 13 ന് ഒരു മാസം നീണ്ടുനിൽക്കുന്ന തയ്യൽ പരിശീലനം ആരംഭിച്ചു. നബാർഡ് AGM ശ്രീ. റെജി വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശവും KSSF ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ അനുഗ്രഹപ്രഭാഷണവും നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജേക്കബ് നടുവിലേക്കളം അദ്ധ്യക്ഷതവഹിച്ചു. പ്രൊജക്റ്റ് കോർഡിനേറ്റർ ശ്രീ. ജിത്തു ജോസഫ് പദ്ധതി വിശദീകരണം നടത്തി. ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. തേജസ് വർഗീസ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. വി.എം. ചാക്കോ, സെക്രട്ടറി ശ്രീ. തോമസ് ജോസഫ്, ടീം ലീഡർ ടോണി ജോസഫ് എന്നിവർ പ്രസംഗിച്ചു. മേഖലാ കോർഡിനേറ്റർ ശ്രീമതി അൽഫോൻസ് വർഗീസ് നേതൃത്വം നൽകി.

### ഫ്ളോർമാറ്റ് നിർമാണ പരിശീലനം

**കൊടുപ്പുന്ന** യൂണിറ്റിൽ ഏപ്രിൽ 15 ന് ഫ്ളോർമാറ്റ്, ടേബിൾ മാറ്റ് എന്നിവ നിർമിക്കുന്നതിന് സ്വാശ്രയസംഘാംഗങ്ങൾക്കു മേഖലാ കോർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചന്റെ നേതൃത്വത്തിൽ പരിശീലനം നൽകി.

### സ്നേഹഭവൻ സന്ദർശിച്ചു

**മുട്ടാർ ഓൾഡ്** യൂണിറ്റ് ഡയറക്ടർ റവ. ഫാ. സിറിൽ ചേപ്പിലയും എക്സിക്യൂട്ടിവംഗങ്ങളും ചേർന്ന് ഏപ്രിൽ 17 ന് എടത്വാ സ്നേഹഭവൻ സന്ദർശിച്ച്

*ശേഷം പേജ് 82 ൽ.....»*

മാമ്പുഴക്കരി ക്രിസ്സ് സെന്ററിൽ മാർച്ച് 30 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3ന് ക്രിസ്സ് ഡയറക്ടർ ബോർഡ് മീറ്റിങ്ങ് കൂടുകയുണ്ടായി. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. കർഷകർക്കു നെല്ലുവില നൽകുവാൻ സർക്കാർ അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്നു മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ആവശ്യപ്പെട്ടു. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ നെല്ലിന്റെ ഉൽപാദനച്ചെലവിന് അനുസരിച്ചു നെല്ലിന്റെ താങ്ങുവില ഉയർത്തി ക്വിന്റലിനു നാലായിരം രൂപയാക്കി നൽകണം, കഴിഞ്ഞ കൃഷി മുതൽ കിട്ടാനുള്ള ഹാൻഡ്‌ലിങ് ചാർജ് ഉടൻതന്നെ നൽകണം, കളത്തിൽനിന്നും നെല്ലെടുക്കുന്നതു മുതലുള്ള ചിലവുകൾ പൂർണമായും സിവിൽ സപ്ലൈസ് വഹിക്കണം, 2020 മുതൽ കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകരുടെ ഇൻഷുറൻസ് തുക വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കണം, പമ്പിങ് സബ്സിഡി കുടിശ്ശിക പൂർണമായും നൽകണം എന്നീ ആവശ്യങ്ങൾ മെത്രാപ്പോലീത്ത ചൂണ്ടിക്കാട്ടി. കർഷകരുടെ മറ്റു പ്രശ്നങ്ങളിലും സർക്കാരിന്റെ ശ്രദ്ധപതിഞ്ഞ് നടപടികൾ ഉണ്ടാവണമെന്നും അഭി. മെത്രാപ്പോലീത്ത ആവശ്യപ്പെട്ടു. ഇന്നു കർഷകർ നേരിടുന്ന വിഷയങ്ങൾ സത്വരമായി പരിഹരിക്കാൻ ക്രിസ്സ് നടപ്പിൽ വരുത്തുവാൻ പോകുന്ന പ്ലാനുകളും പദ്ധതികളും ക്രിസ്സ് പ്രസിഡന്റ് പെരി. ബഹു. ജോസഫ് വാണിയപ്പുരക്കൽ അച്ചൻ വിശദീകരിച്ചു. യോഗത്തിൽ എക്സി. ഡയറക്ടർ ഇമ്മാനുവേൽ നെല്ലുവേലി അച്ചൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ഗ്രിഗറി ഓണംകുളം, ഫാ. ജോസഫ് കൊച്ചുചിറയിൽ, ഫാ. തോമസ് കുളത്തുങ്കൽ, പി.ആർ.ഒ. ടോം ജോസഫ് ചമ്പക്കുളം, സി.ടി. തോമസ് കാച്ചാംകോടം, ജോർജ് മാത്യു വാച്ചാപറമ്പിൽ, ജോസഫ് മാത്യു ഇല്ലിപ്പറമ്പിൽ, വിജിമോൾ കാപ്പിൽ കോയിപ്പള്ളിൽ എന്നിവർ സംസാരിച്ചു.

പുന്നക്കുന്നത്തുശേരി ജംഗ്ഷനിൽ ഒരു കർഷകകൂട്ടായ്മ സംഘടിപ്പിക്കുവാൻ യോഗം ചർച്ച ചെയ്തു തീരുമാനിച്ചു. പുളിങ്കുന്ന്, ചമ്പക്കുളം, എടത്വാ, ആലപ്പുഴ, ചങ്ങനാശേരി ഫൊറോനകളിൽ ബഹു. വൈദികരെ ക്രിസ്സ് ഫൊറോനാ ഡയറക്ടർമാരായി നിയമിക്കുന്നതിനു പിതാവ് നിർദേശം നൽകി. ഈ സംവിധാനത്തിലൂടെ ഫൊറോനകളിൽ യൂണിറ്റുകൾ ശക്തമാക്കാനും യോഗത്തിൽ തീരുമാനമായി. മെയ് 15 കതിരുകളുടെ നാഥയായ പരി. കന്യാമറിയത്തിന്റെ തിരുനാൾ ആഘോഷത്തെകുറിച്ചും യോഗത്തിൽ ചർച്ചചെയ്തു. ഇടവകകളിൽ കർഷകരെ ഉൾപ്പെടുത്തി തിരുനാൾ സമുചിതമായി ആചരിക്കുന്നതിനെകുറിച്ചും അന്നേ ദിവസം ഇടവകകളിൽ നിന്നുള്ള കർഷക പ്രതിനിധികളെ ഉൾപ്പെടുത്തി ക്രിസ് സെന്ററിൽ ഒരു സംഗമം നടത്തുന്നതിനും തീരുമാനിച്ചു.

രൊക്കം പണം നല്കി നെല്ല് സംഭരിക്കുക, സംഭരിച്ച നെല്ലിന്റെ വില ഉടൻ നല്കുക, നെല്ല് വില വ്യക്തിഗത വായ്പയായി നല്കുന്ന വഞ്ചന അവസാനിപ്പിക്കുക, സർക്കാർ ഹാന്റിലിങ് ചാർജ് നല്കുക, കിഴിവ് സമ്പ്രദായം അവസാനിപ്പിക്കുക, അമിത ചൂടിലും വേനൽമഴയിലും വിളനഷ്ടം സംഭവിച്ച കർഷകർക്കും അനുബന്ധ തൊഴിലാളികൾക്കും പ്രകൃതിദുരന്ത നഷ്ടപരിഹാരം നല്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ആൾ ഇന്ത്യ കിസാൻ ഖേത് മസ്ദൂർ സംഘടനയുടെ ആഭിമുഖ്യത്തിൽ കുട്ടനാട് താലൂക്ക് ഓഫീസ് പടിക്കൽ ഏപ്രിൽ 13 വ്യാഴാഴ്ച രാവിലെ 10 മണിക്ക് നടന്ന സത്യഗ്രഹത്തിൽ സി.ടി. തോമസ് കാച്ചാംകോടം പങ്കെടുത്തു. കാർഷികമേഖലയിൽ നിലവിലുള്ള നെല്ലുവില, ഇൻഷുറൻസ്, കൈകാര്യചിലവ് എന്നിവ കിട്ടാൻ താമസം തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു. ഈ വിഷയങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളിൽ ക്രിസിന്റെ സഹകരണം ഉറപ്പു നൽകി.

മാർച്ച് 18, 19 തീയതികളിൽ കുമരകം കെ.റ്റി.ഡി.സി. കൺവൻഷൻ സെന്ററിൽ നടന്ന വേമ്പനാട് കായൽ സംരക്ഷണ സെമിനാറിലും പഠനചർച്ചകളിലും ക്രിസ്സ് പി.ആർ.ഒ. ടോം ജോസഫ് ചമ്പക്കുളം പങ്കെടുത്തു കുട്ടനാട്ടിനെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു.

ക്രിസിനു വേണ്ടി,

**ടോം ജോസഫ് ചമ്പക്കുളം**
(പി.ആർ.ഒ.)

**ഫാ. എമ്മാനുവേൽ നെല്ലുവേലി**
(എക്സിക്യൂട്ടിവ് ഡയറക്ടർ)

## കളർ എ ഹോം ഭവനനിർമാണ പദ്ധതി

കളർ എ ഹോം ഭവനനിർമാണ പദ്ധതിയിൽ 2022 ഡിസംബറിൽ ഇടവകകൾ സമാഹരിച്ച തുകയും 2023 ഏപ്രിൽ 18 വരെ അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| നം. | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 129 | വായ്പൂർ -ന്യൂ | 105860 | 42344 |
| 130 | കൂത്രപ്പള്ളി | 353450 | 141380 |
| 131 | തിരുമല | 69500 | 27800 |
| 132 | ഐക്കരച്ചിറ | 141250 | 56500 |
| 133 | ചെറുവാണ്ടൂർ | 220000 | 87000 |
| 134 | വെളിയനാട് - സെന്റ് സേവ്യേഴ്സ് | 62740 | 25096 |
| 135 | വട്ടിയൂർക്കാവ് | 127300 | 50920 |
| 136 | ചാഞ്ഞോടി | 193770 | 77510 |
| 137 | മാന്നാനം - 12 ശ്ലീഹന്മാർ | 158980 | 63840 |
| 138 | പുന്നമട | 100790 | 40316 |
| 139 | കണ്ണാടി - സെന്റ് റീത്താസ് | 38845 | 15454 |
| 140 | എഴുമറ്റൂർ | 15300 | 6120 |
| 141 | തടിയൂർ | 25900 | 10360 |
| 142 | കൊല്ലം | 100550 | 40220 |
| 143 | പുന്നപ്ര | 96660 | 38664 |
| 144 | പനയമ്പാല | 30100 | 30100 |
| 145 | കായൽപുറം | 58970 | 23588 |
| 146 | കുളത്തൂർ | 80000 | 32000 |
| 147 | വെളിയനാട് - സെന്റ് ജോസഫ് | 4550 | 4550 |
| 148 | കരിക്കാട്ടൂർ | 59940 | 23980 |
| 149 | വെളിയനാട് - കേസറിയ | 21250 | 21250 |
| 150 | കുമരകം - നവനസ്രത്ത് | 100580 | 40232 |
| 151 | മുടിയൂർക്കര | 366205 | 146482 |
| 152 | കുമാരനല്ലൂർ | 85265 | 34100 |
| 153 | വിരുപ്പാല | 21860 | 8744 |
| 154 | മുണ്ടത്താനം | 57010 | 22800 |
| 155 | കുറുമ്പനാടം | 568766 | 227506 |
| 156 | പെരുങ്കാവ് | 35100 | 15000 |
| 157 | വെള്ളായണി | 34900 | 13960 |
| 158 | വിതുര | 28400 | 11360 |

| | | | |
|---|---|---|---|
| 159 | പാലോട് | 5650 | 2260 |
| 160 | മാവേലിക്കര | 39800 | 15920 |
| 161 | പത്തനാപുരം | 9150 | 9150 |
| 162 | നെടുമങ്ങ് | 4700 | 4700 |
| 163 | മാമ്പുഴക്കരി | 64805 | 25900 |
| 164 | ആറാട്ടുവഴി | 74520 | 30000 |
| 165 | പള്ളിക്കൂട്ടുമ്മ | 52970 | 21000 |
| 166 | കടുവാക്കുളം | 102150 | 36860 |

(തുടരും...)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസ പദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2023 മാർച്ച് 23 മുതൽ 2023 ഏപ്രിൽ 18 വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക / സംഘടന | തുക |
|---|---|---|
| 1. | ചങ്ങനാശേരി – സെന്റ് മേരീസ് മെട്രോപൊളിറ്റൻ ചർച്ച് | 100000 |
| 2. | തുരുത്തി – മർത്ത് മറിയം ഫൊറോനാ ചർച്ച് | 100000 |
| 3. | കായൽപുറം – സെന്റ് ജോസഫ്സ് ചർച്ച് | 47500 |
| 4. | കൈതവന – സെന്റ് മേരീസ് ചർച്ച് | 10000 |

---

*» ചാസ് തുടർച്ച...*

വി. കുർബാനയർപ്പിക്കുകയും 135 അന്തേവാസികൾക്കു ഭക്ഷണം നൽകി ഒരു ദിവസം അവരോടൊപ്പം ചെലവഴിക്കുകയും ചെയ്തു.

### എക്സിക്യൂട്ടിവ് മീറ്റിംഗ്

**വെരൂർ** യൂണിറ്റിൽ സ്വയംതൊഴിൽ സംരംഭങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനു ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 17 ന് എക്സിക്യൂട്ടിവ് മീറ്റിംഗ് സംഘടിപ്പിച്ചു.

### തയ്യൽ മെഷീൻ നൽകി

**എടത്വാ** ചാസ് യൂണിറ്റിൽനിന്നും തയ്യൽ പരിശീനം പൂർത്തിയാക്കിയ ഒരു വനിതയ്ക്ക് അസി. വികാരി റവ. ഫാ. ജോസഫ് (മിജോ) കൈതപ്പറമ്പിലിന്റെയും യൂണിറ്റ് ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ തയ്യൽ മെഷീൻ നൽകി.

### പാചകപരിശീലന പരിപാടി സമാപിച്ചു

**അതിരമ്പുഴ** യൂണിറ്റിൽ കഴിഞ്ഞ രണ്ടുമാസക്കാലമായി മല്ലപ്പള്ളി ഖാദി വിദ്യാലയവുമായി സഹകരിച്ചു നടത്തിവന്നിരുന്ന പാചകപരിശീലന പരിപാടി ഏപ്രിൽ 20 ന് സമാപിച്ചു. ഫൊറോനാ വികാരി വെരി റവ. ഫാ. ജോസഫ് മുണ്ടകത്തിൽ പരിശീലനാർത്ഥികൾക്ക് ആശംസയർപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ സന്നിഹിതരായിരുന്നു. ഖാദി വിദ്യാലയം അധ്യാപിക ശ്രീമതി ജോളിലാൽ ക്ലാസിനു നേതൃത്വം നൽകി.

ഈശോയിൽ പ്രിയ അച്ചന്മാരേ, DFC പ്രവർത്തകരേ, കുടുംബക്കൂട്ടായ്മ ഭാരവാഹികളേ,

പൊതുസമൂഹത്തിലെ സഭയുടെ ശബ്ദമായ ദീപികയുടെ പ്രചാരകരായ നിങ്ങൾക്കെല്ലാവർക്കും അഭിനന്ദനങ്ങൾ നേരുന്നു. പുനരുത്ഥാനത്തിന്റെ ചൈതന്യത്തിൽ ദീപികയുടെ വളർച്ചയ്ക്കായി നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

**അഭിവന്ദ്യ പിതാവിന്റെ നിർദേശാനുസരണം ഇടവകകളിലും ഫൊറോനകളിലും ഡി.എഫ്.സി. ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ നിർദേശങ്ങൾ പാലിച്ചുകൊണ്ടാണ് DFC ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്. ഇടവകകളിൽ DFC ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഈ മാസംതന്നെ പൂർത്തിയാക്കി ലിസ്റ്റ് അതിരൂപതാ ഡയറക്ടറെ ഏൽപ്പിക്കേണ്ടതാണ്.

**അതിരൂപതാ ദിനാചരണം ഇടവകകളിൽ**

മെയ് 20ന് അതിരൂപതാദിനം ആഘോഷിക്കുന്നതിന്റെ മുന്നോടിയായി ഓരോ ഇടവകയിലും മെയ് 14 ഞായറാഴ്ച 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന ലക്ഷ്യം മുന്നിൽ കണ്ട് അതിരൂപതാദിനം ഇടവകതലത്തിൽ ആചരിക്കുമ്പോൾ ദീപിക ഫ്രണ്ട്സ് ഭാരവാഹികൾ എല്ലാ കർമപരിപാടികളിലും സജീവ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

**ദീപിക ദിനപത്രത്തിന്റെ വരിസംഖ്യ പുതുക്കൽ**

ഏപ്രിൽ-മെയ് മാസങ്ങളിൽ കാലാവധി പൂർത്തിയാക്കുന്ന ദീപിക ദിനപത്രത്തിന്റെ വരിക്കാരുടെ വരിസംഖ്യ പുതുക്കുവാനും പുതിയ വരിക്കാരെ കണ്ടെത്തുവാനും എല്ലാ DFC യൂണിറ്റുകളും ഉത്സാഹിക്കണമെന്ന് അറിയിക്കുന്നു.

**പന്തക്കുസ്താ ഞായർ ആചരണം**

2023 മെയ് 28 ഞായർ പന്തക്കുസ്താ തിരുനാൾ ആചരിക്കുകയാണ്. DFC പ്രവർത്തകർ ഇടവകയുടെ ആഘോഷങ്ങളിൽ സജീവമായി പങ്കുചേർന്ന് നവചൈതന്യത്താൽ നിറഞ്ഞ് ദീപിക പ്രചരണത്തിനായി തങ്ങളെത്തന്നെ ഒരുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോർജ് മാന്തുരുത്തിൽ**
(ഡയറക്ടർ)
9447432531

**ആന്റണി തോമസ് മലയിൽ**
9446342561
**ആൻസി മാത്യു ചേന്നോത്ത്**
9447390669
(പ്രസിഡന്റ്സ്)

**സണ്ണി പുളിങ്കാലായിൽ**
9539125164
**പരിമൾ ആന്റണി അറയ്ക്കത്തറ**
9495393890
(ജനറൽ സെക്രട്ടറീസ്)

**ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താനാഗ്രഹിക്കുന്നവർ വിളിക്കുക**
**വർഗീസ് ഡൊമിനിക്- 9400390539, കോര സി. - 9495445827, വർക്കി ഇ.വി. - 9349599028, ജോജോ- 9847361030, അനൂപ് സെബാസ്റ്റ്യൻ- 9400751229**

## സെന്റ് തോമസ് ഹോസ്പിറ്റൽ

### ആരോഗ്യമേഖലയിലെ ഡിജിറ്റൽ പരിവർത്തനം: ദേശീയ കോൺഫറൻസ്

ചെത്തിപ്പുഴ സെന്റ് തോമസ് അക്കാദമി ഓഫ് അലൈഡ് ഹെൽത്ത് സയൻസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് കെയർ മാനേജ്മെന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ആരോഗ്യമേഖലയിലെ ഡിജിറ്റൽ പരിപവർത്തനത്തെക്കുറിച്ച് ദേശീയ കോൺഫറൻസ് ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ സാന്തോം ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. സെന്റ് ജോസഫ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻ പ്രിൻസിപ്പൽ റവ. ഡോ. ജോസഫ് പാറയ്ക്കൽ ഉദ്ഘാടനം ചെയ്തു. വിവിധ ആശുപത്രികളിലെ അഡ്മിനിസ്ട്രേറ്റേഴ്സ്, ഹെൽത്ത് കെയർ മാനേജേഴ്സ്, ഡോക്ടേഴ്സ്, മാനേജ്മെന്റ് വിദ്യാർത്ഥികൾ, സോഷ്യൽ വർക്കേഴ്സ്, നഴ്സിംഗ് മേഖലയിലുള്ളവർ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു. രാവിലെ 9 ന് ആരംഭിച്ച പരിപാടികൾ വൈകുന്നേരം 4 ന് സമാപിച്ചു. ഫാ. ഡോ. ജോൺ തെക്കേക്കര, യു.കെ. അനന്തപത്മനാഭൻ എന്നിവർ വിഷയാവതരണം നടത്തി. പരിപാടികൾക്കു ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. തോമസ് പുതിയിടം, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയാ, ഫാ. ആന്റണി തറക്കുന്നേൽ, പോൾ മാത്യു, സി. മെറീന SD, സി. ലിൻസി റോസ് SD, രശ്മി റ്റി.എസ്., വർഷ പി. വിജയൻ എന്നിവർ നേതൃത്വം നൽകി.

### പീഡാനുഭവ വാരാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പീഡാനുഭവവാരാചണം സമുചിതമായി ആചരിച്ചു. കുമ്പസാരിക്കാനുള്ള അവസരമൊരുക്കി. ഓശാന ഞായറാഴ്ച രാവിലെ കുരുത്തോല വെഞ്ചരിപ്പും പ്രദക്ഷിണവും പെസഹാവ്യാഴാഴ്ച വൈകുന്നേരം അഞ്ചിന് കാലുകഴുകൽ ശുശ്രൂഷയും അപ്പം മുറിക്കലും പീഡാനുഭവവെള്ളിയാഴ്ച ആരാധനയും പീഡാനുഭവ തിരുകർമങ്ങളും സംഘടിപ്പിച്ചു. ഉയിർപ്പുഞായർ വി. കുർബാനയോടെ ഭക്തിസാന്ദ്രമായി ആഘോഷിച്ചു.

### അർബുദ ചികിത്സക്കു ചെത്തിപ്പുഴയിൽ വിപുലമായ സംവിധാനം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഓങ്കോളജി (അർബുദ) വിഭാഗം അതിവിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ അത്യാധുനിക ചികിത്സാസംവിധാനങ്ങളോടെ വിപുലീകരിച്ചു. സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ 31 വർഷത്തിലധികം പരിചയസമ്പത്തുമായി 15000-ൽ പരം അർബുദ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയ ഡോ. ജേക്കബ് കുര്യൻ (MBBS, MS, MCH, FIMSA, FUICC, FRCS) മെഡിക്കൽ ഓങ്കോളജി വിഭാഗത്തിൽ 15 വർഷത്തിലധികം പരിചയസമ്പത്തുള്ള ഡോ. ബോബൻ തോമസ് MBBS, MD, DNB, Fellow (Paed.

Onc), മെഡിക്കൽ ഓങ്കോളജിയിൽ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (ഡൽഹി) നിന്നും മെഡിക്കൽ ഓങ്കോളജിയിലും ജനറൽ മെഡിസിനിലും ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ ഡോ. സുകേഷ് സി. നായർ (MBBS, MD, DM, (AIMS, Delhi), റേഡിയേഷൻ ഓങ്കോളജി വിഭാഗത്തിൽ ഡോ. ബ്ലെസി ജോൺസി MBBS, DMRT, DNB എന്നിവരുടെ വിദഗ്ധമായ സേവനം ലഭ്യമാണ്.

**കൊവിഡ് ജാഗ്രത ഹെൽപ്പ്ലൈൻ**

കൊവിഡ് കേസുകൾ നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരുന്നതിനാൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ കൊവിഡ് മുൻകരുതലുകൾ പൊതുജനങ്ങൾക്കു നൽകിത്തുടങ്ങി. കൊവിഡിനെ സംബന്ധിച്ചുള്ള മാർഗനിർദേശങ്ങൾക്കു 9526998666 എന്ന ഹെൽപ്പ് ലൈൻ നമ്പർ ആരംഭിച്ചു. ശ്വസിക്കാൻ ബുദ്ധിമുട്ട്, ഉയർന്നതാപനില, കഠിനമായ ചുമ മുതലായവ 5 ദിവസത്തിൽ കൂടുതൽ നീണ്ടുനിന്നാലും ഉയർന്ന അപകടസാധ്യതയുള്ള രോഗങ്ങളുള്ളവരും എത്രയും വേഗം ചികിത്സ തേടണം.

**യോഗാപരിശീലനം നൽകുന്നു**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് നാച്ചുറോപ്പതിയുടെ നേതൃത്വത്തിൽ രാവിലെ 6.30 മുതൽ 7.30 വരെ ഏപ്രിൽ 24 മുതൽ 29 വരെയും മെയ് 1 മുതൽ 6 വരെയും രണ്ട് ബാച്ചുകളിലായി യോഗാ ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. സെഫിൻ ബേബി നയിക്കുന്ന യോഗാ ക്യാമ്പിനു വലിയ പൊതുജനപങ്കാളിത്തമുണ്ടായി. യോഗ പരിശീലനം ആവശ്യമുള്ളവർ ഡിപ്പാർട്ടുമെന്റ് ഓഫ് നാച്ചുറോപ്പതി & യോഗ സെന്ററിനെ സമീപിക്കണമെന്നു ഹോസ്പിറ്റൽ എക്സി. ഡയറക്ടർ അറിയിച്ചു.

**സ്മൈൽ ഫോട്ടോ കോമ്പറ്റിഷൻ**

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി സ്മൈൽ ഫോട്ടോ കോമ്പറ്റിഷൻ സംഘടിപ്പിച്ചു. ഹോസ്പിറ്റലിന്റെ ഔദ്യോഗിക ഫേയ്സ്ബുക്ക് പേജിൽ പ്രസിദ്ധീകരിച്ച ഫോട്ടോസിന്റെ ലൈക്കുകളുടെ അടിസ്ഥാനത്തിലാണ് വിജയികളെ തിരഞ്ഞെടുത്തത്. വിജയികൾക്ക് 3000, 2000, 1000 രൂപ സമ്മാനങ്ങൾ നൽകി. സ്വയമെടുത്ത ഫോട്ടോകൾ മാത്രമേ മത്സരത്തിൽ പരിഗണിച്ചിരുന്നുള്ളു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. തോമസ് പുതിയിടം**
(അസോസിയേറ്റ് ഡയറക്ടേഴ്സ്)

**ഫാ. ജയിംസ് പി. കുന്നത്ത്**
(എക്സിക്യൂട്ടിവ് ഡയറക്ടർ)

## സഹൃദയ ഹോസ്പിറ്റൽ

**ക്ഷയരോഗ വിമുക്തിക്കായി പൊരുതുന്നവർക്കൊപ്പം സഹൃദയയും**

''നമുക്കു റ്റി. ബി യെ ഇല്ലാതാക്കാം'' എന്ന ദൗത്യത്തിൽ ലോക ക്ഷയരോഗദിനാചാരണത്തിന്റെ ഭാഗമായി സഹൃദയ ഹോസ്പിറ്റൽ അങ്കണത്തിൽ വീഡിയോ പ്രസന്റേഷൻ അവതരിപ്പിക്കുകയും ഡോ. ശ്രീപ്രസാദ് (ഐ.എ.പി)

ക്ഷയരോഗദിന സന്ദേശം വെബിനാറിലൂടെ നൽകുകയും ചെയ്തു. ക്ഷയരോഗ ബോധവൽക്കരണം ലക്ഷ്യംവെച്ചുകൊണ്ട് ലീഫ്‌ലെറ്റ് വിതരണം നടത്തി.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

ആലപ്പുഴ സഹൃദയ ആശുപത്രിയുടെയും അറപ്പക്കൽ അമലോൽഭവ മാതാ ദൈവാലയത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ഇടവകവികാരി ബഹു. ഫാ. വർഗീസ് ചെറിയശ്ശേരി ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സഹൃദയ ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ബഹു. ഫാ. തോമസ് മാളിയേക്കൽ ആശംസയർപ്പിച്ചു. ആശുപത്രിയുടെ ഓർത്തോപീഡിക്സ് വിഭാഗം ഡോ. ശിവസുബ്രഹ്മണ്യൻ, ഇ. എൻ. റ്റി വിഭാഗം ഡോ. പ്രശാന്ത് എന്നിവർ നേതൃത്വം നൽകി. BMD, PFT പരിശോധനാ ക്രമീകരണങ്ങളും പ്രമേഹരോഗ നിർണയവും സൗജന്യ മരുന്നു വിതരണവും നടത്തി.

ആലപ്പുഴ സഹൃദയ ആശുപത്രിയുടെയും ആറാട്ടുവഴി ശ്രീ. സത്യസായി സേവ സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. സഹൃദയ ആശുപത്രിയുടെ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ശ്രീ. രാമചന്ദ്രൻ പിള്ള (DPSO ആലപ്പുഴ), ഡോ. മധുസൂദന പണിക്കർ (I/C SAIMED ആറാട്ടുവഴി സമിതി), ശ്രീ. ജ്യോതി പ്രകാശ് (കൗൺസിലർ AMC കളപ്പുര), ശ്രീ. ഡി.പി. മധു (കൗൺസിലർ AMC ആറാട്ടുവഴി), ശ്രീ. അജിത് (ഡിസ്ട്രിക്ട് കോർഡിനേറ്റർ) എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ആശുപത്രിയുടെ ജനറൽ മെഡിസിൻ വിഭാഗം ഡോ. കെ.പി. ഹെഗ്ഡെ, പൾമണോളജി വിഭാഗം ഡോ. സായിലാൽ, അസ്ഥിരോഗവിഭാഗം ഡോ. ശിവ സുബ്രഹ്മണ്യൻ, നേത്രരോഗ വിഭാഗം ഡോ. അനിൽ ദത്ത്, ഇ.എൻ. റ്റി വിഭാഗം ഡോ. പ്രശാന്ത്. ജി എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി. PFT, Eye Test, Uric Acid, GRBS, BP എന്നീ പരിശോധനകളും സൗജന്യ മരുന്നുവിതരണവും നടത്തി.

**സൗജന്യ ഇൻ – ഹൗസ് ഓർത്തോ സർജറി ക്യാമ്പ് നടത്തി**

ആലപ്പുഴ സഹൃദയ ആശുപത്രിയിൽ സൗജന്യ ഇൻ – ഹൗസ് ഓർത്തോ സർജറി ക്യാമ്പ് നടത്തി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കു സഹൃദയയുടെ അസ്ഥിരോഗവിഭാഗത്തിന്റെ സേവനങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2023 ഏപ്രിൽ 10 മുതൽ 14 വരെ നടത്തിയ ക്യാമ്പ് സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. അർഹരായ 5 പേർക്കു സൗജന്യ മുട്ടുമാറ്റിവെയ്ക്കൽ ശസ്ത്രക്രിയയും ക്യാമ്പിൽ പങ്കെടുത്തവർക്കു സൗജന്യ കൺസൾട്ടേഷൻ, എക്സ്–റേ, ലാബ്, മരുന്നുകൾ എന്നിവയ്ക്കു ഡിസ്കൗണ്ടും ക്രമീകരിച്ചു.

**ഫാ. ആന്റോ ആന്റണി പെരുമ്പള്ളിത്തറ**
(അസിസ്റ്റന്റ് ഡയറക്ടർ)

**ഫാ. തോമസ് മാളിയേക്കൽ**
(എക്സിക്യൂട്ടീവ് ഡയറക്ടർ)

ഈശോയിൽ സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

**തൊഴിലാളിദിനത്തിന്റെ ആശംസകൾ!!!**

24.03.2023 അഭി. പവ്വത്തിൽ പിതാവിന്റെ ഏഴാം അനുസ്മരണദിനത്തിൽ നടന്ന വി. കുർബാനയിലും അനുബന്ധചടങ്ങുകളിലും എല്ലാ അംഗങ്ങളും പങ്കെടുത്തു. അന്നേദിവസം UAE ചാപ്റ്റർ അഭി. പവ്വത്തിൽ പിതാവിന്റെ അനുസ്മരണം ഓൺലൈനിലൂടെ നടത്തി. UAE സീറോമലബാർ, മലങ്കര, ലാറ്റിൻ സഭാ പ്രതിനിധികളും വിവിധ എമിറേറ്റ്സുകളിലെ പ്രതിനിധികളും ഈ സമ്മേളനത്തിൽ പങ്കെടുത്തു. UAE ചാപ്റ്റർ കോർഡിനേറ്റർ ശ്രീ. ബിജു മട്ടാഞ്ചേരി സമ്മേളനത്തിനു നേതൃത്വം വഹിച്ചു.

ഏപ്രിൽ 1 ന് ഡൽഹി സീറോമലബാർ അൽമായകൂട്ടായ്മയുടെ നേതൃത്വത്തിൽ കാലംചെയ്ത അഭി. ജോസഫ് പവ്വത്തിൽ പിതാവിന്റെ അനുസ്മരണം ഉച്ചകഴിഞ്ഞ് 3 മണിക്ക് പരി. കുർബാനയും തുടർന്ന് അനുസ്മരണയോഗവും നടത്തപ്പെട്ടു. നോമ്പാരംഭം മുതൽ ഓരോ ദിവസവും 'സൗമാറമ്പാ' എന്ന പേരിൽ അസി. ഡയറക്ടർ ഫാ. മാത്യു മാറാട്ടുകളം വചനസന്ദേശം പങ്കുവച്ചു. 16-ാം തീയതി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുമായി ചേർന്ന് പ്രവാസികൾക്കും അവരുടെ കുടുംബങ്ങൾക്കുമായി ആവിഷ്ക്കരിക്കുന്ന 'കരുതൽ' എന്ന പദ്ധതിയെക്കുറിച്ച് അഭി. ജോസഫ് പെരുന്തോട്ടം പിതാവിന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ ഹോസ്പിറ്റലിലെ ബഹു. വൈദികരുമായി ഡയറക്ടേഴ്സ്, ഗ്ലോബൽ എക്സിക്യുട്ടിവ്സ്, അതിരൂപതാ എക്സിക്യുട്ടിവ്സ്, ജി.സി.സി. & ഗ്ലോബൽ എക്സിക്യുട്ടിവ്സ്, നഴ്സസ് എക്സിക്യുട്ടിവ്സ് തുടങ്ങിയവർ ചർച്ചകൾ നടത്തി. ഏപ്രിൽ 17-ാം തീയതി ജന്മദിനമാഘോഷിച്ച പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽകളത്തിലിന് എല്ലാ പ്രവാസികളും എക്സിക്യുട്ടിവ് അംഗങ്ങളും പ്രാർത്ഥനാശംസകൾ അറിയിച്ചു. സിവിൽ സർവീസ് കോച്ചിംഗിനുവേണ്ടി സജ്ജീകരിച്ചിരിക്കുന്ന ലിറ്റിൽ സ്റ്റാർ ഓപ്പറേഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട ബിരുദധാരികളായ യുവതീ-യുവാക്കളുടെ അഭിമുഖം 28.04.2023 വെള്ളിയാഴ്ച നടത്തി.

**അനുശോചനം**

പ്രവാസി അപ്പോസ്തലേറ്റ് കുവൈറ്റ് ചാപ്റ്റർ അഹ്മദി സോൺ അംഗമായിരുന്ന കൈനകരി പുതിയാറ ജോസഫ് പി.ജെ. കുവൈറ്റിൽ നിര്യാതനായി. പ്രവാസി അപ്പോസ്തലേറ്റ് അനുശോചനമറിയിച്ചു.

**ആവേ മരിയ ഹോളിഡേയ്സ്**

സെപ്റ്റംബർ 19-ാം തീയതി നടത്തുന്ന യൂറോപ്പ് ട്രിപ്പിന്റെ രണ്ടാം സംഘത്തിലേക്കുള്ള ബുക്കിംഗ് നടത്തിവരുന്നു. താല്പര്യമുള്ളവർ ആവേ മരിയ ഓഫീസിൽ കോൺടാക്റ്റ് ചെയ്യുക.

**ഫാ. മാത്യു മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (നോർക്ക ഹെൽപ്പ് ഡസ്ക്)**
**ആവേ മരിയ ഹോളിഡേയ്സ്: 9207777092**

ഈശോയിൽ പ്രിയപ്പെട്ടവരേ,

മെയ്ദിനത്തിന്റെ ആശംസകൾ എല്ലാവർക്കും സ്നേഹപൂർവം നേരുന്നു! തൊഴിലാളികളുടെ മധ്യസ്ഥനായ മാർ യൗസേപ്പ് പിതാവിന്റെ മാധ്യസ്ഥ്യം നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം. തച്ചനെന്ന ജോലി ഫലപ്രദമായി നിറവേറ്റിയ മാർ യൗസേപ്പ് പിതാവ് ജീവിതവഴികളിൽ ഉണർവോടെ അധ്വാനിക്കുവാൻ നമുക്കെപ്പോഴും മാതൃകയാണ്. സാമൂഹികപ്രശ്നങ്ങളെ അപഗ്രഥിച്ചുകൊണ്ട് ലെയോ പതിമൂന്നാമൻ മാർപാപ്പ 1891-ൽ പുറപ്പെടുവിച്ച തൊഴിലാളികളുടെ അവകാശപത്രിക എന്നറിയപ്പെടുന്ന ''റേരും നൊവാരും'' എന്ന ചാക്രികലേഖനം മുതൽ സാമൂഹികവിഷയസംബന്ധിയായി മാർപാപ്പാമാരും സൂനഹദോസുകളും പുറപ്പെടുവിച്ചിട്ടുള്ള സാമൂഹികപ്രബോധനങ്ങളും ലോകമനഃസാക്ഷിയെതന്നെ സ്വാധീനിക്കുകയും തത്ഫലമായി തൊഴിലാളികളുടെ പുരോഗതിക്കു വഴിതെളിക്കുകയും ചെയ്തിട്ടുണ്ട്.

ചങ്ങനാശേരി അതിരൂപതാ കെ.എൽ.എം. കുടുംബത്തെ സംബന്ധിച്ചിടത്തോളം മെയ്ദിനം ഒത്തുചേരലിന്റെയും സന്തോഷത്തിന്റെയും സുദിനമാണ്. ആയിരങ്ങൾ പങ്കുചേരുന്ന വർണ്ണാഭമായ റാലിയും അഭിവന്ദ്യ പിതാക്കന്മാരുടെ സന്ദേശങ്ങളും വിവിധ തലങ്ങളിൽ മികച്ച നേട്ടം കൈവരിച്ചവരെ ആദരിക്കലുമൊക്കെയായ് മെയ്ദിനം ഒരു ഉത്സവപ്രതീതിയാണ് ഓരോരുത്തർക്കും സമ്മാനിക്കുന്നത്. മെയ്ദിനത്തിന്റെ തലേ ഞായറാഴ്ച ഇടവകകളിൽ നടത്തുന്ന പതാകദിനവും സമുചിതമായി നമുക്കു കൊണ്ടാടാം.

എല്ലാവരെയും മെയ്ദിനത്തിന്റെ സംഗമവേദിയിലേക്കു വളരെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. ദൈവാനുഗ്രഹത്തിന്റെ പ്രാർത്ഥനയോടെ,

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

**മെയ്ദിന സന്ദേശറാലിയും തൊഴിലാളി സംഗമവും**

മെയ്ദിനസന്ദേശറാലി മെയ് 1 ഉച്ചകഴിഞ്ഞ് 3 മണിക്ക് ചങ്ങനാശേരി DYSP ശ്രീ. സനിൽകുമാർ സി.ജി. ഫ്ളാഗ്ഓഫ് ചെയ്തു. തുടർന്ന് അരമനപ്പടിയിൽനിന്നു എസ്.ബി. കോളജ് കാവുകാട്ട്ഹാൾ വരെ നടത്തപ്പെട്ട വർണാഭമായ റാലിയിൽ ആയിരങ്ങൾ പങ്കുചേർന്നു. നാലുമണിക്കു നടന്ന തൊഴിലാളി സംഗമം അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനവും അഭി. മാർ തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണവും നടത്തി. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗവും സഫാരി ടി.വി., ലേബർ ഇന്ത്യ പബ്ലിക്കേഷൻസ് എം.ഡി. യുമായ ശ്രീ. സന്തോഷ് ജോർജ് കുളങ്ങര മുഖ്യാതിഥിയായി പങ്കെടുത്തു. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച കെ.എൽ.എം. പ്രവർത്തകരെ ആദരിച്ചു.

**പുതിയ സംഘങ്ങൾ**

1. വായ്പൂര് ന്യൂ യൂണിറ്റിൽ സെന്റ് അൽഫോൻസാ SHG രൂപീകരിച്ചു. വികാരി റവ. ഫാ. ജോർജ് വാത്യാകരി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.
2. ചങ്ങംകരി യൂണിറ്റിൽ സെന്റ് മേരീസ് SHG രൂപീകരിച്ചു. വികാരി റവ. ഫാ. തോമസ് കാരയ്ക്കാട് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.
3. പുളിങ്കുന്ന് യൂണിറ്റിൽ സെന്റ് തോമസ് SHG രൂപീകരിച്ചു. ഫൊറോനാ വികാരി വെരി റവ. ഫാ. മാത്യു പുത്തനങ്ങാടി സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.
4. നാലുകോടി യൂണിറ്റിൽ ലിറ്റിൽ ഫ്ളവർ, സെന്റ് ജൂഡ്, കാർമൽ, സെന്റ് അന്ന മരിയ, അമലോത്ഭവ, സെന്റ് മേരീസ്, മേരി മാതാ, ജിയന്ന എന്നീ SHGകൾ രൂപീകരിച്ചു. വികാരി റവ. ഫാ. സഖറിയാസ് കരുവേലിൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

**ആലപ്പുഴ ശാന്തിഭവൻ സന്ദർശനം**

ചാഞ്ഞോടി കെ.എൽ.എം. യൂണിറ്റിന്റെ അഭിമുഖ്യത്തിൽ ആലപ്പുഴ ശാന്തി ഭവൻ സന്ദർശിക്കുകയും നിത്യോപയോഗസാധനങ്ങൾ നൽകുകയും ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, വികാരി റവ. ഫാ. തോമസ് വാഴപ്പറമ്പിൽ, യൂണിറ്റ് കോർഡിനേറ്റർ ശ്രീ. പ്രിജോഷ് ചാക്കോ, സംഘം ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

**പതാകദിനം**

മെയ്ദിനത്തിനു മുന്നോടിയായി തലേഞായറാഴ്ച എല്ലാ യൂണിറ്റുകളിലും പതാകദിനം സമുചിതമായി ആചരിക്കുക.

**ആദരാഞ്ജലികൾ**

ചാഞ്ഞോടി താബോർ സംഘാംഗം അലക്സാണ്ടർ വി.എ. വലിയവീട്ടിലിന്റെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**മരണാനന്തര സഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരന്റെ നോമിനിക്കു മരണാനന്തര സഹായമായി 1,20,000/രൂപാ കൈമാറി.

108. ജോൺ മാത്യു മോഴൂർ കൊച്ചുകളത്തിൽ, ചങ്ങനാശേരി സെന്റ് ഔസേഫ് സംഘാംഗം (14.4.2023)

ഈശോയിൽ പ്രിയപ്പെട്ടവരേ,

ആത്മതാകേന്ദ്രത്തിന്റെ നേതൃത്വത്തിൽ നിത്യരോഗികളായവരുടെ മക്കളുടെ പഠനസഹായത്തിനായി 100-ൽ പരം കുട്ടികൾക്കായി മാസംതോറും ആയിരം രൂപാവീതം നല്കിവരുന്ന 'സപ്പോർട്ട് എ ചൈൽഡ്' സഹായപദ്ധതി ഭംഗിയായി നടന്നുവരുന്നു. വളരെ നിശബ്ദമായി ചെയ്യുന്ന ഈ പാവനശുശ്രൂഷ നല്ലവരായ അനേകരുടെ സുമനസ്സുകൊണ്ടാണ് നിറവേറ്റപ്പെടുന്നത്. എല്ലാ ഉപകാരികളെയും നന്ദിയോടെ സ്മരിക്കുന്നു.

മെയ് 27-ാം തീയതി ശനിയാഴ്ച സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ വാർഷികാഘോഷമാണ്. ഈ സഹായപദ്ധതി കൂടുതൽ വിശാലമാക്കപ്പെടാനും ഇനിയും അർഹതപ്പെട്ടവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനും നിങ്ങളേവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
(ഡയറക്ടർ)

**ഹോമിയോ ചികിത്സാപദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ദ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുവാൻ എല്ലാവരും ശ്രദ്ധിക്കുക.

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) ഇരവുചിറ, ഇമ്മാനുവൽ പ്രാർത്ഥനശുശ്രൂഷാകേന്ദ്രം
വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാ ദൈവാലയം
വെള്ളി - (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നിത്യരോഗികളായവരുടെ മക്കൾക്കു പഠനത്തിനും പോഷകാഹാരത്തിനുമായുള്ള സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ ഭാഗമായി കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ സപ്പോർട്ട് എ ചൈൽഡ് പദ്ധതിയിലെ കുട്ടികൾക്ക് ചങ്ങനാശേരി പാസ്റ്ററൽ സെന്ററിൽ 29.04.2023 ശനിയാഴ്ച രാവിലെ ഒരു മണിക്കൂർ പ്രാർത്ഥനയോടുകൂടി ഫാ. ജോൺ വടക്കേകളത്തിന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു.

*ശേഷം പേജ് 93 ൽ.....»*

## DCMS അതിരൂപതാ സംയുക്ത കമ്മിറ്റി യൂണിറ്റ് ശക്തീകരണ സന്ദർശനം

26.03.2023 ഞായറാഴ്ച 8 AM ന് ചമ്പക്കുളം ഫൊറോനയിലെ ചമ്പക്കുളം നസ്രത്ത്, പുളിങ്കുന്ന് സെന്റ് മേരീസ് യൂണിറ്റുകളിൽ അതിരൂപതാ സംയുക്ത കമ്മിറ്റിയംഗങ്ങൾ യൂണിറ്റുകളിൽ സന്ദർശനം നടത്തി. പൊതുയോഗങ്ങളിൽ പങ്കെടുത്ത് യൂണിറ്റിലെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ട നിർദേശങ്ങൾ, ചർച്ചകൾ എന്നിവ നടത്തുകയും അതിരൂപതാ കമ്മിറ്റി പ്രവർത്തന പരിപാടികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. 16.04.2023 ൽ ചങ്ങനാശേരി ഫൊറോനയിലെ ചീരഞ്ചിറ യൂണിറ്റ് സന്ദർശനത്തിലും കുറുമ്പനാടം യൂണിറ്റിലെ കോർണർ മീറ്റിങ്ങിലും അതിരൂപതാ കമ്മിറ്റി പങ്കെടുത്തു. 23.4.2023 മുതൽ ചങ്ങനാശേരി ഫൊറോനയിലെ കത്തീഡ്രൽ, പറാൽ, ചെത്തിപ്പുഴ, കുറുമ്പനാടം ഫൊറോനയിലെ അസംപ്ഷൻ, മാന്നില എന്നീ യൂണിറ്റുകളിൽ സന്ദർശനവും 3 PM ന് എടത്വാ സെന്റ് ജോർജ് ഇടവകയിൽ ഡിസിഎംഎസ് യൂണിറ്റ് രൂപീകരണ മീറ്റിംഗും നടത്തും.

### യൂണിറ്റുസന്ദർശനം

| *തീയതി* | *ഫൊറോന* |
|---|---|
| 07.05.2023 | നെടുങ്കുന്നം യൂണിറ്റുകൾ |
| 14.05.2023 | കോട്ടയം യൂണിറ്റുകൾ |
| 21.05.2023 | അതിരമ്പുഴ യൂണിറ്റുകൾ |
| 28.05.2023 | കുടമാളൂർ യൂണിറ്റുകൾ |

### പി.എം. മർക്കോസ് അനുസ്മരണം

ഡിസിഎംഎസ് സ്ഥാപക പ്രസിഡന്റും ആദ്യ MLCയുമായിരുന്ന പി.എം. മർക്കോസിന്റെ അനുസ്മരണദിന സമ്മേളനം കോട്ടയം വിജയപുരം രൂപത നല്ലിടയൻ ദൈവാലയത്തിൽ 14.04.2023 ൽ നടത്തപ്പെട്ടു. വി. കുർബാനയ്ക്കും ഒപ്പീസിനും KCBC SC/ST/BC കമ്മിഷൻ ചെയർമാൻ ഗീവർഗീസ് മാർ അപ്രേം പിതാവ് കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 2 ന് നടന്ന അനുസ്മരണസമ്മേളനത്തിൽ നിരവധി ഡിസിഎംഎസ് അംഗങ്ങളും ചങ്ങനാശേരി അതിരൂപത ഡിസിഎംഎസ് കമ്മിറ്റിയിൽ നിന്നു 12 അംഗങ്ങളും പങ്കെടുത്തു. ഡിസിഎംഎസ് സംസ്ഥാന കമ്മിറ്റി നേതൃത്വം നൽകി.

### ഡിസിവൈഎൽ യുവജന ക്യാമ്പ്

ദലിത് കത്തോലിക്കാ യൂത്ത് ലീഗ് (ഡിസിവൈഎൽ) അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടത്തപ്പെടുന്ന ത്രിദിന യുവജന ക്യാമ്പ് (ALOHA 2023) മെയ് 21,22,23 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടക്കും. KCBC SC / ST / BC

*ശേഷം പേജ് 95 ൽ.....»*

പ്രിയ സഹോദരങ്ങളേ,

അതിരൂപതയിലെ എല്ലാ ഭ്രാതൃത്വങ്ങളുടെയും പഠനത്തിനും ധ്യാനത്തിനും സഭാംഗങ്ങൾക്കായി നൽകപ്പെട്ടിരിക്കുന്ന ഔദ്യോഗിക 'നിയമാവലിയും ജീവിത ക്രമവും' തുടർച്ച. കർത്താവിന്റെ നാമത്തിൽ തപശ്ചര്യയുടെ സഹോദരീസഹോദരന്മാർക്കു വി. ഫ്രാൻസിസ് നൽകുന്ന ഉദ്ബോധനം.

**വകുപ്പ് 2**

1. അത്മായ ഫ്രാൻസിസ്കൻ സഭയിലേയ്ക്കുള്ള ദൈവവിളി അതിലെ അംഗങ്ങളുടെ ജീവിതത്തിനും അപ്പസ്തോലിക പ്രവർത്തനങ്ങൾക്കും സവിശേഷമായ രൂപവും ഭാവവും നൽകുന്ന വിളിയാണ്. ആകയാൽ വ്രതവാഗ്ദാനം വഴി മറ്റൊരു സന്യാസസമൂഹത്തോടു ബന്ധപ്പെട്ടിരിക്കുന്ന ഒരാളെ ഈ സഭയിലേക്കു സ്വീകരിക്കുന്നതല്ല.
2. ഏതു ജീവിതാവസ്ഥയിലുള്ള ക്രൈസ്തവവിശ്വാസികൾക്കും അത്മായ ഫ്രാൻസിസ്കൻ സഭയിൽ അംഗത്വം സ്വീകരിക്കാം. താഴെ പറഞ്ഞിരിക്കുന്നവർ അതിൽ ഉൾപ്പെടുന്നു.

   അത്മായർ (സ്ത്രീകളും പുരുഷന്മാരും), സന്യാസികളല്ലാത്ത വൈദികർ, ഡീക്കന്മാർ, മെത്രാന്മാർ, വിശ്വാസികൾ.

**വകുപ്പ് 3**

1. അത്മായ ഫ്രാൻസിസ്കൻ സഭാംഗങ്ങൾ തങ്ങളുടെ അത്മായാവസ്ഥയിൽ ആദ്ധ്യാത്മികതയും അപ്പസ്തോലികജീവിതവും വ്യക്തമാക്കുന്നു.
2. ഓരോരുത്തരുടെയും ജീവിതാന്തസ്സനുസരിച്ച് അവരവരുടെ ദൈവവിളിയിലും അപ്പസ്തോലിക പ്രവർത്തനങ്ങളിലും ഈ ആത്മീയാവസ്ഥ പ്രകടമാക്കുന്നു. അതായത്, അത്മായർ ജീവിതസാഹചര്യങ്ങളിലും ഭൗതിക വ്യാപാരങ്ങളിലും തങ്ങളുടെ സാന്നിദ്ധ്യംകൊണ്ട് ദൈവരാജ്യം കെട്ടിപ്പെടുക്കുന്നു. സന്യാസികളല്ലാത്ത വൈദികരാവട്ടെ, മെത്രാനോടും സഭാധികാരികളോടും യോജിച്ച് ദൈവജനത്തിനു ചെയ്യേണ്ടതായ സേവനം അനുഷ്ഠിക്കുന്നതിൽ തൽപരരാകണം. വി. ഫ്രാൻസിസ് ഊന്നൽ കൊടുത്തിട്ടുള്ള സുവിശേഷാത്മക ജീവിതത്താൽ പ്രചോദിതരായി ഇരുകൂട്ടരും ഫ്രാൻസിസ്കൻ കുടുംബത്തിലെ മറ്റു ഘടകങ്ങളോടുചേർന്ന് തങ്ങളുടെ ദൗത്യനിർവഹണത്തിനായി സ്വയം അർപ്പണം ചെയ്യുന്നു.
3. അത്മായ ഫ്രാൻസിസ്കൻ സമൂഹത്തിലേക്കുള്ള വിളി സ്നേഹസമൂഹങ്ങളായി സുവിശേഷാത്മക ജീവിതം നയിക്കാനുള്ള വിളിയാണ്. ആകയാൽ സഭാസമൂഹങ്ങളോടുചേർന്ന് പ്രവർത്തിക്കുന്ന അത്മായ ഫ്രാൻസിസ്കൻ സഭാംഗങ്ങളുടെ കൂട്ടായ്മകൾ 'ഭ്രാതൃത്വങ്ങൾ' എന്നു വിളിക്കപ്പെടുന്നു.

### പീഡാനുഭവപദയാത്ര

SFO ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടന്ന നോമ്പുകാല പീഡാനുഭവപദയാത്ര 1.4.2023 ശനിയാഴ്ച 11 മണിക്കു പച്ച ചെക്കിടിക്കാട് ലൂർദ്മാതാ പള്ളിയിൽനിന്നും ഇടവക വികാരി ബഹു. ജയിംസ് മാളേക്ക ലിന്റെ അനുഗ്രഹപ്രഭാഷണത്തോടുകൂടി ആരംഭിച്ചു. 1 മണിക്കു എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ എത്തിച്ചേർന്ന പദയാത്രയ്ക്കു അസി. വികാരി ഫാ. ജോസഫ് കൈതപ്പറമ്പിൽ സ്വാഗതമാശംസിച്ചു. തുടർന്ന്, സീറോ മലബാർ സഭ SFO സ്പിരിച്ച്വൽ അസിസ്റ്റന്റ് ബഹു. ഫാ. മൈക്കിൾ പറൂശ്ശേരിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ കബറിടത്തിൽ ഇടവക വികാരി റവ. ഫാ. ഫിലിപ്പ് വൈക്കത്തു കാരൻവീട്ടിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരിയിലെ വിവിധ ഭ്രാതൃത്വ ങ്ങളിൽനിന്നു പ്രതികൂല കാലാവസ്ഥയെ തോൽപ്പിച്ച് ധാരാളം സഭാമക്കൾ പങ്കെടുത്തു. പങ്കെടുത്തവർക്കു നന്ദിയും അഭിനന്ദനങ്ങളും.

### സ്വർഗപ്രാപ്തി

കുട്ടനാട് റീജൺ പൂന്തോപ്പ് സെന്റ് ഫ്രാൻസിസ് അസ്സീസി ഭ്രാതൃത്വാംഗം സഹോദരി പുത്തൻപുരയ്ക്കൽ മോളിക്കുട്ടി വർഗീസ് നിര്യാതയായി.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
(പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(സ്പിരിച്ച്വൽ അസിസ്റ്റന്റ്)

❍

---

» *ആത്മതാകേന്ദ്രം തുടർച്ച...*

ടി.എം. മാത്യു ബോധവത്ക്കരണ ക്ലാസ്സ് നയിച്ചു. ഉച്ചഭക്ഷണവും 47500/ രൂപ യുടെ ധനസഹായവും നല്കി. ട്രീസാ മാത്യു സമ്മേളനത്തിനു നേതൃത്വം നല്കി.

### ലഹരിവിമുക്ത വിശുദ്ധീകരണ ധ്യാനം

ലഹരിവിമുക്തി ആഗ്രഹിക്കുന്നവർക്കു പ്രാർത്ഥനയിലൂടെയും ധ്യാനത്തിലൂ ടെയും വിമുക്തിയുടെ മാർഗം തുറക്കാൻ കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **2023 മെയ് 14 മുതൽ 19 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണ ധ്യാനം നടത്തപ്പെടുന്നു. മെയ് 14-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 19-ാം തീയതി ഉച്ചക്ക് ഒരു മണിക്ക് ധ്യാനം അവസാനിക്കും. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസ് ഉണ്ടായിരിക്കുന്നതല്ല. തദവസരത്തിൽ പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റുകൾ എന്നിവരുടെ സേവനം ലഭ്യമാണ്.

പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
ഫോൺ: 0469 2693413, 2690414, 9495193406

❍

*''ആഴത്തിലേക്കു നീക്കി മീൻ പിടിക്കാൻ വലയിറക്കുക''* (ലൂക്കാ 5:4)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

നമ്മുടെ ഭൂരിഭാഗം കോൺഫറൺസുകളും കൂടുതൽ തീക്ഷ്ണതയോടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവച്ച കാലഘട്ടമായിരുന്നു 2022-23 സാമ്പത്തികവർഷം. എല്ലാ അർത്ഥത്തിലും പുതുമയെ ഉൾക്കൊണ്ടു നമ്മുടെ പുതിയ രീതിയിലുള്ള വാർഷിക കണക്കുകൾ കൃത്യസമയത്തുതന്നെ എത്തിച്ച തിരുവനന്തപുരം, കുറുമ്പനാടം, ചമ്പക്കുളം, ആലപ്പുഴ, അതിരമ്പുഴ, മണിമല, കുടമാളൂർ ഏരിയാ കൗൺസിലുകളെ അഭിനന്ദിക്കുന്നു. നമ്മുടെ കോൺഫറൺസുകളുടെയും ഏരിയാ കൗൺസിലുകളുടെയും വാർഷികാഘോഷങ്ങളിൽ ജോസഫ് പനക്കേഴം അച്ചനും സി.സി. ഭാരവാഹികളും പങ്കെടുത്തു.

സെൻട്രൽ കൗൺസിലിന്റെ 69-ാമതു വാർഷികാഘോഷങ്ങൾ മെയ് 14 ഞായറാഴ്ച അതിരമ്പുഴയിലാണ് നടത്തുന്നത്. സെൻട്രൽ കൗൺസിലിന്റെ ചരിത്രത്തിൽ അതിരമ്പുഴയ്ക്കുള്ള പ്രാധാന്യം പരിഗണിച്ചും അതിരമ്പുഴയിലെ പ്രവർത്തകരുടെ അഭ്യർത്ഥന മാനിച്ചുമാണ് സെൻട്രൽ കൗൺസിൽ ഇങ്ങനെ ഒരു തീരുമാനം എടുത്തത്. 85 വർഷങ്ങൾക്കു മുമ്പ് 1938-ൽ ചങ്ങനാശേരി അതിരൂപതയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആദ്യ കോൺഫറൺസ് സ്ഥാപിതമായത് അതിരമ്പുഴയിലാണ്. കേരളത്തിലെ ആദ്യത്തെ ഏരിയാ കൗൺസിലായ അതിരമ്പുഴ ഏരിയാ കൗൺസിലിന്റെ പ്ലാറ്റിനം ജൂബിലി വർഷം എന്ന വലിയ പ്രത്യേകതയും ഈ വർഷത്തിനുണ്ട്. അതിരമ്പുഴ ഏരിയാ കൗൺസിലിൽപ്പെട്ട ചെറുവാണ്ടൂർ സെന്റ് ജോർജ്, പുന്നത്തുറ സെന്റ് തോമസ് എന്നീ കോൺഫറൺസുകളും പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയാണ്. നാല്പാത്തിമല സെന്റ് തോമസ് കോൺഫറൺസും അതിരമ്പുഴ സെന്റ് മേരീസ് ജൂനിയർ കോൺഫറൺസും ഈ വർഷം രജതജൂബിലിയിലേക്കു കടക്കുന്നുവെന്നതും ഈ തീരുമാനത്തിനു പ്രേരകമായി. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ്, മഹാത്മഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. ജാൻസി ജയിംസ്, ദേശീയ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൽരാജ് എന്നിവർ പങ്കെടുക്കുന്ന വാർഷികസമ്മേളനത്തിൽ നിങ്ങളുടെ സാന്നിധ്യം സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. മെയ് 12 മുതൽ ദേശീയാധ്യക്ഷൻ നമ്മുടെ ചില കോൺഫറൺസുകളും ഏരിയാ കൗൺസിലുകളും സന്ദർശിക്കുമെന്ന് താല്പര്യം അറിയിച്ചിട്ടുണ്ട്. അതിനുള്ള ക്രമീകരണങ്ങൾ സോണൽ ഓഫീസർമാർ അറിയിക്കുന്നതാണ്.

ഈ മാസം നമ്മൾ നടത്തുന്ന ഒരു സുപ്രധാന കാൽവയ്പ്പാണ് വിൻസെൻഷ്യൻ-ഓസാനാം ചാരിറ്റി കോഴ്സ് (VOCC) നമ്മുടെ സൊസൈറ്റിയെക്കുറിച്ച് ആഴത്തിൽ പഠിക്കാനും ഗ്രഹിക്കാനും അംഗങ്ങൾക്ക് അവസരമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണു കോഴ്സ് ആരംഭിക്കുന്നത്. വാർഷികസമ്മേളനത്തിൽ കോഴ്സിന്റെ ഉദ്ഘാടനം നടത്തുന്നതാണ്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ മാസം നമ്മിൽനിന്നു വേർപിരിഞ്ഞുപോയ മണിമല ഏരിയാ കൗൺസിൽ മുൻ പ്രസിഡന്റ് ബ്രദർ ജോർജ് വെമ്പേനി, ചീരഞ്ചിറ കോൺ

ഫറൺസ് സ്ഥാപകാംഗം ബ്രദർ ഫിലിപ്പോസ് ചിറത്തലയ്ക്കൽ, കായൽപ്പുറം കോൺഫറൺസ് മുൻ പ്രസിഡന്റ് ബ്രദർ ജോസഫ് കുഞ്ഞ് മോഴൂർ ജോസ് ഭവൻ, കൈതവന കോൺഫറൺസ് മുൻ പ്രസിഡന്റ് ബ്രദർ ജോസഫ് കുഞ്ഞ് പള്ളാത്ത് എന്നിവരുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണ തിരുനാളിന്റെയും പന്തക്കുസ്താ തിരുനാളിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

---

» *ഡിസിഎംഎസ് തുടർച്ച...*

ചെയർമാൻ ഗീവർഗീസ് മാർ അപ്രേം പിതാവ് ഉദ്ഘാടനം ചെയ്യും. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, ഡിസിഎംഎസ് സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ, അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്, ഡിസിവൈഎൽ അതിരൂപത പ്രസിഡന്റ് ശ്യാം കെ. ജോസഫ് എന്നിവർ സന്നിഹിതരാകും. 22-23 (ശനി, ഞായർ) ദിവസങ്ങളിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. തോമസ് തറയിൽ പിതാക്കന്മാർ ക്യാമ്പ് സന്ദർശിക്കും.

### ഡിസിഎംഎസ് വിദ്യാർത്ഥി ക്യാമ്പ്

ഡിസിഎംഎസ് അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ഒരു ക്യാമ്പ് നടത്തുന്നു. V, VI, VII, VIII, IX ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനുതകുന്ന ക്ലാസുകൾ, ഗെയിമുകൾ തുടങ്ങി മറ്റു പ്രവർത്തനങ്ങളോടുകൂടി മെയ് 6,7 ദിവസങ്ങളിൽ 10 AM ന് ആരംഭിച്ച് 7-ാം തീയതി 4 PM ന് സമാപിക്കുന്ന ക്യാമ്പ് ചങ്ങനാശേരി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടക്കും. ഡിസിഎംഎസ് യൂണിറ്റ് ഇടവകയിലെ വിദ്യാർത്ഥികളെയും പങ്കെടുപ്പിക്കുന്നതിനു ഭാരവാഹികൾ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

### ഡിസിഎംഎസ് വനിതാ ശക്തീകരണ സെമിനാർ

KCBC അംഗീകാരത്തോടെ ഡിസിഎംഎസ് സംസ്ഥാനസമിതി ദളിത് കത്തോലിക്കാ വനിതകൾക്കായി വനിതാ ശക്തീകരണ സെമിനാർ 2023 ഏപ്രിൽ 21 വെള്ളിയാഴ്ച 10 AM മുതൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപത വനിതാവിഭാഗം (ഡിസിവിഎസ്) അംഗങ്ങൾ പങ്കെടുക്കും.

**മാത്യു ജോസഫ്** (സെക്രട്ടറി ഇൻ ചാർജ്) **ഡോ. സിജോ ജേക്കബ്** (പ്രസിഡന്റ്) **ഫാ. ജോൺ വടക്കേകളം** (ഡയറക്ടർ)

*യുവാവ് തന്റെ മാർഗം എങ്ങനെ നിർമലമായി സൂക്ഷിക്കും? അങ്ങയുടെ വചനമനുസരിച്ചു വ്യാപരിച്ചുകൊണ്ട്* (സങ്കീർത്തനം 119:9).

ആനിമേറ്റർ ലൂയിസ് വെള്ളാനിക്കൽ അച്ചൻ രോഗാവസ്ഥയിലാണെങ്കിലും അച്ചന്റെ നിർദേശങ്ങൾ ഉൾക്കൊണ്ട് ചങ്ങനാശേരിയിലെ നവീകരണ പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവ് നയിച്ചുകൊണ്ടിരിക്കുന്നു. മെന്റർമാരുടെ ഉത്സാഹത്തോടെയുള്ള പ്രവർത്തനങ്ങൾ മൂലം LSS 5-ാംബാച്ച് തീക്ഷ്ണതയുള്ളവരെ ഉൾപ്പെടുത്തി മുമ്പോട്ടു പോകുന്നു. ZOOM പ്ലാറ്റ്ഫോമിൽ നടന്ന കോമൺ ഗ്രൂപ്പ് 7 മോഡ്യൂൾ പൂർത്തിയാക്കി. LSS വിജയകരമായി ചെയ്ത എൺപതോളം പേരെ ഉൾപ്പെടുത്തി 8 ഗ്രൂപ്പുകൾ ആരംഭിച്ചു. പ്രാർത്ഥനാ ഗ്രൂപ്പുകൾ ഓൺലൈൻ വിട്ട് ഓഫ്ലൈനിൽ നടത്തുവാൻ തുടങ്ങി. മധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും സഹോദരിമാർ ഓൺലൈനിൽ ഒരുമിച്ചു കൂടുന്നു. അതിരൂപതയുടെ 100 മേനി പ്രോഗ്രാമിലും കരിസ്മാറ്റിക് പ്രവർത്തകർ സജീവമായിരുന്നു.

നവീകരണമുന്നേറ്റത്തെ നയിക്കുന്ന പരിശുദ്ധാത്മാവിന്റെ വരദാനങ്ങളെക്കുറിച്ചു ബോധ്യം ലഭിക്കുവാനും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകുവാനുമായി വരദാന ധ്യാനം മെയ് 22, 23 ദിവസങ്ങളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കുളത്തുവയൽ NRC ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായ സിസ്റ്റർ എൽസീനയുടെ നേതൃത്വത്തിലാണ് ധ്യാനം നടക്കുക.

രജിസ്റ്റർ ചെയ്യാനായി വിളിക്കുക 9495524890, 9207081964

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
(കോർഡിനേറ്റർ)

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
(ആനിമേറ്റർ)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

188

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



# ക്രിസ്തീയജീവിതവും മനുഷ്യബന്ധങ്ങളും

(തിരുവചനഭാഗം: റോമാ 14,1-23)

വിശ്വാസത്തിൽ ദുർബലരായവരെയും പുതുതായി വിശ്വാസം സ്വീകരിച്ചെത്തുന്നവരുടെ അറിവില്ലായ്മയെയും സ്നേഹത്തോടെയും ബഹുമാനത്തോടെയും നേരിടണമെന്നു ശ്ലീഹാ ഉപദേശിക്കുന്നു. ഈ തിരുവചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. പരസ്പരം വിധിക്കാതിരിക്കുക (14,1-4)
2. കർത്താവിനുവേണ്ടി ജീവിക്കുക (14,5-9)
3. ദൈവതിരുമുമ്പിൽ വ്യാപരിക്കുക (14,10-12)
4. മനഃസാക്ഷിയെ മാനിക്കുക (14,13-18)
5. വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുക (14,19-23)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. പരസ്പരം വിധിക്കാതിരിക്കുക

*"വിശ്വാസത്തിൽ ഉറപ്പില്ലാത്തവനെ സ്വീകരിക്കുവിൻ; അത് അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ചു തർക്കിക്കാനാകരുത്. ഒരുവൻ തനിക്ക് എന്തും ഭക്ഷിക്കാമെന്നു വിശ്വസിക്കുന്നു. ദുർബലനായ മറ്റൊരുവനാകട്ടെ, സസ്യം മാത്രം ഭക്ഷിക്കുന്നു. ഭക്ഷിക്കുന്നവൻ ഭക്ഷിക്കാത്തവനെ നിന്ദിക്കരുത്; ഭക്ഷിക്കാത്തവൻ ഭക്ഷിക്കുന്നവനെ വിധിക്കുകയുമരുത്. എന്തെന്നാൽ, ദൈവം അവനെ സ്വീകരിച്ചിരിക്കുന്നു. മറ്റൊരാളുടെ സേവകനെ വിധിക്കാൻ നീ ആരാണ്? സ്വന്തം യജമാനന്റെ സന്നിധിയിലാണ് അവൻ നിൽക്കുകയോ വീഴുകയോ ചെയ്യുന്നത്. അവനെ താങ്ങിനിർത്താൻ യജമാനനു കഴിവുള്ളതുകൊണ്ട് അവൻ നിൽക്കുകതന്നെ ചെയ്യും"* (14,1-4).

റോമിലെ സഭയിൽ നിലനിന്നിരുന്ന ഏതെങ്കിലും അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ച് കേട്ടറിഞ്ഞതിന്റെ വെളിച്ചത്തിലാകാം വി. പൗലോസ് പരസ്പരം വിധിക്കരുത് എന്ന ഉപദേശം നൽകുന്നത്. വിശ്വാസത്തിൽ ദുർബലരായവരെയും പുതുതായി വിശ്വാസം സ്വീകരിച്ചവരുടെ അറിവില്ലായ്മയെയും പരിഹസിക്കുന്നവരെയുമാകാം പൗലോസ് ശ്ലീഹാ ഇവിടെ വിമർശിക്കുന്നത്. യഹൂദ

ക്രൈസ്തവരും വിജാതീയക്രൈസ്തവരും തമ്മിലുള്ള തർക്കമാണോ ഇവിടുത്തെ പ്രതിസന്ധിക്കു കാരണമെന്നു സംശയിക്കാൻ കാരണമുണ്ട്. ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ചുള്ള തർക്കം യഹൂദരും വിജാതീയരും തമ്മിൽ ആദിമ സഭയിൽ നിരന്തരം സംഭവിച്ചിരുന്നതാണ്. നിയമത്തിന്റെ ബന്ധനത്തിൽ നിന്നു വിമുക്തരാക്കപ്പെട്ട ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം യഹൂദനിയമത്തിലെ ശുദ്ധാശുദ്ധഭക്ഷണവ്യത്യാസം പാലിക്കാൻ ബാധ്യതയില്ലായെന്നാണ് പൗലോസ് ശ്ലീഹാ വാദിക്കുന്നത്. ദുർബലർ എന്ന് പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് വിജാതീയക്രൈസ്തവരെയും അവരെ വിധിക്കുന്നവരായി കുറ്റപ്പെടുത്തുന്നത് യഹൂദക്രൈസ്തവരെയുമാകാം.

സഭാസമൂഹത്തിൽ അഭിപ്രായവ്യത്യാസങ്ങളും നിലപാടുവ്യത്യാസങ്ങളും ഉണ്ടാവുക സ്വാഭാവികമാണ്. അപ്രകാരമുള്ള സാഹചര്യങ്ങളിൽ അവരെ എതിരാളികളായി കാണാതെ, മനസ്സിലാക്കുന്ന സ്നേഹത്തോടെ നേരിടാൻ നമുക്കു കഴിയണം. ആരെയും വിധിക്കരുത് എന്നുള്ളത് ഗിരിപ്രഭാഷണത്തിൽ ഈശോ നൽകുന്ന അടിസ്ഥാനപരമായ നിർദേശമാണ്: ''വിധിക്കപ്പെടാതിരിക്കാൻ നിങ്ങളും വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നുകിട്ടും'' (മത്താ 7,1-3). ഒരാളെ വിധിക്കുന്നത് അയാളെ വധിക്കുന്നതിനു തുല്യമാണെന്നു പറയാം. കാരണം, അയാളുമായി തുറവിയോടെ ബന്ധപ്പെടുവാനും അയാളുമായി ശരിയായ സ്നേഹബന്ധം സ്ഥാപിക്കുവാനും സാധിക്കാതെവരും. അതുകൊണ്ട് വിധിയെല്ലാം ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട്, വ്യത്യസ്ത അഭിപ്രായങ്ങളും നിലപാടുകളുമുള്ളവരെ, മനസ്സിലാക്കുന്ന സ്നേഹംകൊണ്ട് നേരിടാൻ നാം പരിശ്രമിക്കണം. സഭാസമൂഹത്തിൽ ഇപ്രകാരമുള്ള ബന്ധങ്ങൾ വളർത്താൻ അജപാലകർ ശ്രദ്ധിക്കണം.

## 2. കർത്താവിനുവേണ്ടി ജീവിക്കുക

*''ഒരുവൻ ഒരു ദിവസത്തെ മറ്റൊരു ദിവസത്തെക്കാൾ വിലമതിക്കുന്നു. വേറൊരുവൻ എല്ലാ ദിവസങ്ങളെയും ഒരുപോലെ മതിക്കുന്നു. ഓരോരുത്തർക്കും താന്താങ്ങളുടെ മനസ്സിൽ ഉത്തമബോധ്യമുണ്ടായിരിക്കട്ടെ. ഏതെങ്കിലും ദിവസം ആചരിക്കുന്നവൻ കർത്താവിന്റെ സ്തുതിക്കായി അത് ആചരിക്കുന്നു. ഭക്ഷിക്കുന്നവൻ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുന്നതുകൊണ്ട് കർത്താവിന്റെ സ്തുതിക്കായി ഭക്ഷിക്കുന്നു. ഭക്ഷണം ഉപേക്ഷിക്കുന്നവൻ കർത്താവിന്റെ സ്തുതിക്കായി അതുപേക്ഷിക്കുകയും ദൈവത്തിനു കൃതജ്ഞതയർപ്പിക്കുകയും ചെയ്യുന്നു. നമ്മിലാരും തനിക്കുവേണ്ടി ജീവിക്കുന്നില്ല; തനിക്കുവേണ്ടി മാത്രം മരിക്കുന്നുമില്ല. നാം ജീവിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി ജീവിക്കുന്നു; മരിക്കുന്നുവെങ്കിൽ കർത്താവിനു സ്വന്തമായി മരിക്കുന്നു. ആകയാൽ, ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്. എന്തെന്നാൽ, മരിച്ചവരുടെയും ജീവിക്കുന്നവരുടെയും കർത്താവായിരിക്കുന്നതിനുവേണ്ടിയാണ് മിശിഹാ മരിച്ചതും പുനർജീവിച്ചതും''* (14,5-9).

ഇവിടെ പരാമർശിക്കുന്ന ദിവസങ്ങളുടെ സവിശേഷതയെക്കുറിച്ചുള്ള തർക്കം വിജാതീയർ അനുഷ്ഠിച്ചിരുന്ന സവിശേഷമായ ചില ദിനങ്ങളെയും

കാലങ്ങളെയും സൂചിപ്പിക്കുന്നതാണ്. നമ്മുടെ നാട്ടിലെ രാഹുകാലം, ശനിദശ, വെള്ളിയാഴ്ചപ്രശ്നം തുടങ്ങിയ ആചാരങ്ങൾപോലെ റോമിലെ വിജാതീയ ക്രൈസ്തവരുടെയിടയിലും പഞ്ചാംഗാധിഷ്ഠിതമായ ചില ആചാരങ്ങൾ ഉണ്ടായിരുന്നതായി അനുമാനിക്കാം. യഹൂദരുടെ സാബത്താചരണത്തെക്കുറിച്ചുള്ള തർക്കവും ഇവിടെ പരോക്ഷമായി സൂചിപ്പിക്കപ്പെടുന്നുണ്ടെന്നു കരുതാം. ഈ പശ്ചാത്തലത്തിൽ പൗലോസ് ശ്ലീഹാ നൽകുന്ന ഉത്തരം ലളിതമാണ്: 'എന്തു ചെയ്യുമ്പോഴും ദൈവമഹത്ത്വത്തിനും അവിടുത്തേക്കു നന്ദിയർപ്പിച്ചുകൊണ്ടു ചെയ്യുക.' അതായത് ദൈവമഹത്ത്വവും അവിടുത്തേക്കു നന്ദിപറയുന്നതുമാണ് ക്രൈസ്തവരെ സംബന്ധിച്ച് പ്രസക്തമായിട്ടുള്ളത്. മറ്റു തർക്കങ്ങളൊന്നും വിശ്വാസികളുടെയിടയിൽ പാടില്ല. ഇക്കാര്യത്തിൽ അജപാലകർ പ്രത്യേകം ശ്രദ്ധിക്കുകയും അജഗണങ്ങൾക്കുവേണ്ട നിർദേശം നൽകുകയും ചെയ്യണം.

ഒരു മനുഷ്യനും ഒറ്റപ്പെട്ടു ജീവിക്കാൻ സാധിക്കുകയില്ല. മാനുഷികമായ തലത്തിൽ അവൻ മാതാപിതാക്കന്മാരിൽനിന്നും ലഭിച്ച പൈതൃകവുമായിട്ടാണ് ജീവിക്കുന്നത്. അതുപോലെതന്നെ അവരിൽനിന്നും ജനിക്കുന്ന മനുഷ്യരുമായുള്ള ബന്ധത്തിലും ജീവിക്കണം. വിവാഹിതരും അവിവാഹിതരും ഈ സാമൂഹ്യസ്വഭാവമുള്ളവരാണ്. അതുകൊണ്ട് മനുഷ്യൻ അടിസ്ഥാനപരമായി ഒരു സാമൂഹ്യജീവിയാണ്, മറ്റുള്ളവരുമായി ബന്ധപ്പെട്ടും അവർക്കുവേണ്ടിയും ജീവിക്കുകയെന്നതു മനുഷ്യജീവിതത്തിന്റെ അടിസ്ഥാനപരമായ സ്വഭാവമാണ്. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻ മാമ്മോദീസായിലൂടെ മിശിഹായിൽ ജീവിക്കുന്നവനാണ്. മിശിഹായിലൂടെ ലോകം സൃഷ്ടിക്കപ്പെട്ടതുകൊണ്ടും (യോഹ 1,3) മിശിഹാ ലോകരക്ഷകനായതുകൊണ്ടും (യോഹ 4,42) അവൻ മനുഷ്യകുലത്തോടു മുഴുവൻ മിശിഹായിൽ ബന്ധപ്പെട്ടവനുമാണ്. അതുകൊണ്ട് ക്രൈസ്തവവിശ്വാസികൾ കർത്താവായ മിശിഹായ്ക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യേണ്ടവരാണ്. മിശിഹായിലുള്ള വിശ്വാസം നാം പ്രായോഗികമാക്കേണ്ടത്, അവിടുത്തേയ്ക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തുകൊണ്ടാണ്. അജപാലകർക്കും അജഗണങ്ങൾക്കും ഇതു പ്രസക്തമാണ്.

## 3. ദൈവതിരുമുമ്പിൽ വ്യാപരിക്കുക

*''നീ എന്തിനു നിന്റെ സഹോദരനെ വിധിക്കുന്നു? അഥവാ നീ എന്തിനു നിന്റെ സഹോദരനെ നിന്ദിക്കുന്നു? നാമെല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിൻമുമ്പാകെ നിൽക്കേണ്ടവരാണല്ലോ. ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: എല്ലാ മുട്ടുകളും എന്റെ മുമ്പിൽ മടങ്ങും; എല്ലാ നാവുകളും ദൈവത്തെ പുകഴ്ത്തുകയും ചെയ്യുമെന്നു കർത്താവു ശപഥപൂർവം അരുളിച്ചെയ്യുന്നു. ആകയാൽ, നാം ഓരോരുത്തരും ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടിവരും''* (14,10-12).

ദൈവതിരുമുമ്പിലെ ന്യായവിധിയെപ്രതി മറ്റുള്ളവരെ വിധിക്കുന്നതിൽനിന്നും വിട്ടുനിൽക്കാനാണ് പൗലോസ് ശ്ലീഹാ ആവശ്യപ്പെടുന്നത്. എല്ലാ മുട്ടും മടങ്ങുന്ന ദൈവത്തിന്റെ ന്യായാസനത്തെക്കുറിച്ച്, ഏശ 45,23 ഉദ്ധരിച്ചുകൊണ്ട്, ശ്ലീഹാ അവരെ ഓർമിപ്പിക്കുന്നു. വിധിയാളനായി പൗലോസ് കരുതുന്നത്

മിശിഹായെയാണ്. സമാനമായ ചിന്ത യഹൂദരുടെയിടയിൽ ഉണ്ടായിരുന്നു (സങ്കീ 2,72). പൗലോസ് ശ്ലീഹാ അതിനു പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ''ദൈവത്തിന്റെ മുമ്പാകെയും ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാനിരിക്കുന്ന ഈശോമിശിഹായുടെ മുമ്പാകെയും അവന്റെ ആഗമനത്തിന്റെയും രാജ്യത്തിന്റെയും പേരിൽ ഞാൻ നിന്നെ ഇപ്രകാരം ചുമതലപ്പെടുത്തുന്നു'' എന്നുപറഞ്ഞ് തിമോത്തിയെ പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നുണ്ട് (2 തിമോ 4,1). ഓരോ വിശ്വാസിയും തന്റെ സകലപ്രവൃത്തികളുടെയും കണക്ക് ഈശോയുടെ മുമ്പിൽ സമർപ്പിക്കേണ്ടിവരും എന്നതിനാൽ മറ്റുള്ളവരെ വിധിക്കുന്നതിൽനിന്നു വിട്ടുനില്ക്കണം.

ഈശോമിശിഹായിലായിരിക്കുന്നവർക്കു ശിക്ഷാവിധിയില്ലായെന്നു ശ്ലീഹാ പറയുന്നുണ്ട് (റോമാ 8,1). മറ്റുള്ളവരെ വിധിക്കുന്നവനു ശിക്ഷാവിധിയുള്ളതുകൊണ്ട് അവർ ഈശോയിലല്ല എന്നാണ് വി. പൗലോസ് അർത്ഥമാക്കുന്നത്. അതേസമയം വിശ്വാസികളുടെ ഇടയിലെ തർക്കങ്ങൾക്കു വിശ്വാസികളുടെ സമൂഹംതന്നെ തീർപ്പു കല്പ്പിക്കണമെന്നു പൗലോസ് ശ്ലീഹാ പറയുന്നുമുണ്ട് (1 കോറി 6,1–8). അതുകൊണ്ട് നൈയാമികമായ നിയമവ്യവസ്ഥിതിയും വിധിയും ക്രൈസ്തവർക്കു നിഷിദ്ധമല്ല. അതേസമയം സ്നേഹത്തിനും ഐക്യത്തിനും ഹാനികരമാകത്തക്കവിധമുള്ള കുറ്റാരോപണങ്ങളെയാണ് പൗലോസ് ശ്ലീഹാ നിരുത്സാഹപ്പെടുത്തുന്നത്. അതോടൊപ്പം ദൈവതിരുമുമ്പിലുള്ള വിധി മിശിഹായോടൊപ്പമാണെന്ന വസ്തുതയും ശ്ലീഹാ അനുസ്മരിപ്പിക്കുന്നു. അതായത് മിശിഹായിൽ ജീവിക്കുന്നവർക്ക് അന്ത്യവിധിയിൽ മിശിഹായുടെ രക്ഷാകരസാന്നിദ്ധ്യം ഉണ്ടായിരിക്കും. അതുകൊണ്ട്, മറ്റുള്ളവരെ വിധിക്കുന്നതിൽനിന്നും വിട്ടുനിന്നുകൊണ്ട്, മിശിഹായിൽ സ്നേഹജീവിതം നയിക്കാൻ വിശ്വാസികൾക്കു സാധിക്കണം. ഇക്കാര്യത്തിൽ അജപാലകർ വിശ്വാസികൾക്ക് ആവശ്യമായ ഉദ്ബോധനങ്ങൾ നല്കണം.

### 4. മനഃസാക്ഷിയെ മാനിക്കുക

*''തന്മൂലം, മേലിൽ നമുക്കു പരസ്പരം വിധിക്കാതിരിക്കാം. സഹോദരന് ഒരിക്കലും മാർഗതടസ്സമോ ഇടർച്ചയോ സൃഷ്ടിക്കുകയില്ല എന്നു നിങ്ങൾ പ്രതിജ്ഞ ചെയ്യുവിൻ. സ്വതേ അശുദ്ധമായി ഒന്നുമില്ലെന്നു കർത്താവായ ഈശോയിലുള്ള വിശ്വാസംവഴി ഞാൻ അറിയുകയും എനിക്കു ബോധ്യപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഒരു വസ്തു അശുദ്ധമാണെന്നു കരുതുന്നവന് അത് അശുദ്ധമായിരിക്കും. ഭക്ഷണം നിമിത്തം നിന്റെ സഹോദരന്റെ മനസ്സു വിഷമിക്കുന്നെങ്കിൽ നിന്റെ പെരുമാറ്റം സ്നേഹത്തിനു ചേർന്നതല്ല. മിശിഹാ ആർക്കുവേണ്ടി മരിച്ചുവോ അവനെ നിന്റെ ഭക്ഷണംകൊണ്ടു നശിപ്പിക്കരുത്. അതിനാൽ, നിങ്ങളുടെ നന്മ തിന്മയായി നിന്ദിക്കപ്പെടാതിരിക്കട്ടെ. കാരണം, ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്. ഇപ്രകാരം മിശിഹായെ ശുശ്രൂഷിക്കുന്നവൻ ദൈവത്തിനു സ്വീകാര്യനും മനുഷ്യർക്കു സുസമ്മതനുമാണ്''* (14,13–18).

എല്ലാ ഭക്ഷണസാധനങ്ങളും വിശുദ്ധമാണ് എന്ന പ്രഖ്യാപനം ആദിമ

സഭയുടെ വിശ്വാസത്തിന്റെ ഭാഗമായിരുന്നു (മത്താ 15,11,17-20; അപ്പ 10,15,28; തീത്തോ 1,15). യഹൂദരുടെ ശുദ്ധാശുദ്ധിയെക്കുറിച്ചുള്ള വിയോജിപ്പ് എന്നനിലയിൽ മാത്രമേ ഈ വിശ്വാസത്തെ കരുതാനാവൂ. അല്ലാതെ സകലഭക്ഷണങ്ങളും ശുദ്ധമാണ് എന്നതു ക്രിസ്തീയവിശ്വാസത്തിന്റെ ഭാഗമായിരുന്നില്ല. അതിനാലാണ് പൗലോസ് ശ്ലീഹാ ഭക്ഷണത്തെക്കുറിച്ചുള്ള തർക്കത്തെ മനസ്സാക്ഷിയുടെ തീരുമാനത്തിനു വിടുന്നത് (14,14). വിശ്വാസവളർച്ചയുടെ ഭാഗമായി പുതിയ കാഴ്ചപ്പാടുകളുമായി ഒത്തുപോകുന്നതിനു സാവകാശവും വിവേചനവും ആവശ്യമുണ്ട് എന്ന അജപാലനപരമായ തിരിച്ചറിവാണ് വി. പൗലോസിനെ ഇപ്രകാരമൊരു നിലപാടിൽ എത്തിച്ചത്. സഹോദരന്റെ മനസ്സു വേദനിപ്പിക്കുന്നതും സ്നേഹത്തിനു ഭംഗം വരുത്തുന്നതുമാണെങ്കിൽ നമ്മുടെ നിലപാടുകളിൽ വിട്ടുവീഴ്ചവരുത്തണമെന്ന നിലപാടാണ് പൗലോസിനുള്ളത്.

ഈ സന്ദർഭത്തിൽ പൗലോസ് ശ്ലീഹാ ദൈവരാജ്യത്തെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. ദൈവരാജ്യം എന്ന വാക്ക് വി. പൗലോസിന്റെ ലേഖനങ്ങളിൽ കുറവാണെങ്കിലും സഭയും ദൈവരാജ്യവും തമ്മിലുള്ള ബന്ധം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ മറ്റുരീതിയിൽ കാണാം. പാപത്തിന്റെ ഭരണക്രമത്തിനെതിരെയുള്ള, വരപ്രസാദത്തിന്റെ ഭരണത്തെയാണ് പൗലോസ് ശ്ലീഹാ ദൈവരാജ്യമെന്ന് വിവക്ഷിക്കുന്നത് (ഗലാ 5,12-21). ദൈവരാജ്യത്തെ കേവലം ആത്മീയയാഥാർത്ഥ്യമാക്കിയല്ല പൗലോസ് ശ്ലീഹാ അവതരിപ്പിക്കുന്നത്. നീതി, സമാധാനം, സന്തോഷം, പരിശുദ്ധാത്മാവ് എന്നീ പദങ്ങളാണ് ദൈവരാജ്യത്തിന്റെ സ്വഭാവം നിർണയിക്കാനായി പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്. ദൈവം ഭരിക്കുന്ന വ്യവസ്ഥിതി തന്നെയാണ് ദൈവരാജ്യം എന്നതുകൊണ്ട് വി. പൗലോസ് വിവക്ഷിക്കുന്നത്. അനാവശ്യവിവാദങ്ങളിലൂടെ, മിശിഹായുടെ ബലിയർപ്പണത്തിലൂടെ കരഗതമായ രക്ഷയെ നിഷ്ഫലമാക്കരുതെന്നാണ് പൗലോസ് ശ്ലീഹാ ഇവിടെ അർത്ഥമാക്കുന്നത്. സഭാസമൂഹത്തിൽ മിശിഹാ നൽകിയ സമാധാനത്തിനും സ്നേഹത്തിനും ഭംഗംവരുത്താതെ, എല്ലാവരുടെയും മനഃസാക്ഷിയെ മാനിച്ചുകൊണ്ട് ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

## 5. വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുക

*''ആകയാൽ, സമാധാനത്തിനും പരസ്പരോത്കർഷത്തിനും ഉതകുന്നവ നമുക്ക് അനുവർത്തിക്കാം. ഭക്ഷണത്തിന്റെ പേരിൽ നിങ്ങൾ ദൈവത്തിന്റെ പ്രവൃത്തി നിഷ്ഫലമാക്കരുത്. എല്ലാ വസ്തുക്കളും ശുദ്ധമാണ്. എന്നാൽ, അപരനു വീഴ്ചയ്ക്കു കാരണമാകത്തക്കവിധം ഭക്ഷിക്കുന്നവന് അതു തിന്മയായിത്തീരുന്നു. മാംസം ഭക്ഷിക്കാതെയും വീഞ്ഞു കുടിക്കാതെയും നിന്റെ സഹോദരനു പാപകാരണമാകുന്നതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലത്. ഇക്കാര്യത്തിലുള്ള നിന്റെ വിശ്വാസം ദൈവസന്നിധിയിൽ പരിരക്ഷിക്കുക. താൻ അംഗീകരിക്കുന്ന കാര്യങ്ങളിൽ മനഃസാക്ഷി കുറ്റപ്പെടുത്താത്തവൻ ഭാഗ്യവാനാണ്. സംശയത്തോടെ ഭക്ഷിക്കുന്നവൻ ശിക്ഷിക്കപ്പെടും. എന്തെന്നാൽ, വിശ്വാസമനുസരിച്ചല്ല അവൻ പ്രവർത്തിക്കുന്നത്. വിശ്വാസത്തിൽ നിന്നല്ലാതെ ഉത്ഭവിക്കുന്നതെന്തും പാപമാണ്''* (14,19-23).

വിശ്വാസമാണ് ദൈവവും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെയും അതിനനുസൃതമായ ജീവിതത്തിന്റെയും അടിസ്ഥാനം. വിശ്വാസത്തിനു പല മാനങ്ങളുണ്ട്. ഒന്ന്, ദൈവത്തെ വിശ്വസിക്കുക; ദൈവം തെറ്റുപറ്റാത്തവനാണ് എന്ന് അംഗീകരിക്കുന്ന വിശ്വാസം. രണ്ട്, ദൈവത്തിന്റെ സവിശേഷതകളെല്ലാം മനസ്സിലാക്കി ബൗദ്ധികതലത്തിൽ ദൈവത്തെ അംഗീകരിക്കുന്ന വിശ്വാസം. മൂന്ന്, ദൈവത്തിൽ ആശ്രയം വയ്ക്കുന്ന വിശ്വാസം. നാല്, ജീവിതം മുഴുവനും ദൈവത്തിനു സമർപ്പിച്ചുകൊണ്ടും, ദൈവവുമായി സ്നേഹബന്ധം സ്ഥാപിച്ചു കൊണ്ടും ദൈവഹിതാനുസൃതം ജീവിച്ചുകൊണ്ടുമുള്ള വിശ്വാസം. ഈ മാന ദണ്ഡങ്ങളെല്ലാം ഉൾക്കൊള്ളുന്ന ജീവിതമാണ് വിശ്വാസജീവിതം. ഈ ദൈവം മിശിഹായുടെ രക്ഷാപ്രവർത്തനത്തിലൂടെ സ്വയം വെളിപ്പെടുത്തി എന്നംഗീക രിച്ചുകൊണ്ട് മിശിഹായിൽ വിശ്വസിക്കുന്നതാണ് ക്രിസ്തീയവിശ്വാസം. ഈ വിശ്വാസമാണ് ക്രിസ്തീയജീവിതത്തിന് അടിസ്ഥാനമായിത്തീരേണ്ടത്.

ഈ വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സാക്ഷി കുറ്റപ്പെടുത്താത്തവിധം ജീവിക്കുന്നതാണ് വിശുദ്ധി. ''മനസ്സാക്ഷി കുറ്റപ്പെടുത്താത്തവൻ ഭാഗ്യവാൻ'' എന്ന പ്രസ്താവന സങ്കീ 32,1-2 നെ അടിസ്ഥാനമാക്കിയുള്ളതാണ്. 'ഭാഗ്യ വാൻ' എന്ന സൗഭാഗ്യാശംസ ഗിരിപ്രഭാഷണത്തിലെ സുവിശേഷഭാഗ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ് (മത്താ 5,3-11). അപ്രകാരം വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുവാൻ ക്രൈസ്തവർക്കു കഴിയണം. അതേസമയം ചഞ്ചലമനസ്സ് വിശ്വാസത്തിനു വിരുദ്ധവും ശിക്ഷാർഹവുമാണ്. അപ്രകാരം ചഞ്ചലമനസ്സുള്ളവർ സമൂഹത്തിലുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഉണ്ടെങ്കിൽ അവരെ പരിഗണിക്കുവാനും സഹായിക്കുവാനും വിശ്വാസികൾക്കു കടപ്പാ ടുണ്ട്. വിശ്വാസത്തിൽ ഉറപ്പുള്ളവൻ വിശ്വാസത്തിൽ ചഞ്ചലമനസ്കരായവരെ പരിഗണിക്കുകയും സഹായിക്കുകയും ചെയ്യണം. അപ്രകാരം വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുവാനാണ് പൗലോസ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. ഇപ്രകാരം ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ പ്രോത്സാഹിപ്പിക്കണം.

## ജീവിതസൂചിക

1. മനസ്സിലാക്കുന്ന സ്നേഹം ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ വിശ്വാസി കളെ പ്രേരിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. കർത്താവിനുവേണ്ടി ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. മറ്റുള്ളവരെ വിധിക്കാതെ മിശിഹായിൽ സ്നേഹജീവിതം നയിക്കാൻ ശ്ര മിക്കുകയും അപ്രകാരം ജീവിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യു ന്നുണ്ടോ?
4. മറ്റുള്ളവരുടെ മനഃസ്സാക്ഷിയെ മാനിക്കുന്ന ഒരു ജീവിതമാണോ ഞാൻ നയി ക്കുന്നത്?
5. വിശ്വാസത്തിലും വിശുദ്ധിയിലും ജീവിക്കുവാനും അപ്രകാരം ജീവിക്കാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുവാനും എനിക്കു സാധിക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച് 2023**

27 രാവിലെ ആറുമാനൂർ മംഗളവാർത്ത ദൈവാലയത്തിൽ ഊഴികാട്ട് ബഹു. മാത്യു അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമങ്ങൾക്കു നേതൃത്വം നൽകുകയും അനുശോചനമറിയിച്ചു സംസാരിക്കുകയും ചെയ്തു.

28 ഉച്ചകഴിഞ്ഞ് ചുങ്കപ്പാറ ലിറ്റിൽ ഫ്ളവർ ഇടവകാംഗമായ പ്രൊഫസർ ജോർജ് സെബാസ്റ്റ്യൻ വെമ്പേയിനിയുടെ മൃതസംസ്കാരശുശ്രൂഷയുടെ വീട്ടിലെശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനത്തിനുള്ള സൗകര്യങ്ങൾ നിരീക്ഷിച്ചു.

29 രാവിലെ അതിരൂപതാകേന്ദ്രത്തിൽ നടന്ന ചങ്ങനാശേരി അസംപ്ഷൻ കോളേജിന്റെ ജനറൽബോഡി മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശേരി എസ്.ബി. കോളേജിൽ നടന്ന ബെർക്ക്മെൻസ് അവാർഡ്ദാനചടങ്ങിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചകഴിഞ്ഞ് കുരിശുംമൂട് മീഡിയ വില്ലേജിലെ പുതിയ തിയറ്റർ വെഞ്ചരിച്ചു.

30 പാമ്പാടി സെന്റ് ജോൺ ഓഫ് ഗോഡ് സ്പെഷ്യൽ സ്കൂൾ ചാപ്പലിൽ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. തുടർന്നു നടന്ന രജതജൂബിലി സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി എസ്.എച്ച്. ഹയർസെക്കൻഡറി സ്കൂളിൽ ഈ വർഷം സ്കൂളിൽനിന്ന് വിരമിക്കുന്ന അധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. മാമ്പുഴക്കരി കുട്ടനാട് വികസനസമിതിയുടെ ഓഫീസിൽ നടന്ന KRRIS ന്റെ മീറ്റിങ്ങിൽ പങ്കെടുത്തു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന ദൈവവിളിക്യാമ്പിലെ കുട്ടികളോടു സംസാരിച്ചു.

31 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ മരിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും പുരോഹിതർക്കുംവേണ്ടി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ശേഷം കബറടക്കപള്ളിയിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് കരിവള്ളിക്കാട് കുരിശുമല തീർത്ഥാടനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

**ഏപ്രിൽ 2023**

01 രാവിലെ ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രലിൽ ദിവംഗതനായ അഭി. സ്റ്റീഫൻ അത്തിപൊഴിയിൽ പിതാവിന്റെ ഒന്നാം ചരമവാർഷികത്തിന്റെ

ഭാഗമായി നടന്ന പരി. കുർബാനയിൽ സഹകാർമികനാവുകയും കബറിടത്തിൽ ഒപ്പീസുപ്രാർത്ഥനയ്ക്കു മുഖ്യകാർമികനാവുകയും ചെയ്തു.

02 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ഓശാനഞായർ തിരുക്കർമങ്ങൾക്കു മുഖ്യകാർമികനായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. അതിനുശേഷം നടന്ന ഇടവക പൊതുയോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ആലപ്പുഴ മൗണ്ട് കാർമൽ കത്തീഡ്രലിൽ സംയുക്ത കുരിശിന്റെ വഴിക്കു പ്രാരംഭസന്ദേശം നൽകി.

06 വൈകുന്നേരം ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പെസഹാവ്യാഴ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

07 വൈകുന്നേരം കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ പീഡാനുഭവവെള്ളിയുടെ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ച് വചനസന്ദേശം നൽകി.

08 വൈകുന്നേരം ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വലിയശനിയാഴ്ചയുടെ കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ച് വചനസന്ദേശം നൽകി.

09 വെളുപ്പിനെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ഉയിർപ്പുതിരുനാൾ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ച് വചനസന്ദേശം നൽകി.

10 രാവിലെ അതിരൂപതാഭവനത്തിൽ അതിഥികളെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കുമരകം സെന്റ് ജോൺ നെപുംസ്യാനോസ് വടക്കുംകര ദൈവാലയത്തിൽ പെരുമ്പളത്തുശ്ശേരി ബഹു. അബ്രാഹമച്ചന്റെ പിതാവ് ജോയിയുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു അനുശോചനമറിയിച്ചു സംസാരിച്ചു.

11 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടന്ന വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

12 രാവിലെ മണിമലയിൽ ളാനിതോട്ടം ബഹു. ജേക്കബച്ചന്റെ സഹോദരൻ എൽ.ജെ. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ആക്സിഡന്റിൽ മരിച്ച മണിമല ഹോളി മേജൈ ഫൊറോനാ പള്ളി ഇടവകാംഗങ്ങളും സഹോദരങ്ങളുമായ കുന്നുംപുറത്തുതാഴെ ജിസിന്റെയും ജിൻസിന്റെയും ഭവനം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. കടുവാക്കുളം ചെറുപുഷ്പ ദൈവാലയത്തിൽ ദിവ്യകാരുണ്യമിഷനറി സമൂഹാംഗമായ പൂവത്തിങ്കൽ ബഹു. സെബാസ്റ്റ്യനച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് തായങ്കരി ഇടവകാംഗമായ കൊല്ലംപറമ്പിൽ പി.ടി. ജോസഫ് സാറിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് B.Ed കോളേജിന്റെ ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

13 വൈകുന്നേരം കട്ടച്ചിറ സെന്റ് സേവ്യേഴ്സ് ദൈവാലയത്തിന്റെ കുരിശടി വെഞ്ചരിച്ചു. നാൽപ്പാത്തിമല സെന്റ് തോമസ് ദൈവാലയത്തിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു.

14 രാവിലെ നെടുങ്കുന്നം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയത്തിൽ മാർ ജോസഫ് പതാലിൽ പിതാവിന്റെ ഓർമകുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. വാഴപ്പള്ളി ആരാധനാമഠം ചാപ്പലിൽ SABS സന്യാസിനിസമൂഹാംഗമായ സിസ്റ്റർ ഗ്രേഷ്യസ് നെല്ലിക്കുഴിയിലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ അവസാനഭാഗത്തിനു കാർമികത്വം വഹിച്ചു. വൈകുന്നേരം കുമരകം സെന്റ് ജോൺ നെപുംസ്യാനോസ് വടക്കുംകര ദൈവാലയത്തിൽ കട്ടക്കയം ബഹു. മൈക്കിളച്ചന്റെ ഓർമയ്ക്കായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; മീഡിയാ റൂം വെഞ്ചരിച്ചു.

15 രാവിലെ പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽ ഒരു കുട്ടിക്കു മാമ്മോദീസാ നൽകി. തെള്ളകം പുഷ്പഗിരി ദൈവാലയത്തിൽ CMC ഭോപ്പാൽ പ്രോവിൻസിന്റെ രണ്ട് സന്യാസാർത്ഥിനികളുടെ സഭാവസ്ത്ര സ്വീകരണവും പ്രഥമവ്രതവാഗ്ദാനകർമവും നടത്തി.

16 രാവിലെ നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. രാജമറ്റം സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. വൈകുന്നേരം പൊങ്ങ മാർ സ്ലീവാ ഇടവകാംഗവും CMI സന്ന്യാസസമൂഹാംഗവുമായ കോതേരിൽ ബഹു. സന്തോഷച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ നടത്തപ്പെടുന്ന മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

17 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

19 നസ്രത്ത് സെന്റ് ജറോം ദൈവാലയത്തിൽ നടന്ന കൂട്ടുമ്മേൽ ബഹു. ജോർജ് അച്ചന്റെ സുവർണജൂബിലി ആഘോഷത്തിന്റെ ഭാഗമായുള്ള പരി. കുർബാന മധ്യേ വചനസന്ദേശം നൽകി.

20 രാവിലെ വാഴപ്പള്ളി മഠംചാപ്പലിൽ SABS സന്യാസിനി സമൂഹാഗംങ്ങളായ അഞ്ച് സന്യാസാർഥിനികളുടെ സഭാവസ്ത്രസ്വീകരണവും പ്രഥമവ്രതവാഗ്ദാനകർമവും നടത്തി. വൈകുന്നേരം കേളമംഗലം ഔർ ലേഡി ഓഫ് ഡോളേഴ്സ് ദൈവാലയത്തിൽ തിരുനാളിന് കൊടിയേറ്റുകയും പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകുകയും ചെയ്തു.

21 രാവിലെ ചങ്ങങ്കരി ബഹു. മാത്യു അച്ചന്റെ അമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വള്ളഞ്ചിറ സെന്റ് മേരീസ് പള്ളിയുടെ പാരിഷ്ഹാൾ വെഞ്ചരിച്ചു. വൈകുന്നേരം കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ വർക്ക് ക്യാമ്പിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ശേഷമുള്ള കലാപരിപാടികൾ ആസ്വദിച്ചു.

22 രാവിലെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട DCMS യുവജനക്യാമ്പംഗങ്ങളോടു സംവദിച്ചു. കുറിച്ചി MLF ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ 6 സന്ന്യസ്തരുടെ സുവർണജൂബിലീ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. വൈകുന്നേരം അരമന ചാപ്പലിൽ ഒരു കുടുംബത്തിലെ ഏഴാമത്തെ കുട്ടിക്ക് പ്രവേശകകൂദാശകൾ നൽകി.

23 രാവിലെ പാണ്ടി ഫാത്തിമമാതാ ദൈവാലയത്തിൽ നാലു കുട്ടികളുടെ ആഘോഷമായ വി. കുർബാന സ്വീകരണം നടത്തുകയും വചനസന്ദേശം നൽകുകയും ചെയ്തു. കരുവാറ്റ വടക്ക് സെന്റ് ജോസഫ് ഇടവകാംഗമായ നെടുവേലി ചാലുങ്കൽ ബഹു. കുര്യനച്ചന്റെ പിതാവ് എൻ.ഇ. വർഗീസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അരുവിത്തുറ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ വി. ഗീവർഗീസ് സഹദായുടെ തിരുനാളിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

24 രാവിലെ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട ഗ്രേയ്സ്ഫുൾ ഓൾഡ് ഏയ്ജ് ധ്യാനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മാമ്മൂട് DSFS സന്യാസിനിസമൂഹത്തിൽ ഈ വർഷം 25, 50 വർഷം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പള്ളിക്കുന്ന് സെന്റ് തോമസ് ദൈവാലയത്തിന്റെ പാരിഷ് ഹാളിൽ XIME ഇന്റർനാഷണൽ സ്കൂളിന്റെ തറക്കല്ലിടീൽ കർമം നിർവഹിച്ചു. കടുവാക്കുളം ചെറുപുഷ്പ ഇടവകാംഗമായ കെ.എം. ജോർജ് കരുവേലിത്തറയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

## മാർ തോമസ് തറയിൽ

**മാർച്ച് 2023**

24-26 ഹ്യൂസ്റ്റൺ സെന്റ് ജോസഫ് ഫൊറോനാ ദൈവാലയത്തിൽ വാർഷിക ധ്യാനം നയിച്ചു.

27 നോർത്ത് കരോലിന ലൂർദ് മാതാ ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു.

31 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ നമ്മുടെ അതിരൂപതാകുടുംബത്തിൽനിന്നും മരണമടഞ്ഞ അഭി. പിതാക്കന്മാർക്കും പുരോഹിതർക്കുംവേണ്ടി അർപ്പിച്ച പരി. കുർബാനയിൽ സഹകാർമികത്വം വഹിച്ചു. ശേഷം മർത്ത് മറിയം കബറിടപള്ളിയിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

**ഏപ്രിൽ 2023**

01 മാളിയേക്കൽ ബഹു. മാത്യു (റോണി) അച്ചന്റെ പിതാവിന്റെ ഏഴാം ചരമദിനത്തിൽ, മുട്ടാർ സെന്റ് ജോർജ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു. തുടർന്നു വീട്ടിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. മുട്ടാർ പടിയറ ജോഷി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടന്ന ദൈവവിളി ക്യാമ്പിനോടനുബന്ധിച്ച് കുട്ടികൾക്കു ക്ലാസ് നയിച്ചു. ആലഞ്ചേരി ബഹു. ഐസക് അച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു.

02 തിരുവനന്തപുരം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ ഓശാനഞായറാഴ്ചയുടെ തിരുക്കർമങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു. തുടർന്ന് കൊല്ലം-ആയൂർ ഫൊറോനയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട രാജാകൂപ്പ് കുരിശുമല തീർത്ഥാടനത്തിൽ പങ്കെടുത്തു.

03 തിരുവനന്തപുരം നിർമലഭവനിൽ പരി. കുർബാനയർപ്പിച്ചു. തുടർന്ന് സൺഡേസ്കൂൾ കുട്ടികളെയും മതാദ്ധ്യാപകരെയും കണ്ടു സംസാരിച്ചു.

04 പാങ്ങോട് CMC ആവിലഭവനിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

05 തിരുവനന്തപുരം ലൂർദ് ഫൊറോന ദൈവാലയത്തിൽ വിശ്വാസോത്സവത്തോട് അനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു കുട്ടികളോടു സംസാരിച്ചു. വൈകുന്നേരം ഉദ്യോഗസ്ഥരുടെ കൂട്ടായ്മയിൽ പങ്കെടുത്തു സംസാരിച്ചു.

06 തിരുവനന്തപുരം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ പെസഹാവ്യാഴാഴ്ചയുടെ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

07 സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന കുരിശിന്റെ വഴിയിൽ പങ്കെടുത്ത് ആമുഖപ്രഭാഷണം നൽകി. മായം സെന്റ് മേരീസ് ദൈവാലയത്തിൽ പീഡാനുഭവസന്ദേശം നൽകി. അമ്പൂരി സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ പീഡാനുഭവ വെള്ളിയാഴ്ചത്തെ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു സന്ദേശം നൽകി.

08 കഴക്കൂട്ടം ജോൺ പോൾ II യൂത്ത് സെന്ററും അസ്തോലിക് ഒബ്ലേറ്റസ് കോൺവെന്റും സന്ദർശിച്ചു. തിരുവനന്തപുരം അതിരൂപതയുടെ ആർച്ചുബിഷപ് എമിരിത്തൂസ് സൂസപാക്യം പിതാവിനെ സന്ദർശിച്ചു. കാരേറ്റുള്ള സ്നേഹതീരം സന്ദർശിച്ച് അവിടെയുള്ള അന്തേവാസികളുമായി സംസാരിച്ചു. തിരുവനന്തപുരം ലൂർദ് മാതാ എഞ്ചിനിയറിങ്ങ് കോളേജ് സന്ദർശിച്ചു.

09 ആയൂർ ക്രിസ്തുരാജാ ഫൊറോനാ ദൈവാലയത്തിൽ ഉയിർപ്പുതിരുനാൾ തിരുക്കർമങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു. ചെത്തിപ്പുഴ CMI ആശ്രമ

ത്തിൽ വിശ്രമജീവിതം നയിക്കുന്ന വൈദികരെ സന്ദർശിച്ച് അവർക്ക് ഈസ്റ്റർ ആശംസകൾ നേർന്നു.

10 ഇത്തിത്താനത്തുള്ള സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോം സന്ദർശിച്ച് ബഹു. വൈദികരോടു സംസാരിച്ചു. ഇത്തിത്താനത്തുള്ള ആശാഭവനും ചീരഞ്ചിറ യിലുള്ള ചാരിറ്റി വേൾഡും സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് പെരുമ്പളത്തുശ്ശേരി ബഹു. അബ്രാഹം അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ, ഭവനത്തിലെ കർമങ്ങൾക്കു കാർമികത്വം വഹിച്ചു. മുട്ടാർ അറക്കൽ എ.ഡി. ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ നടന്ന അതിരൂപതാ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. ലൂസമ്മ അക്കര യുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു. മെൽബൺ രൂപതയിലെ നവവൈദികൻ ബിപിൻ വേലംപറമ്പിൽ അച്ചന് ഇടവകജനം ഒരുക്കിയ അനുമോദനസമ്മേളനത്തിൽ സംബന്ധിച്ച് ആശംസകൾ അറിയിച്ചു. തുടർന്ന് നെടുംകുന്നത്ത് പുതിയ രണ്ടു ഭവന ങ്ങളുടെ വെഞ്ചരിപ്പുകർമം നടത്തി.

12 രാവിലെ മണിമലയിൽ ളാനിതോട്ടം ബഹു. ജേക്കച്ചന്റെ സഹോദരൻ എൽ.ജെ. തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ന്യൂനപക്ഷ അവകാശങ്ങളുടെ സംരക്ഷണത്തിനായി മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും വിദ്യാഭ്യാസ മന്ത്രി ശ്രീ. വി. ശിവൻകുട്ടിയെയും സന്ദർശിച്ചു.

13 പുനലൂരിലുള്ള ബിഷപ് ഹൗസ് സന്ദർശിച്ച് സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവിനെ കണ്ടു സംസാരിച്ചു. വിളക്കുടിയിൽ സി. തെരേസ് മരിയ SM ന്റെ നിത്യവ്രതവാഗ്ദാനശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. അടൂർ മാർ സ്ലീവാ ദൈവാലയത്തിൽ വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടി കളോടു സംസാരിച്ചു. തെക്കേക്കര സെന്റ് ജോൺസ് ദൈവാലയത്തിൽ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു സന്ദേശം നൽകിയശേഷം സിമി ത്തേരി സന്ദർശിച്ച് ഒപ്പീസുചൊല്ലി.

14 നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ തിരുനാളിനോടനു ബന്ധിച്ച് പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. വടവാതൂർ സെന്റ് തോമസ് ദൈവാലയത്തിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

15 ബഹു. സി. എസ്പിരിത്ത് SABS ന്റെ മരണവാർഷികത്തിൽ പരി. കുർബാന യർപ്പിച്ച് സന്ദേശം നൽകി.

16 അഞ്ചൽ മേരി മാതാ ഇടവകയിൽ അജപാലനസന്ദർശനം നടത്തി. തിരുവ നന്തപുരം ലൂർദ് ഇടവകയുടെ പാരിഷ് കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

17 കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന മേജർ സെമിനാരിക്കാ രുടെ വർക്ക് ക്യാമ്പിൽ പങ്കെടുത്തു. പുറക്കാട് മാർ സ്ലീവാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. പുഴവാത് സെന്റ് തോമസ് ഇടവകയിൽ ജിജി

കോട്ടക്കലിന്റെ പുതിയ ഭവനം വെഞ്ചരിച്ചു. ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ നടന്ന അതിരൂപതാ ബൈബിൾ കൺവൻഷന്റെ ഇവാലുവേഷൻ മീറ്റിങ്ങിൽ പങ്കെടുത്തു സംസാരിച്ചു.

18 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹ ഒരുക്ക ധ്യാനത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. കോട്ടയം സെന്റ് ജോസഫ് യാക്കോബായ കത്തീഡ്രൽ ദൈവാലയത്തിൽ ധ്യാനം നയിച്ചു.

19 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരി. കുർബാനയർപ്പിച്ചു. തുടർന്ന് ആശാഭവൻ സന്ദർശിച്ചു. ആക്സിഡന്റിൽ മരിച്ച മണിമല ഫൊറോനാ പള്ളി ഇടവകാംഗങ്ങളായ സഹോദരങ്ങൾ കുന്നുംപുറത്തു താഴെ ജിസിന്റെയും ജിൻസിന്റെയും ഭവനം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

20 കൊണ്ടാക്കൽ സെന്റ് ജോസഫ് ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ പരി. കുർബാന സ്വീകരണത്തോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. കൈനകരി സെന്റ് മേരീസ് ദൈവാലയത്തിൽ മേജർ സെമിനാരിക്കാരുടെ വർക്ക് ക്യാമ്പിൽ പങ്കെടുക്കുകയും അവർക്കുവേണ്ടി പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

21 ചങ്ങങ്കരി ബഹു. മാത്യു അച്ചന്റെ മാതാവിന്റെ മൃതസംസ്കാരത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്കു മുഖ്യകാർമികത്വം വഹിച്ചു. ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഇടവക ആലൂക്കാവീട്ടിൽ ജിഷ വർഗീസിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. തോട്ടുവാത്തല സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ചു പരി. കുർബാനയർപ്പിച്ചു.

22 ഫിയാത്ത് മിഷൻ സംഘടിപ്പിച്ച നാലാമത് മിഷൻ കോൺഗ്രസിൽ മതാധ്യാപകർക്കായി ക്ലാസ്സ് എടുത്തു. തുടർന്ന് കുട്ടികൾക്കായി ക്ലാസ് നയിച്ചു.

23 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ദളിത് കാത്തലിക് യൂത്ത് ലീഗിന്റെ ക്യാമ്പിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ചു. ഫിൽഗിരി ഇടവകയിൽ ചെറുകുളം കരിങ്കൽ ക്വാറിയിൽ ദുരിതമനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സമരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ബഹു. കുര്യൻ നെടുവേലി ചാലുങ്കൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.



# ENGAGEMENTS

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2023 MAY

| | | |
|---|---|---|
| 01 | 08:30 am | Blessing of Therapy Centre @ Charity World, Cheeranchira |
| | 10:00 am | First Profession of Josephine Sisters @ Villoonni |
| | 02:00 pm | KLM തൊഴിലാളിദിന റാലി |
| 02-09 | | Out of Station |
| 10-11 | | CBCI Standing Committee @ Bangalore |
| 12 | 07:00 am | Vestition & Minor Orders @ St. Thomas Minor Seminary, Kurichy |
| | 05:00 pm | Centenary Celebration@ St. Mary's, Cherukara, Kainady |
| 13 | 06:45 am | Solemn Holy Communion @ St. Thomas, Punnathura |
| | 09:30 am | Holy *Qurbana,* കൊഴിമറ്റം കുടുംബയോഗം @ Marth Mariam, Cheppumpara |
| | 04:00 pm | Blessing & Golden Jubilee Celebration of Sr. Therese Pauline SMMI @ Great Jubilee Memorial St. Alphonsa Abhabyabhavan, Arpookara |
| 14 | 07:15 am | Homily, കാവാലം കുടുംബയോഗം @ SB College Chapel, Changanacherry |
| | 10:00 am | St. Vincent de Paul Society 75 Jubilee & Athirampuzha Forane Area Council 85 Anniversary Inauguration @ St. Mary's Forane, Athirampuzha |
| | 02:30 pm | AKCC Annual Day Celebration @ St. John the Baptist's Forane, Nedumkunnam |
| | 05:00 pm | Presbytery Blessing @ St. Joseph's, Kannady |
| | 06:30 pm | 1678 –മത് സിറിയൻ ക്നാനായ വാർഷികസമ്മേളനം @ Mar Ignatius, Kurichy |
| 15 | | Academic Year Inauguration Pala Civil Service Institute Thiruvananthapuram Centre @ Lourdes Forane, Thiruvananthapuram |
| 16 | 09:00 am | Ordination, Dn. Thomas Padinjarekuttu CSsR @ St. Michael's, Thathampally |

| | | |
|---|---|---|
| | 03:00 pm | Ongoing Formation @ Archbishop House, Changanacherry |
| 17 | 09:30 am | Vestition, Final Profession, Jubilee of FDSHJ Sisters @ St. John the Baptist's Forane, Nedumkunnam |
| | 05:00 pm | Meeting with Brothers @ Marthoma Sleeha Centre, Niranam |
| 18 | 10:30 am | Silver Jubilee Celebration of St. Peter's HSS @ Kurumpanadom |
| 20 | | **അതിരൂപതാദിനം** @ St. George Forane, Muhamma |
| 21 | 06:30 am | Pastoral Visit @ St. Joseph's, Kannady |
| 22 | 11:30 am | Inauguration, **കൊഴുപ്പക്കളം കുടുംബയോഗം** @ Edathua |
| | 04:00 pm | Parish day Celebration @ Mangalavartha, Arumanoor |
| 23 | 10:00 am | CCCHI General Body Meeting @ Neendakara |
| 25 | 11:30 am | Silver Jubilee Meeting of Fr. Kandathiparampil @ St. Mary's Basilica, Champakulam |
| 26 | 09:30 am | Symposium on the Roman Journey of Mar Thomas Kurialacherry @ St. Mary's Metropolitan, Changanacherry |
| 27 | 10:15 am | Support a Child Programme Meeting @ **ആത്മതാകേന്ദ്രം** Pastoral Centre, Changanacherry |
| | 11:15 am | Marriage @ St. Mary's Metropolitan, Changanacherry |
| | 02:00 pm | Consecration of St. Joseph's, Koilmuk, Edathua |
| | 05:00 pm | Marriage @ St. George, Cheeranchira |
| 28 | 07:00 am | Pastoral Visit & Solemn Holy Communion @ Lourdes Matha, Chennamkary |

Fr. Secretary - 9447507393

❍



# ENGAGEMENTS

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2023 MAY

| | | |
|---|---|---|
| 01 | 07:30 am | Holy *Qurbana* @ Veroor, St. Joseph's |
| | 10:00 am | Talk @ Changanacherry, SB HSS |
| | 11:00 am | Marriage @ Changanacherry, St. Mary's Metropolitan |
| | 02:00 pm | KLM മെയ്ദിന സംഗമം @ Kavukattu Hall, SB College |
| 02 | 09:00 am | Class @ Punnapra, Danahalaya |
| | 05:00 pm | Therapy Centre Inauguration @ Cheeranchira |
| 03 | 11:00 am | Marriage @ Chethipuzha, Sacred Heart |
| | 02:30 pm | Class @ Punnapra, Danahalaya |
| 04 | 06:30 am | Holy *Qurbana* @ Vettickalpurayidom, St. Sebastian's |
| | 10:00 am | Vestition @ Chethipuzha, CMC Carmel Mount |
| | 12:30 pm | Betrothal @ Thrickodithanam, St. Xavier's Forane |
| | 04:30 pm | Betrothal @ Kottayam, Lourdes Forane |
| | 06:15 pm | Parish Day @ Kavalam, St. Joseph's |
| 05 | 09:00 am | Class @ Punnapra, Danahalaya |
| 06 | 07:00 am | Holy *Qurbana* @ Chenkal, Sacred Heart |
| | 10:15 am | CML Election Camp @ Kunnamthanam, ZION |
| | 11:00 am | Betrothal @ Changanacherry, St. Mary's Metropolitan |
| | 04:00 pm | Holy *Qurbana* @ Mattom, St. Thomas |
| 07 | 07:30 am | Holy *Qurbana* @ Edathua, St. George Forane |
| | 11:00 am | പവ്വത്തിൽ പിതാവ് അനുസ്മരണം @ Kunnamthanam, St. Joseph's |
| | 02:00 - 03:30 pm | Visitors |
| | 05:00 pm | Couples Meet @ Thambalakkattu, St. Thomas |
| 08 | 07:00 am | Baptism @ Champakara, St. Joseph's |
| | 11:30 am | Marriage @ Kainakary, St. Mary's |
| | 06:30 pm | Major Gathering @ Kurichy, St. Thomas Minor Seminary |
| 09 | 05:00 pm | Holy *Qurbana* @ Edappalayam, St. George |

| | | |
|---|---|---|
| 10 | 06:30 am | Holy *Qurbana* @ Puthukkary, St. Xavier's |
| | 10:30 am | Holy *Qurbana* @ Kuttikonam, Providence Home |
| 11 | 10:00 am | Talk @ Nagiarkulangara, Bethanay Balikamadom HS |
| | 06:00 pm | Talk @ Palayam, Mary Queen of Peace Basilica |
| 12 | 06:30 am | Vestition & Minor Orders @ Kurichy, St. Thomas Minor Seminary |
| | 11:30 am-01:00 pm | Visitors |
| | 02:30 pm | Class @ Punnapra, Danahalaya |
| | 07:00 pm | DISHA (Camp) @ Changanacherry, SB HSS |
| 13 | 07:00 am | Holy *Qurbana* @ Kainady, Our Lady of Dolours |
| | 10:00 am | **കുടുംബയോഗം** @ Iraviperoor |
| 14 | | Pastoral Visit @ Keshavadasapuram, Mar Geevarghese Sahada |
| | 04:00 pm | Holy *Qurbana* @ Kannady, St. Rita's |
| 15 | 07:00 am | Holy *Qurbana* @ Changanacherry, FCC Devamatha Provincial House |
| | 10:00 am | Class @ Punnapra, Danahalaya |
| 16 | 09:00 am | Holy *Qurbana* @ Vadakkumkara, St. Sebastian's |
| | | Ongoing Formation |
| | 02:30 pm | KLM **കുടുംബസംഗമം** @ Parel, St. Mary's |
| 17 | 06:30 am | Baptism @ Aruvikkuzhy, Lourdes Matha |
| | 11:00 am | Homily @ Kurichy, St. Joseph's |
| | 02:30 pm-04:00 pm | Visitors |
| 18 | 10:30 am | Holy *Qurbana* @ Pazhavangady, Mar Sleeva Forane |
| | 03:00 pm | Niranam, Marthoma Sleeha Seminary |
| 19 | 10:00 am | Talk @ Kothamangalam, Marthoma Cheriapally |
| | 06:00 pm | *Ramsa* @ Muhamma, St. George Forane |
| 20 | | **അതിരൂപതാദിനം** @ Muhamma, St. George Forane |
| 21 | | Pastoral Visit @ Thekkupara, St. Mary's |
| | 05:30 pm | Holy *Qurbana* @ Thiruvananthapuram, Lourdes Forane |
| 22 | | Engaged |
| 23 | 10:00 am | Holy *Qurbana* @ Pala, SH Provincial House |
| | 03:00 pm | Batch Gathering for New Priests |
| 24 | 06:30 pm | Bible Convention @ Pathanapuram, Mount Tabor Dayara |
| 25 | 10:30 am | Holy *Qurbana* @ Athirampuzha, St. Mary's Forane |

| | | |
|---|---|---|
| | 02:30 pm - 04:00 pm | Visitors |
| | 06:00 pm | Youth Meet @ Vaisyambhagom, St. Antony's |
| 26 | 09:30 am | Venerable Mar Thomas Kurialassery Symposium @ Changanacherry, St. Mary's Metropolitan |
| | 06:00 pm | Youth Meet @ Kunnamthanam, ZION |
| 27 | 09:00 am | Senior Citizen's Home Foundation Stone @ Punnavely |
| | 10:00 am | Marriage @ Cheruvandoor, St. Sebastian's |
| | 06:00 pm | Youth Meet @ Mammood, Lourdes Matha |
| 28 | 09:00 am | Holy *Qurbana* @ Koilmuk, St. Joseph's |
| | 05:00 pm | Parish Day @ Nedumkunnam, St. John the Baptist's Forane |
| 29 | | Engaged |
| 30 | 09:00 am | Batch Gathering |
| | 02:30 pm - 04:00 pm | Visitors |
| 31 | 06:00 pm | Holy *Qurbana* @ Kuzhikkattussery, St. Mariam Thresia |

Fr. Secretary - 8078088468



**VEDAPRACHARA MADHYASTAN VOL.95 No.11 May 2023**
Date of Publication: 30-04-2023
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



**കരുണക്കടലാം കർത്താവേ,**
**വലതുകരം നീ നീട്ടണമേ**
**അജഗണമാകും മാനവരിൽ.**
**ശ്ലീഹന്മാരോടരുളിയപോൽ**
**ലോകാന്തംവരെയെന്നാളും**
**ഞങ്ങളൊടൊത്തു വസിക്കണമേ.**

**(ഉയിർപ്പുകാലം, തിങ്കൾ റംശാ)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala. Editor: Fr Biju George Alencherry.

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org